KOTTAYAM PUBLIC LIBRARY

Call No. MF9
Mal.-0

Acc. No. 39

Author [illegible]

Title [illegible]

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഒരു പുതിയ ചിരി

78

# ഒരു പുതിയ ചിരി

(കഥകൾ)

KOTTAYAM PUBLIC LIBRARY • KOTTAYAM • KOTTAYAM.

*By*

കെ. എ. മുഹമ്മദ് മാനി

1-75

പ്രസാധകർ:

ആമിനാ ബുക്ക് സ്റ്റാൾ

തൃശ്ശൂർ-1

[MALAYALAM]

# ORU PUTHIYA CHIRI

(SHORT STORIES)

PUBLIC LIBRARY · KOTTAYAM

By

**K. A. MOHAMED MANI**

RIGHTS RESERVED

FIRST EDITION FEBRUARY, 1961

COPIES 1000

PRICE 1-75

*Publishers:*

AMINA BOOK STALL

PHONE: 787

TRICHUR-1

S. INDIA

കഥാസമാഹാരം

# ഒരു പുതിയ ചിരി

39408

എഴുതിയതു്:

കെ. എ. മുഹമ്മദ്മാനി

വില: 1-75

പ്രസിദ്ധീകരണം:

ആമിനാ ബുക്കു് സ്റ്റാൾ

(ഫോൺ: 787)

തൃശ്ശൂർ-1.

ഒന്നാംപതിപ്പ് കോപ്പി 1000
1961 ഫെബ്രുവരി

39408

റൈററ്സ് റിസർവ്വ്ഡ്

അച്ചടി:
ഗുരുദേവ പ്രിൻടിംഗ് വർക്ക്സ്, കണ്ടശ്ശാംകടവ്

## കഥകൾ

KOTTAYAM PUBLIC LIBRARY • KOTTAYAM.

റഹ്മത്ത്

എട്ടണത്തുട്ട്

നനഞ്ഞ രാവുകൾ

കിനാവു കണ്ട പെണ്ണ്

ഒരു പുതിയ ചിരി

ആർ. പി. എം. സഹോദരന്മാർക്ക്

—മാറി

MALAYALAM ... LIBRARY KOTTAYAM

# റഹ്മത്തു്.

ഏഴുവർഷങ്ങൾക്കുശേഷം, ആദ്യമായി ഇന്നു് പഴയ തുകൽപ്പെട്ടിയുടെ മൂലയിൽനിന്നും ഇളംപച്ചനിറത്തിൽ ഭംഗിയുള്ള ആ സിൽക്ക്ഷർട്ടു് ഞാൻ പുറത്തെടുത്തു.

അതിന്നു കാരണമുണ്ടു്.—

എസ്റ്റേററിൽനിന്നും ഹനീഫ എഴുതിയിരിക്കുന്നു:

"നമ്മുടെ ബാച്ചാസായ്‌വിൻെറ മകൾ റഹ്മത്തിൻെറ കല്യാണം കഴിഞ്ഞു. ആഘോഷപൂർവ്വമാണു് അതു് നടന്നതെന്നു് പറയാൻവയ്യ. ഭർത്താവിന്നു ഡൽഹിയിൽ ഏതോ ചെറിയ ഉദ്യോഗമുണ്ടു്.

കല്ല്യാണത്തിന്നു ഞാനും പോയിരുന്നു. എന്നെ കണ്ടപ്പോൾ റഹ്മത്തു് ഒരുപാടു കരഞ്ഞു. എന്നിട്ടു് നിന്നെക്കുറിച്ചന്വേഷിച്ചു. വിവരങ്ങളെല്ലാം നിന്നെ അറിയിയ്ക്കാൻ അവളെന്നോടു് പ്രത്യേകം പറയുകയുണ്ടായി. മലയാളം അറിഞ്ഞിരുന്നെങ്കിൽ അവൾതന്നെ നിനക്കെഴുതുമായിരുന്നു എന്നെന്നോടു് പറഞ്ഞപ്പോൾ,സ്നേഹിതാ എൻെറ കണ്ണുകൾ നിറഞ്ഞുപോയി.

ചടങ്ങുകളെല്ലാം കഴിഞ്ഞു് റഹ്മത്തിനേയും ഭർത്താവിനേയും യാത്രയാക്കിയ ശേഷമാണു് ഞാൻ പോന്നതു്....—"

ആ എഴുത്ത് എന്നിൽ എന്തെല്ലാം ചിന്തകളാണ് ഉണർത്തിവിട്ടതു്?........വായിച്ചു കഴിഞ്ഞപ്പോൾ എൻെറ കണ്ണുകൾ നനഞ്ഞിരുന്നു........

എൻെറ പ്രിയപ്പെട്ട അനുജത്തീ!

നീ അന്നു് കളിച്ചുപുളച്ചു നടക്കുന്ന ഒരു പെൺകുട്ടിയായിരുന്നു. ഇപ്പോൾ നിന്നിൽ വളരെവലിയ മാററങ്ങൾ ഭവിച്ചിരിക്കും, അല്ലേ—? പക്ഷെ–എനിക്കുതു ദർശിക്കാനുള്ള ഉൾക്കാഴ്ചയില്ല.

എൻെറ സഹോദരീ!

നീ അന്നും ഇന്നും എനിക്കൊരുപോലെയാണു്.

നീണ്ട ഏഴുവർഷങ്ങൾക്കുശേഷം ആദ്യമായി ആ തുകൽപ്പെട്ടി ഇന്നെൻെറ ശ്രദ്ധയിൽപ്പെട്ടു.

മുറിയുടെ മൂലയിൽനിന്നും ഞാനതു പുറത്തുകൊണ്ടുവന്നു. പൊടിപുരണ്ടു് നിറം മങ്ങിയിരിക്കുന്ന അതു് കൂടുതൽ പഴകിയതായിത്തോന്നി. വൃത്തിയായി ഞാനതു തുടച്ചിട്ടും പഴയ ചന്തം അതിന്നു കിട്ടിയില്ല. ആ ഭംഗിയും മോടിയും ഇനി അതിന്നു കിട്ടുകയില്ലേ—?

ഏഴുവഷങ്ങൾക്കുശേഷം ആ പെട്ടിതുറക്കുമ്പോൾ ഒരു പുതിയ ഉണർവ്വെനിക്കുണ്ടു്.

ഇളംപച്ചനിറത്തിൽ ഭംഗിയുള്ള ആ സിൽക്കുഷട്ട് ഞാൻ നിവർത്തി; വാഴയുടെ ഇളംതളിരിലപോലെ.

നേരിയകാററിൽ, പനിനീരിൻെറ പഴകിയ മണം പരത്തിക്കൊണ്ടു് എൻെറ കൺമുമ്പിൽ അതു് ഇളകിക്കൊണ്ടിരുന്നപ്പോൾ ഒരു ഞെട്ടലോടെ ഞാനോത്തുപോയി?

എനിക്കുവേണ്ടിയല്ല ഈ ഷർട്ട് തയ്പിച്ചത്! ഈ ഷർട്ടിൻെറ ഉടമസ്ഥൻ ജീവിച്ചിരിപ്പില്ല.

അബ്ദുൽജബ്ബാറിനെക്കുറിച്ച് ആദ്യമായി എന്നോട് സംസാരിച്ചതു് റഹ്മത്താണ്.

അബ്ദുൽജബ്ബാർ!

പന്ത്രണ്ടടി വീതിയും ഇരുപത്തിനാലടി നീളവുമുള്ള പോർട്ടിക്കോയിലൂടെ നിറുത്താതെ സൈക്കളോടിക്കുന്ന അബ്ദുൽജബ്ബാർ!

എൻെറ പ്രിയ സഹോദരാ!

താങ്കളുടെ സില്ക്കുഷർട്ടാണിതു്. ഇളംപച്ചനിറത്തിലുള്ള ഈ ഷർട്ട് താങ്കളെപ്പോലെ ഞാനും ഇഷ്ടപ്പെടുന്നു. ഞാനിതു സൂക്ഷിക്കുകയാണ്. താങ്കളുടെ തുകൽപ്പെട്ടിയിൽത്തന്നെ ഞാനിതു സൂക്ഷിക്കുന്നു.

ആ തുകൽപെട്ടി എൻെറ മുമ്പിൽ തുറന്നു കിടക്കുകയാണ്. ഓർമ്മകളുടെ കലവറയാണതെന്നു ഞാനറിഞ്ഞില്ല............

ഹനീഫായുടെ ജ്യേഷ്ഠൻെറ കടയിൽവെച്ചാണ് ബാച്ചാസായ്പിനെ ഞാൻ ആദ്യമായി കണ്ടതു്.

വാട്ടർഫാം എസ്റ്റേററിലെ അസഹ്യമായ തണുപ്പുള്ള രാത്രികളിൽ ഒന്നായിരുന്നു അതു്. ഞാനും ഹനീഫയും സ്ററൗവ്വിൽ ചായ തിളപ്പിക്കുകയായിരുന്നു. അടച്ചിട്ട പലകയിൽ ആരോ ശക്തിയിൽ മുട്ടുന്നു. അസ്ഥികളിലേക്കു തുളഞ്ഞുകയറുന്ന തണുപ്പിൽ അതു കേട്ടപ്പോറം വെറുപ്പാണ് തോന്നിയതു്.

"യാരത്?"

"നാൻതാനപ്പാ. തൊറ"

ശബ്ദം ശ്രദ്ധിച്ചപ്പോൾ ഹനീഫ ആളെ തിരിച്ചറിഞ്ഞു. അവൻ പറഞ്ഞു.

"ഹൊ. ബാച്ചാസായ്പ്. തുറക്ക്"

പലക തുറന്നുകൊടുത്തപ്പോൾ കറുത്തു കുറുകിയ ശരീരവും മന്ദഹസിക്കുന്ന മുഖവുമായി അയാൾ കടന്നുവന്നു. വസ്ത്രങ്ങൾ മഞ്ഞുകൊണ്ടു നനഞ്ഞിരുന്നു.

പലകയടച്ച് ഞാൻ തിരിച്ചുവന്നപ്പോൾ അയാൾ എന്നെത്തന്നെ നോക്കിനില്ക്കുകയാണ്. വിടന്ന കണ്ണുകളിൽ അത്ഭുതമുണ്ട്.

തണുപ്പിൽ എന്നെപ്പോലെ ആ ശരീരത്തിന്നു കിടുകിടുപ്പുണ്ടായിരുന്നില്ല. മേശവിളക്കിൻെറ മങ്ങിയ വെളിച്ചത്തിൽ ആ ശരീരവും മുഖവും കൂടുതൽ കറുത്തതായിത്തോന്നി. എന്നെ അയാൾ ഇമവെട്ടാതെ നോക്കുന്നതു് ഹനീഫ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ചായയിൽ പഞ്ചസാരചേർത്ത് ബാച്ചാസായ്പിന്നു നീട്ടുമ്പോൾ അവൻ ചോദിച്ചു.

"എന്നാങ്കോ ബാവാ?"

ചായ ഒരിറക്കു കുടിച്ചശേഷം ചിരിച്ചുകൊണ്ട് അയാൾ ഹനീഫയെ ഒന്നുനോക്കി. എന്നിട്ടു വീണ്ടും എൻെറ മുഖത്തു ദൃഷ്ടിയുറപ്പിച്ചു. ഹനീഫ ആ കാഴ്ച കണ്ടു രസിക്കുകയായിരുന്നു. ടിൻഷീററുകൾകൊണ്ടുള്ള മേൽപ്പുരയിലേക്കു് മഞ്ഞുതുള്ളികൾ വീഴുന്ന ശബ്ദം കേൾക്കാം.

എന്തോ, എനിയ്ക്കപ്പോൾ വെറുപ്പാണ് തോന്നിയതു്. ഇയാളെന്തിനു് എൻെറ മുഖത്തേക്കിങ്ങിനെ തുറിച്ചുനോക്കുന്നു?

• കട്ടിലിൽ കയറിക്കിടന്നു് കമ്പിളിവലിച്ചു മേലിട്ടപ്പോൾ ഒരു ചോദ്യംകേട്ടു.

"ഇന്തപയ്യൻ യാര്?"

ചോദ്യം ഹനീഫയോടാണ്

"എല്ലാം നമ്മ ആളുതാനുങ്കോ ബാവാ"

ഹനീഫയുടെ മറുപടി ചിരിച്ചുകൊണ്ടാണ് പറയുന്നതെന്നു തോന്നുന്നു.

"ഢേയ്, ഹനീഫാ! വിളയാട്ടു് വേണ്ടാം? യാരിതു്?"

ചിരിയേക്കാളേറെ ഉല്കണ്ഠയതിലുണ്ടു്. അറിഞ്ഞേകഴിയൂ എന്ന നിർബ്ബന്ധവും. ഞാൻ ഉറങ്ങിക്കഴിഞ്ഞെന്നു നടിച്ചു. ഏയ്! ബാവാ! ഇന്നിവിടെ കൂടാനാണ് ഭാവമെങ്കിൽ കൂടിക്കോളൂ. വയസ്സുകാലമല്ലേ? തണുത്തു മരിക്കണ്ട. പക്ഷേ—ആളെ ഉപദ്രവിക്കാതിരിപ്പാൻ ദയവുണ്ടാകണേ...............

"നമ്മതമ്പീണ്ണു വച്ചുങ്കൊ ബാവാ"

"ഉൻതമ്പിയാ?"

"ആമാങ്കോ? നമ്മ സിനേകിതൻകൂടെ"

ഒരു ചിരിപൊട്ടി. കറുത്തുകുറുകിയ ആ ശരീരത്തിൽനിന്നും ഇത്ര ആകർഷകമായ ഒരു ചിരി പുറപ്പെടുമോ?

എന്നിട്ടയാം ചോദിച്ചു. അനുജൻ എങ്ങിനെ സ്നേഹിതനാവും —?

"ബാവാ! സിനേകിതൻണ്ണേവയ്യങ്കോ"

"സരി"

ആ വയസ്സൻ അവിടെ നിത്തുന്ന മട്ടില്ല. അയാം വീണ്ടും ചോദിക്കുകയാണ്. മടിക്കൂടാതെ അല്പം ഉത്സാഹത്തോടെ ഹനീഫ അതിനെല്ലാം മറുപടി കൊടുത്തുകൊണ്ടിരുന്നു. എന്താണെൻെറ പേര്: എത്ര വരെ പാഠിച്ചിട്ടുണ്ട്: വീട്ടിൽ ആരെല്ലാമുണ്ട്; ഞാനും ഹനീഫയും തമ്മിൽ ബന്ധമെന്താണ്; എല്ലാം അയാംക്കറിയണം. എനിക്കെത്ര വയസ്സായിയെന്നു പോലും.

ഉച്ചക്കു ഒരു തമിഴൻ ജോത്സ്യൻ ലക്ഷണംപറഞ്ഞതു് ഞാനോത്തു. എനിക്കു നല്ലകാലം വരണമെങ്കിൽ പതിനേഴുവയസ്സ് കഴിയണം! സംഭാഷണത്തിന്നു വിരാമം വീണതെപ്പോഴാണെന്നറിഞ്ഞില്ല. അതിന്നുമുമ്പെ ഞാനുറങ്ങിപ്പോയി.

പിറെറദിവസം രാവിലെ ഹനീഫ വന്നു എൻെറ പുറത്തു തട്ടിക്കൊണ്ട് പറഞ്ഞു.

"മൂപ്പക്ക് നിന്നെ നല്ലവണ്ണം പിടിച്ചിരിക്കുന്നു.

അവൻ ചിരിക്കുന്നുണ്ടായിരുന്നു.

"ആക്കു്?"

"ബാച്ചാസാഹ്വിന്നു"

ഓ. ബാച്ചാസാഹ്വ്!

അത്ഭുതത്താൽ വിടന്ന കണ്ണുകളോടെ എൻെറ

മുമ്പിൽ നിന്നിരുന്ന ബാച്ചാസായ്വ്!

"നാളെ ഉച്ചയ്ക്കുവരാമെന്നു പറഞ്ഞിട്ടാണ് പോയിരിക്കുന്നത്."

"എന്തിനു്?"

"നിന്നെ കാണണമത്രെ"

ഹനീഫ അയാളെ കൂടുതൽ പരിചയപ്പെടുത്തിത്തന്നു. പൊള്ളാച്ചിയിൽ കച്ചവടമാണ്. എസ്റ്റേററിലെ ചില്ലറക്കച്ചവടക്കാരൊക്കെ അയാളുടെ പതിവുകാരാണ്. പണം പിരിക്കാനായി ആഴ്ചതോറും മലയിലേക്കു വരുന്നു. ഇന്നലെ വന്നിരുന്നതും അതിനുവേണ്ടിയാണ്.

"നാളെ ഉച്ചക്കു വരുന്നതു് നിന്നെ കാണുന്നതിനുവേണ്ടിമാത്രം"

പൊള്ളാച്ചിയിൽനിന്നും ഒരു വയസ്സനായ കച്ചവടക്കാരൻ എന്നെ കാണാൻവേണ്ടി പണം ചിലവഴിച്ച് മലയിലേക്കു വരിക! എനിക്കു വിഷമംതോന്നി. എന്തു പ്രത്യേകതയാണെനിക്കുള്ളതു്?

ഞാൻ ഹനീഫയോടു ചോദിച്ചു.

"നീ എന്നെ കളിയാക്കുകയാണല്ലേ?"

അവൻ ചിരിച്ചു. എന്നിട്ടു ഗൌരവത്തിൽ പറഞ്ഞു: "കളിയാക്കുകയല്ല. സത്യം പറയുകയാണ്. അയാറം വന്നാൽ നിനക്കു ബോദ്ധ്യമാകും"

എനിക്കു പരിഭ്രമമായി. എന്താണയാളുടെ ഉദ്ദേശമെന്നറിയാനുള്ള തിടുക്കംമൂലം അന്നു മുഴുവൻ ഞാൻ അക്ഷമനായിരുന്നു.

പിറെറ ദിവസം ഉച്ചക്കു് ഹനീഫ എന്നെ വിളിച്ചു. ബാച്ചാസാപ്പു് വന്നിരിക്കുന്നു!

കൊടും തണുപ്പുള്ള രാത്രിയിൽ മേശവിളക്കിൻെറ മങ്ങിയ വെളിച്ചത്തിൽ ഞാൻ കണ്ട ബാച്ചാസാപ്പല്ല ഇതു്. മന്ദഹാസം വിരിഞ്ഞുവിലസിയിരുന്ന ആ മുഖത്തു് ശോകംപുരണ്ടിരിക്കുന്നു. കറുത്തുകുറുകിയ ആ ശരീരം ഒന്നു വാടിയതുപോലെ.

എന്നെ കണ്ടപ്പോൾ ആ മനുഷ്യൻെറ കണ്ണുകൾ തിളങ്ങി.

"സൌഖ്യമാതമ്പി?"

എനിക്കു ശബ്ദിക്കാൻകഴിയുന്നില്ല. എന്തോ എന്നിൽനിന്നും നഷ്ടപ്പെടുകയാണു്. 'എന്തൊരു ശല്യമായി ഇതു്" എന്ന തോന്നലായിരുന്നു.

"എന്താ നിയ്യൊന്നും പറയാത്തതു്? സുഖമാണെന്നു് പറ."

ഹനീഫ നിർബ്ബന്ധിക്കുന്നു. ഇപ്പോൾ അവൻ ചിരിക്കുന്നില്ല. എന്താണു് സംഭവിച്ചതു്—?

"സൌഖ്യമാതമ്പി?"

വീണ്ടും ചോദിക്കുകയാണയാൾ. എനിക്കു സുഖമാണോ എന്നു്. എനിക്കെന്താണൊരു സുഖക്കുറവു്—?

സുഖംതന്നെയെന്നു ഞാൻ പറഞ്ഞപ്പോൾ ബാച്ചാസാപ്പിൻെറ മുഖംതെളിഞ്ഞു. ഒന്നുമങ്ങി വീണ്ടും തെളിഞ്ഞ വെയിലിൽനിന്നുകൊണ്ടു ഉഷ്ണം അനുഭവിക്കുന്ന മാതിരി എനിക്കു തോന്നി. സംസാരിക്കാൻ എനി

ക്കെന്തു വിഷമമാണ്!

മന്ദഹാസം വിലസിയിരുന്ന ആ മുഖത്തുനിന്നു് കണ്ണെടുത്തു് നടന്നകലാൻ ഭാവിച്ചപ്പോൾ ഒരു ബലിഷ്ഠമായ കൈ എന്നെ പിടിച്ചുനിത്തി. എനിക്കു കരയാനാണു് തോന്നിയതു്. ആ കച്ചവടക്കാരൻ എന്നെ സ്നേഹിക്കുകയാണെന്നെനിക്കറിയാം. എന്നാൽ—സ്നേഹത്തിൻെറ ഒരു അണ പൊട്ടിയിരിക്കുകയാണു്. അതെനിക്കു സഹിക്കുമോ? സ്നേഹത്തിൻെറ ഈ ഉഗ്രമായ പ്രവാഹം എന്നെ ശ്വാസംമുട്ടിക്കുന്നു.

എന്നിട്ടും ഞാൻ കരഞ്ഞില്ല.

"കോപമാതമ്പി"

ആ ശബ്ദത്തിന്നു് വേദനയുടെ മുഴക്കമുണ്ടായിരുന്നു. സ്നേഹസൂചകമായി അയാളെൻെറ പുറത്തു തടവിക്കൊണ്ടിരുന്നു.

ഹനീഫ എന്നോടു പറഞ്ഞു:

"ബാവായുടെ വീട്ടിലേക്കു നീ ചെല്ലണമെന്നു്. രണ്ടുദിവസം അവിടെ താമസിച്ചിട്ടു് തിരികെപോരാം. എന്താ പോകുന്നോ?"

എൻെറ ഉള്ളപതറിപ്പോയി. ഞാൻ പോകുന്നില്ലെന്നു് ഹനീഫയെ കണ്ണടച്ചുകാണിച്ചറിയിച്ചു. അയാളുടെ മുമ്പിൽനിന്നു് എങ്ങിനെയെങ്കിലും ഒന്നു രക്ഷപ്പെട്ടാൽമതി.

"പോകലമാതമ്പി?"

ദീനമായ ഒരപേക്ഷയായിരുന്നു അതു്? കവിഞ്ഞ ആഴവും ഘനവും ഉണ്ടായിരുന്നു ആ വാക്കുകൾക്കു്.

ഹനീഫ തുടൎന്നു.

രണ്ടാഴ്ചയായി നീ വന്നിട്ടു്; സ്കൂൾ തുറക്കാറായി, നാളെ നമുക്കു് നാട്ടിലേക്കുതിരിച്ചുപോകേണ്ടതാണു് എന്നൊക്കെ ഞാൻ പറഞ്ഞുനോക്കി. പക്ഷെ, ബാവ സമ്മതിക്കുന്നില്ല.

ഹനീഫ പറഞ്ഞുനിൎത്തിയപ്പോൾ ബാപ്പാസാഹ്‌ബ് ചോദിച്ചു: "എന്ന ശൊൽറത് ഹനീഫാ?"

വരുന്നില്ലെന്നാണു് ഞാൻ പറയുന്നതെന്നു് ഹനീഫ അറിയിച്ചു. അപ്പോൾ എന്റെ പുറം തടവിക്കൊണ്ടിരുന്ന കൈ തളൎന്നുവീണതായിത്തോന്നി. ഞാൻ സാവധാനത്തിൽ നടക്കാൻ തുടങ്ങി.

അപ്പോൾ.—

അപ്പോൾ പരിഭ്രമത്തോടെ ഹനീഫ ചോദിക്കുന്നതുകേട്ടു.

"എന്നാങ്കോബാവാ? എന്നാങ്കോ?"

ഞാൻ തിരിഞ്ഞുനോക്കി. നടുങ്ങിപ്പോയി........

ബാപ്പാസാഹ്‌ബ് ഒരു കൊച്ചുകുട്ടിയെപ്പോലെ നിന്നു തേങ്ങിക്കരയുന്നു.

എനിക്കു സഹിച്ചില്ല. എനിക്കുവേണ്ടി ഒരു മനുഷ്യൻ കണ്ണീർചൊരിയുന്നു. വയസ്സനായ ആ കച്ചവടക്കാരൻ എന്നെച്ചൊല്ലി തീവ്രമായ ദുഃഖമനുഭവിക്കുന്നു.

ഹനീഫ നിസ്സഹായനായി എൻെറ മുഖത്തുനോക്കി. ഞാൻ പറഞ്ഞു:

"പോകാം ഹനീഫാ. നീയുംവരണം"

ബാച്ചാസാഹ്വിന്ന് അതു മനസ്സിലായി. അയാറം ചാടിയെഴുന്നേററ് എൻെറ കൈകറം കടന്നുപിടിച്ചു.

"പോകലാംതമ്പി; പോകലാം"

ഹനീഫയും ഞാനും പുറപ്പെട്ടു. കഴിയുന്നതും വേഗം മടങ്ങണം.

പാൻറും ഷർട്ടും ധരിച്ചു് ഞാൻ മുമ്പിൽ ചെന്നു നിന്നപ്പോറം ബാച്ചാസാഹ്വ് സന്തോഷംകൊണ്ടു് മതി മറന്നതായിത്തോന്നി. എൻെറ ഷർട്ടിൽ സെൻറുപൂശിയതു് ബാച്ചാസാഹ്വാണു്.

ബസ്സിൽ കയറിയിരുന്നപ്പോറം ബാച്ചാസാഹ്വിൻെറ ആഹ്ളാദം വർദ്ധിക്കുകയായിരുന്നു.

പതിമൂന്നുനാഴിക മുകളിൽനിന്നു് തിരിഞ്ഞുതിരിഞ്ഞിറങ്ങുന്ന റോഡിലൂടെ ബസ്സ് ഒഴുകിയിറങ്ങിക്കൊണ്ടിരുന്നപ്പോറം ബാച്ചാസാഹ്വ് ചിരിച്ചുകൊണ്ടു് അകലെ അത്യഗാധതയിൽ കിടക്കുന്ന പട്ടണം എനിക്കു ചൂണ്ടിക്കാട്ടിത്തന്നു. ചിതറിയിട്ട പുഷ്പങ്ങറംപോലെ കിടക്കുകയാണു് പട്ടണം.

സദാ മഞ്ഞുമൂടിക്കിടക്കുന്ന മലനിരകളെ പിന്നിട്ടുകൊണ്ടു് പ്രസരിപ്പും പൊട്ടിച്ചിരികളുമുള്ള പട്ടണത്തിലേക്കു് ഞങ്ങറം ഇറങ്ങിച്ചെന്നു—വിസ്തൃതമായ പൂവാടിയിലേക്കെന്നപോലെ.

പൊള്ളാച്ചിയിലെ ഇടുങ്ങിയ വീഥികളിൽ ഒന്നി

ലൂടെ ഞങ്ങൾ നടന്നു. എൻെറ മനസ്സ പിടക്കുകയായിരുന്നു. വെറുപ്പ അപ്പോഴെനിക്കുണ്ടായിരുന്നില്ല. തീർച്ച.

മനോഹരമായ ഒരു വീടിൻെറ പോർട്ടിക്കോയിലേക്കു ബാച്ചാസായ്‌വിൻെറ പിന്നിൽ ഞങ്ങൾ കയറിച്ചെന്നു.

'കുഷ്'നിട്ട കസേരകളിൽ ബാച്ചാസാഹ്ബ് ഞങ്ങളെ നിർബ്ബന്ധിച്ചിരുത്തി. അപ്പോൾ വിരിനീക്കിയിട്ടു പ്രായംചെന്ന ഒരു സ്ത്രീ പുറത്തേക്കുവന്നു. കണ്ണട ധരിച്ച അവർ ഹിന്ദുസ്ഥാനിയിൽ എന്തോ പറഞ്ഞു. എന്നിട്ടു ബാച്ചാസാഹ്ബിനോടൊപ്പം അവരും ചിരിച്ചു.

ആ സ്ത്രീ ചിരിനിറുത്തി വീണ്ടും സംസാരിച്ചുതുടങ്ങിയപ്പോൾ അവരുടെ തളന്നകണ്ണുകൾ എൻെറ മുഖത്തും ശരീരത്തിലും പാറിനടക്കുകയായിരുന്നു. ബാച്ചാസാഹ്ബ് എന്തോ പറഞ്ഞപ്പോൾ അവർ അകത്തേക്കു പോയി.

"വാരുങ്കോ. ഉള്ളേപോകലാം"

ബാച്ചാസാഹ്ബ് ഞങ്ങളെ അകത്തേക്ക് ക്ഷണിക്കുകയാണ്. എനിക്കു ലജ്ജയും വിഷമവും തോന്നി. വിരിനീക്കി അകത്തേക്ക് ഞങ്ങൾ പോകണമെന്ന്. അവിടെ ആരൊക്കെ ഉണ്ടായിരിക്കും—? രണ്ടോ മൂന്നോ സ്ത്രീകളെ എങ്ങിനേയും കാണും. ഞാൻ കടന്നുചെന്നാൽ അത്ഭുതപരതന്ത്രരായി അവർ എന്നെ അങ്ങിനെ തുറിച്ചുനോക്കാൻ തുടങ്ങും. കൂട്ടിലിട്ട മുയലിൻകുഞ്ഞിനെപ്പോലെ ഞാൻ പരവശനാകുക! വേണ്ട........ഇവി

ടെത്തന്നെ ഇരുന്നാൽ മതി. അതുപോരെ ബാവാ അതു്പോരെ?

പക്ഷെ-ഹനീഫ എഴുന്നേററുകഴിഞ്ഞു. മടിച്ചിരിക്കുന്ന എന്നെ അവനും ക്ഷണിക്കുകയാണു്. അതുകൊണ്ടു് ഞാനും എഴുന്നേററു.

അപ്പോഠം ഒരു പെണ്ണിൻെറ ശബ്ദം!

പിൻഭാഗത്തുകൂടി 'ഭായിഭായി' എന്നു ആർത്തുവിളിച്ചുകൊണ്ടു് ഒരു പെണ്ണുവന്നു എൻെറ കഴുത്തിൽ ഒററതൂങ്ങൽ.

വെള്ളത്തിൽവീണ ആട്ടിൻകുട്ടിയായി ഞാൻ. അടിമുടി വിറക്കുകയായിരുന്നു. എന്തൊരു ലജ്ജയില്ലാത്ത ഏർപ്പാടാണിതു്. മീശ മുളച്ചിട്ടില്ലെങ്കിലും ഞാൻ ഒരാണല്ലെ?

ഞാൻ ഹനീഫയുടെ മുഖത്തുനോക്കി. അവൻ ചിരിക്കുകയാണു്. അവൻ പരിഹസിക്കുകയാണെന്നാണു് എനിക്കപ്പോഠം തോന്നിയതു്.

നിൻെറ ചിരി! എന്നെ ഒന്നു് രക്ഷപ്പെടുത്തടാ! ഒന്നു്............

ആ പെണ്ണു് 'കഷാ മുഷാ' എന്നു നിറുത്താതെ സംസാരിക്കുകയാണു് ഹിന്ദുസ്ഥാനിയിൽ. ആണൊരുത്തനെ കെട്ടിപ്പിടിച്ചു കഴുത്തിൽ തൂങ്ങാൻ നാണമില്ലാത്ത ആ പെണ്ണിനെപിടിച്ചു ഞാൻ ഒരു തള്ളുകൊടുത്തു.

ബാച്ചാസാഹ്സു് അവളെ വിളിച്ചു.

"റഹ്മത്തു്!"

പക്ഷെ-അവൾ അതു ശ്രദ്ധിച്ചില്ല. ഞാൻ ഒന്നും സംസാരിക്കുന്നില്ലെന്നുകണ്ടു അത്ഭുതപ്പെട്ടിട്ടായിരിക്കണം അവൾ വിടൎന്ന കണ്ണുകളോടെ എൻെറ മുൻഭാഗത്തുവന്നു. എൻെറ മുഖത്തുതന്നെ ഉറച്ചുപോയ ആ കറുത്ത മിഴികൾ നിറയുകയാണു്.

എന്തൊരു ഊരാക്കുടുക്കിലാണു് ഞാൻ പെട്ടിരിക്കുന്നതു്-!

പെട്ടെന്നു അവൾ ബാച്ചാസായ്വിൻെറ നേരെ തിരിഞ്ഞുനിന്നു. രണ്ടു കൈകൾകൊണ്ടും മുഖംപൊത്തി തേങ്ങിക്കരയുകയാണു്. ബാച്ചാസായ്വ് അവളുടെ പുറത്തു് തടവിയിട്ടു് എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. സമാധാനിപ്പിക്കയായിരിക്കണം.

നിമിഷങ്ങൾക്കുശേഷം അവൾ മിഴിനീർതുടച്ചു എൻെറ മുഖത്തുനോക്കി പുഞ്ചിരിതൂകി. വിഷാദത്തിൻെറ ഈർപ്പമുള്ള പുഞ്ചിരി.

ഞാനും ഹനീഫയും നിന്നു വിവശതയനുഭവിക്കുമ്പോൾ ബാച്ചാസായ്വ് വീണ്ടും ഞങ്ങളെ അകത്തേക്കു് ക്ഷണിച്ചു. വാസ്തവത്തിൽ അപ്പോഴെനിക്കു വെറുപ്പു തോന്നി. അവിടെനിന്നും ഇറങ്ങി എങ്ങോട്ടെങ്കിലും ഓടിമറഞ്ഞാലോ എന്നുപോലും തോന്നാതിരുന്നില്ല.

ബാച്ചാസായ്വിൻെറ പിന്നാലെ ഹനീഫ വിരിക്കുള്ളിൽ മറഞ്ഞു.

ആ പെണ്ണു് മുമ്പിൽ നില്ക്കുകയാണു്. അവളുടെ ഭംഗിയുള്ള മൂക്കിന്മേൽ വിയപ്പുകണങ്ങളുണ്ടു്. അവൾ വിളിച്ചു. "ഭായി"

'ഭായി' എന്നാൽ സഹോദരൻ എന്നാണർത്ഥമെന്നെനിക്കറിയാം. അതുകൊണ്ടു എൻെറ കൈ പിടിച്ചപ്പോൾ അവളോടു വിരോധം കാട്ടിയില്ല.

"ഉള്ളേപോകലാം"

ഞാൻ എന്തെങ്കിലും മറുപടി പറയുന്നതിനുമുമ്പായി അവൾ എൻെറ കൈ വലിച്ചുകൊണ്ടു നടന്നുതുടങ്ങി.

ഞാൻ കരുതിയിരുന്നതുപോലെ ആരേയും അകത്തു് കണ്ടില്ല. വിശാലമായ ആ മുറിയുടെ മദ്ധ്യത്തിലായി വിഭവങ്ങൾ ഒരുക്കിയിരുന്നു. ബാച്ചാസായ്‌വും ഹനീഫയും കണ്ണടധരിച്ച ആ സ്ത്രീയും അവിടെ നില്പുണ്ടു്. അവർ എന്നെത്തന്നെ നോക്കുന്നു!

ആദ്യം ബാച്ചാസായ്‌വും പിന്നെ ഹനീഫയും ഇരുന്നു. ഞാൻ ഇരിക്കുന്നില്ലെന്നു കണ്ടപ്പോൾ റഹ്മത്തു് എന്നു പേരായ ആ പെണ്ണു് കണ്ണടധരിച്ച സ്ത്രീയെ 'മാമി' എന്നു വിളിച്ചു എന്തോ പറയുകയുണ്ടായി. ഞാനപ്പോൾ അവളുടെ പിടിയിൽനിന്നും സ്വതന്ത്രനായിക്കഴിഞ്ഞിരുന്നു.

'മാമീ' എന്നോടു സംസാരിച്ചു.

"തമ്പീ! റഹ്മത്ത് ഉൻ തങ്കച്ചിതാനേ. യേൻ വെക്കപ്പെട്റേൻ?"

റഹ്മത്തു് നിൻെറ സഹോദരിയല്ലെ, എന്തിനു നാണിക്കുന്നുവെന്നു".

ബാപ്പാസായ്വ് ആ അഭിപ്രായത്തെ ഉറപ്പിക്കയാണ് ചെയ്തതു്. ഒരു ഗൌരവമേറിയ കാര്യത്തെക്കുറിച്ചു സംസാരിക്കുകയാണെന്നായിരുന്നു അയാളുടെ ഭാവം.

അപ്പോൾ റഹ്മത്ത് എന്നെ ബലംപ്രയോഗിച്ചങ്ങ് പിടിച്ചിരുത്തി. ഹനീഫ ചിരിക്കുകയാണ്.

ബാപ്പാസായ്വ് അവരുടെ കുടുംബത്തെക്കുറിച്ചാണെന്നു തോന്നുന്നു കുറെ സംസാരിക്കുകയുണ്ടായി. ഹനീഫ പലഹാരംതിന്നുകയും അതൊക്കെ കേട്ടരസിക്കുകയും ചെയ്തിരുന്നു.

എനിക്കൊന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

അവരെ ശ്രദ്ധിക്കാതെ റഹ്മത്ത് എന്നോട്ട് തുരുതുരെ വർത്തമാനം പറയുന്നുണ്ടായിരുന്നു. ദേഷ്യം ക്രമേണ എന്നെ വിട്ടുമാറി. ഞാനും അവളോട്ട സംസാരിച്ചു. അവൾ ഏഴാംക്ലാസിൽ പഠിക്കുകയാണത്രെ. ഈ കൊല്ലം ഏറാറവും കൂടുതൽ മാർക്ക് അവൾക്കാണ് കിട്ടുക. അവൾക്കിഷ്ടപ്പെട്ട പലഹാരങ്ങൾ ഏതൊക്കെയാണെന്നും എന്നോട്ട പറയുകയുണ്ടായി. അവയൊക്കെ തൊട്ടുകാണിച്ചു എന്നെ നിർബ്ബന്ധിച്ചു തീറ്റുകയും ചെയ്തു.

ഞങ്ങൾ കൂടുതൽ അടുക്കുകയായിരുന്നു.

'ഭായ്, ഭായ്' എന്നു വിളിച്ചുകൊണ്ടു് അവൾ അന്നെത്രനേരമാണെന്നോട്ട് സംസാരിച്ചതു്!

ബാപ്പാസായ്വും ഹനീഫയും അപ്പോഴും ഇരുന്നു സംസാരിക്കുകയായിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM 39408

പൂമുഖത്തിന്നു തൊട്ടുള്ള ഒരു മുറിയിലേക്കു ഒരത്ഭുതം കാണിച്ചുതരാൻവേണ്ടി അവളെന്നെ കൂട്ടിക്കൊണ്ടുപോയി.

ആ മുറിയിൽ ഒരു ഭംഗിയുള്ള സൈക്കിൾ വെച്ചിരുന്നു. ഒരരികിലായി ഒരു കട്ടിലും, അതിന്മേൽ നിറയെ പൂക്കളുടെ ചിത്രങ്ങളോടുകൂടിയ വിരിയിട്ട ഒരു കിടക്കയുമുണ്ടായിരുന്നു. അവയുടെയൊക്കെ ഉടമസ്ഥനെക്കുറിച്ചു റഹ്മത്തു് എനിക്കു് വിവരിച്ചുതന്നു.

അതു് മററാരുമല്ല. അവളുടെ സഹോദരനാണു്. പേരു് അബ്ദുൽജബ്ബാർ. ബോമ്പെയിലുള്ള 'മാമാ'യുടെ വീട്ടിലേക്കു പോയിരിക്കുകയാണയാൾ. ഒരു മാസത്തിനുള്ളിൽവരും. അവളെക്കാൾ രണ്ടുവയസ്സു് കൂടുതലുണ്ടു്.

ആ സൈക്കിളിൽ തൊട്ടുതടവിക്കൊണ്ടും, പെഡലിൽ ചവിട്ടി ചക്രം തിരിച്ചുകൊണ്ടും അബ്ദുൽജബ്ബാറിനെക്കുറിച്ചു സംസാരിക്കാൻ അവൾക്കെന്തൊരു ഉത്സാഹമായിരുന്നു!

നിറുത്താതെ സൈക്കളോടിക്കുന്നതിൽ അബ്ദുൽ ജബ്ബാർ മിടുക്കനാണത്രെ. മൂന്നുമണിക്കൂർ നേരത്തേക്കു പന്തയം വെച്ചിട്ടു അവൾ തോററുപോയി. നാലരമണിക്കൂർനേരമാണത്രെ അബ്ദുൽജബ്ബാർ ആ പൂമുഖത്തു് സൈക്കളോടിച്ചതു്.

ഇരുപത്തിനാലടിനീളവും പന്ത്രണ്ടടി വീതിയുമുണ്ടു് ആ പൂമുഖത്തിനെന്നും റഹ്മത്തു് എന്നോടു് പറഞ്ഞു.

അബ്ദുൽജബ്ബാറിനെക്കുറിച്ചു എത്ര പറഞ്ഞിട്ടും അവൾക്കു മതിവരുന്നില്ല. ചുവന്ന മുഖമാണു്. മേൽചുണ്ടിന്മേൽ ഇടതുഭാഗത്തായി ഒരു മറുവുണ്ടു്.

ഞാൻ ഞെട്ടിപ്പോയി!

എൻെറ മേൽചുണ്ടിലും ഇടതുഭാഗത്തായി ഒരു മറുവുണ്ടു്. എൻെറ പരിഭ്രമംകണ്ടു റഹ്മത്തു് ചിരിച്ചു. ചൂണ്ടുവിരൽകൊണ്ടു എൻെറ ചുണ്ടിന്മേൽ കുത്തിയിട്ടു അവൾ പറഞ്ഞു.

“നീങ്കരണ്ടുപേരും ഒരേ ആളുതാൻ, അല്ലവാ ഭായി.”

അബ്ദുൽജബ്ബാർ അയാളുടെ ഷർട്ടും ട്രൌസറും ഒരെണ്ണംപോലും കൊണ്ടുപോയില്ല. ഒക്കെ ഇവിടെയുണ്ടു് എന്നു പറഞ്ഞു റഹ്മത്തു് കട്ടിലിന്നടിയിൽനിന്നും ഒരു തുകൽപ്പെട്ടി വലിച്ചെടുത്തു.

എന്തൊരുചന്തം!

എനിക്കതു സ്വന്തമായിക്കിട്ടിയാൽ തരക്കേടില്ലെന്നു്തോന്നി. റഹ്മത്തു് അതു് തുറന്നു. എന്തത്ഭുതം! നിറയെ സിൽക്കു്ഷർട്ടുകൾ, ട്രൌസറുകൾ, ഉറമാലുകൾ, പാൻഡ്സ്....എനിക്കു കാണാൻവേണ്ടി അവൾ അതൊക്കെ പുറത്തെടുത്തിട്ടു. എത്ര കണ്ടിട്ടും തൊട്ടിട്ടും എനിക്കു് മതിവന്നില്ല. അവൾ ഓരോ ഷർട്ടുമെടുത്തു എൻെറ ശരീരത്തിൽ ചേർത്തുപിടിച്ചു. ഏതാണെനിക്കു ചേരുന്നതെന്നു കണ്ടുപിടിക്കാൻ ശ്രമിക്കുകയായിരുന്നു. അവസാനം ഇളംപച്ചനിറത്തിലുള്ള

ഒരു ഷർട്ട് എൻെറ ദേഹത്തിൽ നിവർത്തിവെച്ചിട്ട കൂടുകൂടെ ചിരിക്കാൻ തുടങ്ങി.

എനിക്കും തോന്നി; നല്ല അന്തസ്സുണ്ട്.

റഹ്മത്ത് ഞാൻ ഇട്ടിരുന്ന ഷർട്ട് ഊരിയെടുത്തു. എന്നിട്ട ആ സിൽക്കുഷർട്ട് ധരിക്കാൻ പറഞ്ഞു. എനിക്കും തൃപ്തിയായിരുന്നു. ഇട്ടുനോക്കിയിട്ട ഉടനെത്തന്നെ അഴിച്ചുവെക്കാമല്ലോ.

ആ ഷർട്ട് ഞാൻ ധരിച്ചപ്പോൾ റഹ്മത്ത് മിഴിച്ചുനിന്നുപോയി. അവൾ ഒന്നും സംസാരിക്കുന്നില്ല. അനങ്ങുന്നില്ല. എനിക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

പെട്ടെന്നു അവളെന്നെ ഇരുകൈ പൂണ്ടുപിടിച്ചു,

"ഭായി........ഭായി........"

ഞാൻ പരവശനായി. കുതറിമാറാൻ ശ്രമിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അവൾ പിടിവിട്ടു. വിളിച്ചുപറഞ്ഞു ബഹളംകൂട്ടാൻ തുടങ്ങി. ഹിന്ദുസ്ഥാനിയിലാണ് പറയുന്നതു്. കൂടുകൂടെ ചിരിക്കുന്നുണ്ടെങ്കിലും അവളുടെ മുഖം വിളറിയിട്ടുണ്ടായിരുന്നു. അവൾ ചാടിയോടി പൂമുഖത്തേക്കുപോയി. വീണ്ടും എൻെറ അടുക്കലേക്കുതന്നെ ഓടിക്കിതച്ചുവന്നു. എൻെറ കൈ പിടിച്ചു പൂമുഖത്തേക്ക് കൊണ്ടുപോയി. എന്നിട്ട് ധൃതിയിൽ സംസാരിച്ചുകൊണ്ടിരുന്നു. എന്തൊരാവേശമാണ്! എന്തൊരു സന്തോഷമാണ്!

ബഹളംകേട്ടു് അവളുടെ 'മാമി' വെളിയിൽവന്നു. ആ സ്ത്രീ എന്നെ ഒന്നേ നോക്കിയുള്ളു; മുഖംതാഴ്ത്തി ക്കളഞ്ഞു.

അപ്പോഴാണു് ഞാൻ എന്നെക്കുറിച്ചോർത്തതു്: ഞാനെന്താണീ ചെയ്തിരിക്കുന്നതു്? ബാപ്പാസായ്വും ഹനീഫയും കസേരകളിൽ ഇരിക്കുന്നു; ഞാൻ മറെറാരുത്തൻെറ ഷർട്ടു് എടുത്തിട്ടു് അവരുടെ മുമ്പിൽചെന്നുനില്ക്കുന്നു. എനിക്കു വലിയ ലജ്ജതോന്നി.

അപ്പോൾ ബാപ്പാസായ്വിൻെറ കണ്ണുകൾ നിറഞ്ഞുതുളുമ്പിയിരിക്കുന്നതു് ഞാൻ കാണുകയുണ്ടായി. അയാൾ റഹ്മത്തിനോടെന്തോ പറഞ്ഞു. ആ ശബ്ദത്തിന്നു് കരച്ചിലിനോടായിരുന്നു സാമ്യം. എന്നാൽ, റഹ്മത്ത് അതു ശ്രദ്ധിക്കുകയുണ്ടായില്ല. അവളുടെ ശ്രദ്ധമുഴുവൻ എന്നിലായിരുന്നു.

മുറിയിൽച്ചെന്നു് ആ ഷർട്ടു് അഴിച്ചുമാററാൻ തുടങ്ങിയപ്പോൾ റഹ്മത്തു് എന്നെ വിലക്കുകയുണ്ടായി. അതു വകവെക്കാതെ ഞാനതഴിച്ചു. നാളെ വീണ്ടും ധരിച്ചുകൊള്ളാമെന്നു് അവളെന്നെക്കൊണ്ടു് സമ്മതിപ്പിക്കയുണ്ടായി.

അബ്ദുൽജബ്ബാറിന്നു് ഏററവും പ്രിയപ്പെട്ടതാണത്രെ ആ സിൽക്കു്ഷർട്ടു്.

ധാരാളം ചിരിക്കുകയും നിറുത്താതെ വത്തമാനം പറയുകയും ചെയ്തുകൊണ്ടിരുന്ന റഹ്മത്തിനോടൊന്നിച്ചു് ഞാൻ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം ഹനീഫ പറഞ്ഞു.

“ഇന്നേയ്ക്കു മൂന്നുദിവസമായി നമ്മൾ വന്നിട്ടു””

ഹനീഫ അധികസമയവും വീട്ടിൽ ഉണ്ടാകാറില്ല. ബാപ്പാസാഹിബിന്റെ കൂടെ കടയിലേക്കുപോകും. പല സ്ഥലങ്ങളിലും ചുററിയടിക്കുകയും ചെയ്യും. മൂന്നുദിവസം കടന്നുമറഞ്ഞതു് ഞാനറിഞ്ഞില്ല എന്നോർത്തപ്പോൾ എനിക്കു കുണ്ഠിതം തോന്നിയില്ല. റഹ്മത്തിനോടൊന്നിച്ചു ജീവിക്കാൻ എനിയ്ക്കത്രമാത്രം സന്തോഷമായിരുന്നു.

എന്തായാലും എനിയ്ക്കു പോകാതിരിക്കാൻ നിവൃത്തിയില്ല. സ്കൂൾ തുറക്കാറായിരിക്കുന്നു. ചുമ്മാ ഒരു ‘സർക്കീട്ടു’’ പോന്നതാണുഞാൻ.

റഹ്മത്തിനോടു യാത്രപറയേണ്ട സമയമായിരിക്കുന്നു.

അന്നു് റഹ്മത്തു് ഒരു പുതിയ ചോദ്യം എന്നോടു് ചോദിച്ചു. ഞാൻ ലജ്ജകൊണ്ടു് ചൂളിപ്പോകുകയാണു് ചെയ്തതു്. എനിക്കു സൈക്കിളോടിക്കാൻ അറിയാമോ എന്നു്!

അറിയില്ലെന്നു ഞാൻ പറഞ്ഞപ്പോൾ അവൾ ചിരിച്ചുകൊണ്ടു് തുള്ളിച്ചാടിപ്പോയി അബ്ദുൽജബ്ബാറിന്റെ മുറിതുറന്നു് എന്നെ കൈകാട്ടി വിളിച്ചു.

സൈക്കിളോടിക്കാൻ ഞാൻ പഠിച്ചേ കഴിയൂ എന്നു് നിർബ്ബന്ധമാണവൾക്കു്. സൈക്കിൾ ഉരുട്ടി പൂമുഖത്തേക്കു കൊണ്ടുവന്നപ്പോൾ എന്റെ കാലുകൾ വിറക്കാൻ തുടങ്ങിയിരുന്നു.

റഹ്മത്തിൻെറ പ്രേരണമൂലം ഞാൻ സീററിൽ കയറിയിരുന്നു. അവഠം പ്രയാസപ്പെട്ടു സൈക്കിഠം പിടിച്ചിട്ടുണ്ടു്. ഞാൻ ഹാൻഡിൽബാറിൽ കൈവെച്ച പ്പോഠം അവഠം ഉരുട്ടാൻ തുടങ്ങി. ഭൂമിയും ഞാനുമായി ഒരു ബന്ധവുമില്ലെന്ന തോന്നൽ........എപ്പോഴെങ്കിലും ഭൂമിയിലേക്കു് തെറിച്ചുവീണു തലപൊളിയും....സൈക്കിഠം ഇരുവശങ്ങളിലേക്കും ചരിയുന്നുണ്ടു്. മതി,മതി, എന്നു ഞാനവളോടു് പറയുന്നുണ്ടായിരുന്നു. രണ്ടുതവണ വട്ടംചുററി കഴിഞ്ഞപ്പോഠം വേഗം ഒന്നുകൂടി......

........എന്താണുണ്ടായതു്!

സൈക്കിളും ഞാനുംകൂടി റഹ്മത്തിൻെറ ശരീരത്തിൽ വീണു. അവഠം അടിയിൽ കിടന്നു പിടഞ്ഞു. പ്രയാസപ്പെട്ടു ഞാനെഴുന്നേററു് സൈക്കിഠം മാററിയപ്പോഠം, ഉറക്കെ നിലവിളിക്കണമെന്നാണെനിക്കു് തോന്നിയതു്.

റഹ്മത്തിൻെറ മുഖത്തു് മുഴവൻ ചോര!

അവഠം നിലവിളിച്ചു ബഹളംകൂട്ടിയാലോ എന്ന ഭയമായിരുന്നു എനിയ്ക്കു്. സൈക്കിഠം വീണ ശബ്ദം കേട്ടിട്ടായിരിക്കണം വിളിച്ചുചോദിച്ചുകൊണ്ടു് 'മാമി' ഓടിയെത്തി.

റഹ്മത്തിൻെറ മുഖത്തു് നോക്കിയിട്ടു് അവർ രണ്ടുമൂന്നുവട്ടം ഉറക്കെ നിലവിളിക്കയുണ്ടായി.

തുണിനനച്ചു അവളുടെ മുഖം തുടച്ചു. സൈക്കിളിൻെറ ഏതോ മൂർച്ചയുള്ള ഭാഗംതട്ടി അവളുടെ ചന്തമേറിയ മൂക്കിന്നു മുറിവേററിരിക്കുന്നു.

മരുന്നുവെക്കാൻ വേണ്ടി അവളോടൊന്നിച്ച് ആസ്പത്രിയിലേക്ക് ഞാനും പോയിരുന്നു.

റഹ്മത്ത് കുറച്ചുനേരം എന്നോട് പിണങ്ങുകയു ണ്ടായി. ചായപ്പെൻസിൽകൊണ്ട് അവളുടെ പുസ്തക ങ്ങളിന്മേൽ ഞാൻ വൃത്തിയായി ഇംഗ്ലീഷിൽ പേരെഴു തിക്കൊടുത്തു.

പിറേറന്നു നേരം പുലർന്നപ്പോൾ ഹനീഫ പോകാ നൊരുങ്ങി. എന്നെ അരികെ വിളിച്ച് അവൻ പ റഞ്ഞു:

"നീ ഇച്ചിടെ നാലു ദിവസവുംകൂടി നില്ക്കണം. ഞാൻ എസ്റ്റേററിൽ ചെന്ന് നാട്ടിലേക്ക് പോകാനുള്ള ഒരുക്കത്തോടെ വരാം"

ഞാനിവിടെ നിൽക്കുകയോ? എങ്ങിനെയായാ ലും ബാച്ചാസാഹ്വ് എനിക്കൊരന്യനല്ലെ? അന്യൻെറ വീട്ടിൽ ഞാനെത്രനാൾ താമസിക്കും?

—"അതുപററില്ല. ഞാനും വരും."

"ഞാൻ പറയുന്നതു് കേൾക്ക്. നിന്നെക്കൊണ്ട് ബാച്ചാസാഹ്വിനൊരു കാര്യം സാധിക്കാനുണ്ട്. അ യാൾ ഒരു നല്ല മനുഷ്യനാണ്. നീ അയാളെ സഹാ യിക്കണം"

ഹനീഫായുടെ മുഖം വിഷാദവിവശമായിരുന്നു.

ഞാനമ്പരന്നുനില്ക്കുമ്പോൾ മിഴികൾ തുടച്ചുകൊ ണ്ട് ബാച്ചാസാഹ്വ് പുറത്തിറങ്ങിപ്പോകുന്നതാണ് കണ്ടതു്.

ഞെട്ടിപ്പിക്കുന്ന ആ വാൎത്ത അപ്പോഴാണ് ഹനീഫ എന്നെ ധരിപ്പിച്ചതു്.

അബ്ദുൽജബ്ബാർ മരിച്ചു!

റഹ്മത്തിൻെറ അബ്ദുൽജബ്ബാർ മരിച്ചു.

ഹനീഫയുടെ മുഖത്തുനിന്നും ഉയൎന്ന ആ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ ഹൃദയം ദൌർബ്ബല്യങ്ങളുടെ വിഹാരരംഗമായിരുന്നിരിക്കണം. വികാരവിചാരങ്ങൾക്കടിപെട്ട് ഞാനന്നു് ഹനീഫയെ ചോദ്യങ്ങൾകൊണ്ടു് മൂടുകയായിരുന്നു.

ബോംബെയിൽവെച്ചു് സൈക്കിളിൽ യാത്രചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു വാഹനത്തോടടിച്ചു് തെറിച്ചുവീണു അബ്ദുൽജബ്ബാർ മരണമടഞ്ഞു. ആ മരണം നടന്നിട്ടു് കുറെ നാളുകൾ കഴിഞ്ഞിരിക്കുന്നു!

അബ്ദുൽജബ്ബാർ മരിച്ചുവെന്നു് കമ്പി കിട്ടിയപ്പോൾ ആ ദുരന്തവാൎത്ത റഹ്മത്തിനെ അറിയിക്കുവാനുള്ള മനോധൈര്യം ബാപ്പാസാഹിബിന്നില്ലായിരുന്നു. വ്യവസായകാൎയ്യം പ്രമാണിച്ചാണെന്നു് ധരിപ്പിച്ചാണു് അന്നയാൾ ബോംബെയ്ക്കുപോയതു്.

അബ്ദുൽജബ്ബാറിൻെറ മരണവാൎത്ത റഹ്മത്തിനെ ഇതുവരെ അറിയിച്ചിട്ടില്ലെന്നോൎത്തപ്പോൾ എനിക്കു് ഭീതിതോന്നി.

തീക്കനല്ലുകൾ വാരി വിഴുങ്ങിക്കൊണ്ടു് ആ വയസ്സനായ കച്ചവടക്കാരൻ നാളുകൾ നീക്കുകയായിരുന്നു. അപ്പോഴാണു് യാദൃശ്ചികമായി എന്നെ കണ്ടുമുട്ടിയതു്.

സമാധാനത്തിൻേറതായ ശീതളബാഷ്പകണങ്ങറം അന്ന യാളുടെ മനസ്സിനെ കുളൎപ്പിച്ചിരിക്കുന്നു.

അയാറം തീരുമാനമെടുത്തു: അബ്ദുൽജബ്ബാറി ൻെറ മരണവൃത്താന്തം റഹ്മത്തിനെ അറിയിക്കുവാ നുള്ള ചുമതല എന്നിൽ അൎപ്പിക്കുക.

കാരണം—എനിക്ക് അബ്ദുൽജബ്ബാറിൻെറ ത നിച്ഛായയാണത്രെ. അബ്ദുൽജബ്ബാറിന്നും മേൽചു ണ്ടിന്മേൽ ഇടതുവശത്തായി ഒരു മറുവുണ്ട്.

ഹനീഫ അന്നെന്നോട് പറഞ്ഞു: റഹ്മത്തി ൻെറ "ഭായി"യായി നീ കളിച്ചുരസിച്ചു നടക്കുന്നതി ന്നിടയിൽ ആ കാൎയ്യമങ്ങുപറഞ്ഞാൽ അവളുടെ ദുഃഖ ത്തിന്നു കാഠിന്യം കുറയുമെന്നു് ബാപ്പാസായ്‌വ് വിശ്വ സിക്കുന്നു.

ആ സിൽക്കുഷൎട്ട് ധരിച്ചപ്പോറം അവറം "ഭാ യി, ഭായി" എന്നു വിളിച്ചു എന്നെ ഇറുകെ പൂണ്ടു, പിടിച്ചതു് ഞാനോൎത്തുപോയി. ഭീതി എന്നിലേക്കു ഇരച്ചുകയറി. നല്ലവനായ അവളുടെ സഹോദരൻ മ രിച്ചുപോയി എന്നല്ലെ ഞാനവളെ അറിയിക്കേണ്ടതു്? മണൽക്കാട്ടുകളിൽവീശുന്ന കൊടുങ്കാററുപോലെ ഭീകര മായ ഒരവസ്ഥയായിരിക്കും എന്നെ നേരിടുക. എ നിക്കു് വയ്യ. എനിക്കതു താങ്ങാനുള്ള കരുത്തില്ല.

എന്നെ കണ്ടില്ലെങ്കിൽ, ഞാനിങ്ങോട്ടുപോന്നി ല്ലെങ്കിൽ, ഒരിക്കൽ ബാപ്പാസായ്‌വ് അവളെ അതു് അറി യിക്കാതിരിക്കുമോ—? ഇല്ല.

എന്നാൽ, അത്ഥനയുടെ പ്രതിരൂപങ്ങളായ ബാച്ചാസാഷ്ടിൻെറ കണ്ണുകഠം എനിക്കു മറക്കാൻ കഴിഞ്ഞില്ല. മഞ്ഞുവീണുകൊണ്ടിരുന്ന ആ ഇരുണ്ടരാത്രിയിൽ ആദ്യമായി അയാളെൻെറ മുമ്പിൽനിന്നപ്പോഴും ആ കണ്ണുകളെന്താണു് സംസാരിച്ചിരുന്നതു്? പുകയുന്ന ഒരഗ്നിപർവ്വതമാണ് ആമനുഷ്യനെന്നു ഞാനന്നു മനസ്സിലാക്കിയില്ല. എന്തൊരു ദയനീയമായ അവസ്ഥയാണയാളുടേതു്—!

എസ്റ്റേറ്ററിൽ പോയി വേഗം തിരിച്ചുവരാമെന്നും ഉടനെ നാട്ടിലേക്കു പോകാമെന്നും പറഞ്ഞു ഹനീഫ എന്നെ സമാധാനിപ്പിച്ചു.

അതിന്നുള്ളിൽ എൻെറ ചുമതല ഞാൻ നിർവഹിക്കണം.

ഹനീഫ പോയപ്പോഠം എനിക്കു പരിഭ്രമം ഏറിവന്നു. റഹ്മത്ത് അടുത്തുവന്നപ്പോഠം ഞാനതു് മറക്കാൻ ശ്രമിച്ചു. പതിവിൽ കൂടുതൽ അന്നുരാത്രി ബാച്ചാസാഷ്ട് എന്നോടും റഹ്മത്തിനോടും സംസാരിക്കുകയുണ്ടായി. തമാശപറയാൻ അയാഠം മനഃപൂർവ്വം ശ്രമിക്കുകയാണെന്നു അന്നെനിക്കുതോന്നി. ബാച്ചാസാഷ്ടിൻെറ മന്ദഹാസത്തിന്നു വരഠംച്ചയുണ്ടായിരുന്നു.

“മാമി” അന്നെന്നെ ജബ്ബാർ എന്നു വിളിക്കുകയും ഉടനെ ഞെട്ടിത്തെറിക്കുകയുമുണ്ടായി. റഹ്മത്ത് ആ വിളികേട്ടു് പൊട്ടിപ്പൊട്ടിച്ചിരിച്ചു. “മാമി”ക്കു്

ഒരു തെററുപററിയതാണെന്നറിഞ്ഞിട്ടും അവശ അതൊരു നല്ല തമാശയായി കണക്കിലെടുത്തു.

അപ്പോഴെല്ലാം എൻെറ ഉള്ളു പതറുകയും ബാച്ചാസാഹ്വിൻെറ മുഖത്തു് അതു പ്രതിഫലിച്ചുകാണുകയുമായിരുന്നു. "മാമി"യും ബാച്ചാസാഹ്വും മിഴികശ തുടക്കുന്നതു് ഞാൻ കാണുകയുണ്ടായി.

റഹ്മത്തു് അവളുടെ പുസ്തകംപൊതിഞ്ഞിരുന്ന പഴയകടലാസ്സ് അഴിച്ചെടുത്തു് വർണ്ണശബളമായ ഒരു കടലാസ്സുകൊണ്ടു് അത് പുതുക്കിപ്പൊതിയുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കയായിരുന്നു.

അവളുടെ മൂക്കിന്മേൽ പററിയ മുറിവ് ഒരുവിധം ഉണങ്ങിയിരുന്നു. കൈവിരലിലെ നഖം മുറിച്ചിട്ടതുപോലെ ഒരു വടു അവിടെ സ്ഥാനം പിടിച്ചിരുന്നു.

പിറെറദിവസം ഒരു പഴയ തുവാലയുമെടുത്തു അവശ അബ്ദുൽജബ്ബാറിൻെറ മുറിയിലേക്കെന്നെ വിളിച്ചു. സൈക്കിശ ഒന്നു തുടച്ചു വൃത്തിയാക്കണമത്രെ. ഇടക്ക് അങ്ങിനെ ചെയ്തില്ലെങ്കിൽ അബ്ദുൽജബ്ബാർ വന്നാൽ വഴക്കു പറഞ്ഞെങ്കിലോ–!

റഹ്മത്തിനെ വിവരം ധരിപ്പിക്കാൻ ഞാൻ തീരുമാനമെടുത്തുകഴിഞ്ഞിരുന്നു. വിജനമായ ഒരു കുന്നിൻമുകളിലേക്കു ഉച്ചവെയിലിൽ ഏകനായി കയറിപ്പോകുന്നതുപോലുള്ള ഒരനുഭൂതിയായിരുന്നു എനിക്ക്.

എന്തൊരു കിതപ്പായിരുന്നു!

അവശ തലതല്ലി നിലത്തുകിടന്നുരുണ്ടു നിലവിളിയ്ക്കു........

ഉഗ്രമായ വേഗത്തിൽ പെഡലിൽചവിട്ടി സൈക്കിൾചക്രം തിരിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു റഹ്മത്തു്.

ഞാനവളെ എങ്ങിനെയോ വിവരം ധരിപ്പിച്ചു. വാക്കുകൾ കിട്ടാതെ വളരെയധികം പരുങ്ങേണ്ടിവന്നു എനിക്കു്.

റഹ്മത്തു് എന്നെ തുറിച്ചുനോക്കി. എന്തോ ഉരിയാടാനായി വായതുറന്നു.

"ഭാ............"

തുറന്ന വായ അടയുന്നില്ല. പെഡലിൽചവിട്ടിക്കൊണ്ടിരുന്ന കാലിനും അനക്കമില്ല. മൂക്കിന്മേലുള്ള വട്ടുവിൽ വിയപ്പുതുള്ളികൾ പൊടിഞ്ഞുകൂട്ടുന്നു.

പുകഞ്ഞുകൊണ്ടിരിയ്ക്കുകമാത്രം ചെയ്തിരുന്ന എന്നെ അത്ഭുതപ്പെടുത്തുകയാണു് റഹ്മത്തു് ചെയ്തതു്.

അവശ കരയുന്നില്ല!

തിരിഞ്ഞുകൊണ്ടിരുന്ന ചക്രത്തിന്നു് വേഗം കുറഞ്ഞുവന്നു. എൻെറ ഹൃദയത്തുടിപ്പുകളെ ദ്വിഗുണീഭവിപ്പിച്ചുകൊണ്ടു് ക്രമേണ അതു നിശ്ചലമായി.

അപ്പോൾ റഹ്മത്തിൻെറ കണ്ണുകൾ നിറയുകയായിരുന്നു........

KOTTAYAM PUBLIC LIBRARY • KOTTAYAM.

എൻെറ ചുമലിൽ തലചായ്ച്ചു് അവർ എത്ര നേരമാണ് തേങ്ങിക്കരഞ്ഞതു്—!

ഒരു പത്രറിപ്പോർട്ടെന്നപോലെയാണോ ഞാനവളെ അതു് ധരിപ്പിച്ചതു്.—? എന്തായാലും റഹ്മത്ത് എന്നോടു യാതൊന്നും ചോദിക്കുകയുണ്ടായില്ല.

അന്നു വൈകുന്നേരം അവർ 'മാമിയോടു്' എന്തോ ചോദിക്കുകയുണ്ടായെന്നു തോന്നുന്നു. 'മാമി' അനവധി നേരം അലമുറയിട്ടു് നിലവിളിക്കുകയുണ്ടായി. റഹ്മത്തു് കരയാതെ അവരുടെ മുമ്പിൽ ഇരിക്കുന്നുണ്ടായിരുന്നു.

ബാച്ചാസാഹ്യു് എന്നെ വിളിച്ചരികെനിത്തി എൻെറ തലയിൽ തടവിയിട്ടുപറഞ്ഞു: "റഹ്മത്തോടു ഭായി നീതാൻതമ്പി, നീതാൻ........"

ഞാൻ ബാച്ചാസാഹ്യിനെ സമാധാനിപ്പിച്ചു. വിഷമിക്കേണ്ട. അവറംക്കു സമാധാനിക്കാനൊന്നുമില്ലല്ലോ........

അപ്പോഴാണ് എന്നെ കെട്ടിപ്പിടിച്ചിട്ടു് അയാറം പൊട്ടിക്കരഞ്ഞതു്.

"തമ്പീ! എങ്കളെ വുട്ടുടാതെതമ്പീ, വുട്ടുടാതെ...."

റഹ്മത്തിന്നു് ഉന്മേഷകരമൊന്നും കാണുകയുണ്ടായില്ല. ഞാനപ്പോഴും കൂടെ ഉണ്ടായിരിക്കണമെന്നതു് നിർബ്ബന്ധമാണ്.

ചാടുകയും ഓടുകയും തുരുതുരെ സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്ന റഹ്മത്തു് തളൎന്നുവീഴേണ്ടതായ സന്ദർഭം എത്തി.

അസ്തമനസമയത്ത്, പോകാനുള്ള ഒരുക്കത്തോടെ ഹനീഫ വന്നുകയറി. പിന്നിൽ ബാച്ചാസായ്വും.

തിരകളടിച്ചിരമ്പിമറിയുന്ന സമുദ്രതീരത്തു ഞാൻ നില്ക്കുകയാണെന്നുതോന്നി ബാച്ചാസായ്വിൻെറ മുഖത്തു നോക്കിയപ്പോഠം. ഹനീഫ ബാച്ചാസായ്വിനോടാണ് സംസാരിച്ചതു്.

ഉടനെ പോകണം ഞങ്ങഠംക്ക്........

സാവധാനത്തിൽ സംഗതികഠം ധരിപ്പിച്ച റഹ്മത്തിനോട്ട് യാത്രപറയാൻ ഹനീഫ എന്നെ തിരക്കി.

റഹ്മത്തു് പൊട്ടിത്തെറിച്ചു.

നിലത്തുവീണു പിടഞ്ഞു നിലവിളിച്ച റഹ്മത്തിനെ ബാച്ചാസായ്വും 'മാമി'യുംകൂടി സമാധാനിപ്പിക്കാൻ ശ്രമിച്ചു. ഫലിക്കുന്നില്ലെന്നു കണ്ടപ്പോഠം അവരും അവളുടെകൂടെ ചേരുകയാണു് ചെയ്തതു്."

കൂട്ടനിലവിളിയായിരുന്നു.

ഹനീഫയും ഞാനുംകൂടി ബാച്ചാസായ്വിനേയും 'മാമി'യേയും ഒരുവിധത്തിൽ ശാന്തരാക്കിയപ്പോഠം റഹ്മത്ത് എഴുന്നേററു് അബ്ദുൽജബ്ബാറിൻെറ മുറിയിലേക്കോടിപ്പോയി.

ഹൃദയാന്തർഭാഗത്ത് വേദനയുടെ കുമിളകഠം വിളയുകയായിരുന്നു.......

കതക് കൊട്ടിയടക്കുന്ന ശബ്ദംകേട്ടു!

പരിഭ്രാന്തരായി എല്ലാവരും ഓടി. ബാച്ചാസായ്വും മാമിയും കതകിൽമുട്ടി. നിരവധിനേരം വിളി

ച്ചിട്ടും അവഠം തുറന്നില്ല. നിശ്ശബ്ദതയിൽ നനഞ്ഞ നിമിഷങ്ങഠം കടന്നുപോകുകയായിരുന്നു. ഹനീഫ എന്റെ ചെവിയിൽ പറഞ്ഞു: "നേരം വൈകുന്നു"

• അവളൊന്നു പുറത്തുവന്നെങ്കിൽ........വേർപാടിന്റെ വേദനയാകുന്ന ഭാരവും പേറിക്കൊണ്ടു് എനിയ്ക്കു പോകാം.

എനിയ്ക്കുന്നു തോന്നി: റഹ്മത്തിന്റെ സഹോദരൻ അബ്ദുൽജബ്ബാർ മരിച്ചതു് ഇന്നാണു്! മരിച്ചിറങ്ങിയ കുടുംബത്തിന്റെ മരവിപ്പു് അവിടെ വാഴ്ച നടത്തുകയായിരുന്നു.

"ബാവാ, പോയിട്ടുവര്റേന്ങ്കോ"

ബാച്ചാസായ്വ് തല വാതിലിൽ തല്ലി അവളെ വിളിച്ചു:

റഹ്മത്ത്! റഹ്മത്ത്!

ഞങ്ങളിരുവരും മന്ദഹാസംവിരിഞ്ഞ മുഖവുമായി സാഹോദര്യം കൈമാറിക്കൊണ്ടു് വേർപിരിയുമെന്നായിരിക്കും, ഒരുപക്ഷെ, ആ സാധുമനുഷ്യൻ കരുതിയിരിക്കുക.

റഹ്മത്ത് കതകു തുറക്കുന്നില്ലെന്നു കണ്ടപ്പോഠം ഹനീഫ എന്നോടു പറഞ്ഞു: "നീ വിളിച്ചുനോക്ക്—"

ഞാൻ കതകിനെ സമീപിച്ചപ്പോഠം ബാച്ചാസായിവും മാമിയും നിശ്ശബ്ദരായി. അടഞ്ഞ കതകിന്റെ വിടവിന്നുനേരെ നിന്നുകൊണ്ടു് ഞാൻ വിളിച്ചു:

റഹ്മത്ത്!

ഞാൻ കരയുകയാണു ചെയ്തതെന്നെനിക്കു് തോന്നി.

"റഹ്മത്ത്!"

അകത്തു് വസ്തുങ്ങൾ ഉലയുകയും കട്ടിൽ ഞെരിയുകയും ചെയ്തതായിത്തോന്നി.

ആ കതകു തുറക്കപ്പെട്ടു!

ബാഷ്പാസാഗരത്തിൽനിന്നും 'മാമി'യിൽനിന്നും ദീർഘനിശ്വാസമുയൎന്നിരിയ്ക്കണം.

നിറഞ്ഞ മിഴികളും പ്രയാസപ്പെട്ടു വരുത്തിയ പുഞ്ചിരിയുമായി അവസാനം റഹ്മത്തു് എൻെറമുമ്പിൽ വന്നു, ഭംഗിയുള്ള ആ തുകൽപ്പെട്ടി മെലിഞ്ഞു മാൎദ്ദവമേറിയ വിരലുകൾ തൂക്കിയെടുത്തുകൊണ്ടു്.

എൻെറ ഹൃദയത്തിന്നു് അസഹ്യമായ ചൂടായിരുന്നു.

ആഴമേറിയ കിണററിൽനിന്നെന്നപോലെ ആ ശബ്ദം പുറപ്പെട്ടു!

"ഭാ........യി!"

എനിക്കു് ശബ്ദിക്കാൻ കഴിഞ്ഞില്ല.

ചുവന്നു മെലിഞ്ഞു് ചന്തമേറിയ കൈകൾ എൻെറ മുമ്പിലേക്കു് ആ തുകൽപ്പെട്ടി നീട്ടി.

"ഭായി!........"

ഇമ്പമേറിയ ആ ശബ്ദത്തിന്നു് ഇടർച്ച ഭവിച്ചിരുന്നു.

എൻെറ നാവ് ഇറങ്ങിപ്പോവുകയാണ്....വിറക്കുന്നകൈകളാൽ ഞാനതുവാങ്ങി.......എന്നിട്ട് സാവധാനത്തിൽ...........

ഓ...........

എത്ര വർഷങ്ങൾ കടന്നു മറഞ്ഞുകഴിഞ്ഞു! വീട്ടിൽ വന്ന് പെട്ടി തുറന്നപ്പോഴാണ് ഇളംപച്ചനിറത്തിലുള്ള ഈ സിൽക്ക്ഷർട്ട് കണ്ടതു്. റഹ്മത്തിൻെറ കണ്ണുനീരിൻെറ ഇളംചൂടുതട്ടി ഈ ഷർട്ട് തളർന്നുകിടക്കുകയായിരുന്നു........

എൻെറ പ്രിയസഹോദരീ!

ഇന്നെന്നിൽ വലിയ മാററങ്ങൾ വന്നിട്ടുണ്ട്. ഈ ഷർട്ട് ധരിക്കാൻ ഇന്നെനിക്ക് കഴിയില്ല.

ഒരു ബക്രീദിന്ന് ഹനീഫ ഇവിടെ വന്നപ്പോൾ സൈക്കിൾപന്തയത്തിൽ ഞാനവനെ തോല്പിക്കുകയുണ്ടായി. ഒരുപക്ഷെ,—നീ അതറിഞ്ഞുകാണില്ല.

നിൻെറ മൂക്കിന്മേൽ കൈവിരലിലെ നഖം മുറിച്ചിട്ടതുപോലുള്ള ആ വടു ഇപ്പോഴും ഉണ്ടായിരിക്കും— അല്ലേ?

അനുജത്തീ! നിനക്കുഞാൻ മംഗളം നേരുന്നു. നിൻെറ ഓർമ്മക്കായി ഞാനീ തുകൽപ്പെട്ടിയിൽ ഈ സിൽക്കു ഷട്ട് സൂക്ഷിക്കുകയാണ്.

* 6

# ഏട്ടണാത്തുട്ട്

ഗോവിന്ദൻ മെല്ലെ എഴുന്നേററ് അടുക്കളയിലേ
യ്ക്കുകടന്നു. വിശപ്പുസഹിക്കാൻ കഴിയുന്നില്ല. ഇരി
ക്കാനും കിടക്കാനും തോന്നുന്നില്ല. അടുക്കളയിൽ ഒ
ന്നും ഉണ്ടാവില്ല. എങ്കിലും പോയി നോക്കാൻ തോ
ന്നുകയാണ്.

പാത്രങ്ങൾ ചിതറിക്കിടക്കുന്നു. അടുപ്പിൽ കുറ
ച്ചു് വെണ്ണീറുണ്ടു്. ചെറിയ ഒരു കലത്തിൽ പച്ചവെ
ള്ളവും. കാലത്തു പുഴുങ്ങിത്തിന്ന കൊള്ളിക്കിഴങ്ങിൻെറ
തെരമ്പുകൾ അങ്ങിനെത്തന്നെ കിടക്കുന്നു. ഉറുമ്പുകൾ
വന്നു പൊതിഞ്ഞിട്ടുമുണ്ടു്. അതൊക്കെ കാണുമ്പോൾ
അവനു വിശപ്പു് അധികമാവുകയാണ്. കരയാനും
തോന്നുന്നു.

ഇന്നലെ രാത്രി ഒന്നും ഉണ്ടായിരുന്നില്ല. രാവി
ലെ പാലൊഴിക്കാത്ത കുറച്ചു കാപ്പിയും ഒരു കഷ്ണം കിഴ
ങ്ങും വയററിലേക്കു ചെന്നതാണ്. ഇപ്പോൾ ഉച്ച ക
ഴിഞ്ഞിരിക്കുന്നു. പിന്നെ എങ്ങിനെ വിശക്കാതി
രിയ്ക്കും?

എന്നാലും അവൻ കരയില്ല. കരഞ്ഞാൽ അമ്മ
പറയും. "ഗോവിന്ദാ! നെനക്കു വിവരായില്ല്യേ.
ഭാസ്കരനെപ്പോലേം മാധവനെപ്പോലേം നീയും നെലോ
ളിയ്ക്ക്യാ? ഇണ്ടെങ്കി നെനക്ക് വിശക്കണേന്ന് തരില്ലേ?"

KOTTAYAM PUBLIC LIBRARY KOTTAYAM

അലൂമിനിയഗ്ലാസ്സിലുള്ളതു് കുറെ പച്ചവെള്ളം മുക്കിക്കുടിച്ചിട്ടു ഗോവിന്ദൻ ഉമ്മറത്തേക്കുതന്നെ പോന്നു. അമ്മ പായയിൽ തളർന്നു് കിടക്കുന്നു. കാലത്തു കിടന്ന കിടപ്പാണു്. അമ്മക്കു തീരെ വയ്യ. എന്നിട്ടും അമ്മ കരയുന്നില്ല. വിവരമുള്ളവർ എത്ര വിശന്നാലും കരയില്ല.

ഭാനു കിടന്നു് ഉറങ്ങുകയാണു്. അമ്മയുടെ അരികെ പായയിൽ. ഉണർന്നാൽ ആ പെണ്ണു് ചിരി നിലവിളിക്കാൻ തുടങ്ങും ഭാനുവിനു് വിവരമായിട്ടില്ല. അവൾക്കു് നാലുവയസ്സേ ആയുള്ളു. അവനു് ഏഴു വയസ്സായെന്നാണു് അമ്മ പറഞ്ഞതു്. മാധവനു് മുലപ്പാലുമതി. അവനു് ഒന്നരവയസ്സാണു്.

അമ്മ ഉറങ്ങുകയാണോ? അമ്മയുടെ മുഖത്തു നോക്കിയാൽ കരയുകയാണെന്നു തോന്നും. അമ്മക്കും നല്ല പിശപ്പുണ്ടായിരിക്കും........

ഇന്നെങ്കിലും അച്ഛനു കുറച്ചു കാശുകിട്ടിയാൽമതി. എന്നാൽ രാത്രി ചോറുണ്ടാവും, ഉണക്കമത്തി, അല്ലെങ്കിൽ പരിപ്പു്.......പപ്പടവും വാങ്ങും. രാത്രി ചോറും കറികളുമുള്ളപ്പോൾ അവനും അച്ഛനും ഭാനുവും ഒന്നിച്ചിരുന്നു ഉണ്ണും. അതൊന്നുമില്ലാത്ത ദിവസം അച്ഛനു വലിയ ഈറയാണു്. ഭാനു കരഞ്ഞാൽ തുടക്കു് നല്ല അടി കൊടുക്കും. അമ്മ വല്ലതും പറഞ്ഞാൽ അമ്മക്കും കിട്ടും അടി.

വയറിനുള്ളിലാണു് വേദന. സഹിക്കാൻ വയ്യ. അമ്മയോടു പറഞ്ഞു് അച്ഛന്റെ അടുക്കൽപോയി നോക്കിയാലോ! വല്ലതും കിട്ടിയിട്ടുണ്ടെങ്കിലോ! അച്ഛനു

കൂടുതൽ കാശ്ശുകിട്ടിയ ദിവസം അവൻ ചെന്നാൽ ചായയും പരിപ്പുവടയും കിട്ടാറുണ്ട്. ഓണം അടുത്താലാണ് അച്ഛന്നു കൂടുതൽ കാശ്ശുകിട്ടുക. അധികം ആളുകഠം 'ക്രോപ്പ്' ചെയ്യാനും മുഖം വടിക്കാനും അച്ഛൻെറ അടുക്കൽ ചെല്ലും. കഴിഞ്ഞകൊല്ലം ഓണത്തിന്നു നല്ല സുഖമായിരുന്നു. രണ്ടുകുല നേന്ത്രപ്പഴം മേടിച്ചു. പച്ച ഒരുകുല വേറെയും. കുറെ ശക്കരയുപ്പേരിയുണ്ടാക്കി പുഴുങ്ങിയതു തിന്നുതിന്നു അവന്നു മതിയായി.

ഗോവിന്ദൻ ആശിച്ചു. ഓണമൊന്നു വേഗം വന്നെങ്കിൽ!

ഇക്കൊല്ലം ഓണത്തിന്നു വലിയ മെച്ചമൊന്നും ഉണ്ടാവില്ലെന്നാണ് അമ്മ പറഞ്ഞതു്. അച്ഛൻ ഇപ്പോഠം പിള്ളയുടെ സ്ഥലത്തല്ല. പിള്ളയുടെ സ്ഥലത്തായിരുന്നപ്പോഠം അച്ഛൻെറ 'ഷാപ്പ്' കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. ചില്ലുകൊണ്ടുള്ള വാതിലൊക്കെയായിരുന്നു. പിള്ള ആ സ്ഥലം ഒഴിപ്പിച്ചു. അച്ഛൻ വന്നു അതു പറഞ്ഞപ്പോഠം അമ്മ കരഞ്ഞു. അങ്ങിനെ ഇടക്കൊക്കെ അമ്മ കരയും. വിശന്നാൽമാത്രം കരയില്ല.

അച്ഛൻെറ ഇപ്പോഴത്തെ 'ഷാപ്പ്' കാണാൻ ഒരു ചന്തവുമില്ല. മുഖം നോക്കാൻ ഒരു കണ്ണാടിയും ഇരിക്കാൻ ഒരു കസാലയും മാത്രമുണ്ട്. അതുകൊണ്ടാവണം അധികം ആളുകഠം അച്ഛൻെറ ഷാപ്പിൽ ചെല്ലാത്തതു്. എന്നാലും ഓണമൊക്കെയായാൽ കാശ്ശുകിട്ടാതിരിക്കില്ല. പൂരത്തിനും കിട്ടും. പൂരം കാണാൻ പോകുന്ന ചിലരൊക്കെ അച്ഛൻെറ ഷാപ്പിൽ കയറും.

ങ്ആ! ഇന്നലെ തിരുവാണിക്കാവിലെ പൂരം! നാണുവാണവനോടതു പറഞ്ഞതു്. നാണുവിൻെറ അമ്മായിയുടെ വീടു് അമ്പലത്തിന്നടുത്താണത്രെ അവൻ പോകും. നാണുവിൻെറ അച്ഛന്നു നല്ല കാശുണ്ടു്. അങ്ങാടിയിൽ പീടികയാണു്. അതുകാരണം നാണുവിന്നു് ധാരാളം കാശുകിട്ടും.

കാശുണ്ടെങ്കിൽ ആക്കും പൂരത്തിനു പോകാമെന്നാണു് കുഞ്ഞീതു് പറഞ്ഞതു്. പൂരപ്പറമ്പിൽ ചക്കരക്കാപ്പി കച്ചവടംചെയ്യാൻ കുഞ്ഞീതുവിൻെറ ഇക്ക പോകുന്നുണ്ടത്രെ. അപ്പോൾ കുഞ്ഞീതു പൂരത്തിനു പോകാതിരിക്കില്ല. പക്ഷെ, വളരെ ദൂരം നടക്കാനുണ്ടെന്നാണു് കുഞ്ഞീതു പറഞ്ഞതു്. നടക്കാൻ കുഞ്ഞീതുവിന്നു് ഒരു വിഷമവുമില്ല. അവൻ ഇതിന്നുമുമ്പും പോയിട്ടുണ്ടു്.

ഊത്രാളിക്കാവിലെ പൂരത്തിന്നാണു് ഗോവിന്ദൻ പോയിട്ടുള്ളതു്. വളരെ ദൂരമൊന്നും നടക്കേണ്ട. അമ്പലം വളരെ അടുത്താണു്. അവനും അച്ഛനും അമ്മയും ഭാനുവും മാധവനും ഒരുമിച്ചാണു് കഴിഞ്ഞതവണ പോയതു്. ദേശത്തെ പൂരമാണെന്നാണു് അച്ഛൻ പറഞ്ഞതു്.

രാത്രി അച്ഛൻ തനിയെ പോകും. അവനോടു് കിടന്നുറങ്ങാൻ പറയും. പിറ്റെദിവസം കുഞ്ഞീതുവന്നു രാത്രിയിലെ മരുന്നുപണിയെപ്പററി പറയും. അതു കേൾക്കാൻതന്നെ എന്തു രസമാണു്.

രാത്രിയിലെ പൂരം കാണാനെന്താ വഴി?

മാധവൻ ഉണർന്നു കരയാൻ തുടങ്ങി. അമ്മയുടെ

മുലയിൽ പാലില്ല. കാശുണ്ടെങ്കിൽ മാധവനു് ആട്ടിൻപാലു് വാങ്ങിക്കൊടുക്കും. അമ്മയും ഉണന്നിരിക്കുന്നു. മാധവൻെറ കരച്ചിൽ കേട്ടാൽ ഭാനുവും ഉണരും. പിന്നെ നോക്കണ്ട. ഭാനു കരയാൻ തുടങ്ങിയാൽ വയറുനിറഞ്ഞല്ലാതെ നിറുത്തില്ല.

ഗോയിന്നാ! നെനക്കു് അച്ഛൻറടുത്തൊന്നു് പോയിനോക്കാൻ വൈയ്യേ്യാ?"

ഗോവിന്ദനു വിശപ്പുസഹിയ്ക്കാൻ കഴിയുന്നുണ്ടു്. വിശപ്പു ചത്തുകഴിഞ്ഞിരിയ്ക്കും. അവൻെറ അമ്മ പറഞ്ഞതാണു്, രണ്ടുമൂന്നുനേരം തുടർച്ചയായി പട്ടിണിയിരുന്നാൽ വിശപ്പു ചാവുമെന്നു്.

"വല്ലതും കിട്ടീരുന്നെങ്കി ഇതിന്നിത്തിരി പാലു് വാങ്ങിക്കൊടുക്കാരുന്നു." അമ്മ വീണ്ടും പറഞ്ഞു:

ഗോവിന്ദൻ നടന്നു. വല്ലാത്ത ക്ഷീണമുണ്ടു്. ട്രൌസർ ഒന്നുകൂടി ചരടുകൊണ്ടു മുറുക്കികെട്ടി. എത്ര മുറുക്കിയിട്ടും അയഞ്ഞു കീഴോട്ടിറങ്ങുന്നു.

വെയിലുകൊണ്ടു നടക്കുമ്പോൾ തളൎന്നുപോകുന്നു.

ജീർണ്ണിച്ച വഴിയമ്പലത്തിൻെറ വേലിയരികിലെ നീരോലിക്കൊമ്പുകളെ ചലിപ്പിച്ചുകൊണ്ടു് നേരിയ കാററുവീശി. ഗോവിന്ദൻ അങ്ങോട്ടുനോക്കി.

ഉറുമാമ്പഴത്തിൻെറ മരം!

പഴമില്ല. ധാരാളം മൊട്ടുകളുണ്ടു്. കല്ലുപെറുക്കി ഒരേറുകൊടുത്തു. മൊട്ടുകൾ പാറിവീണു. കൈ നിറയെ അവൻ പെറുക്കി. കുറെ തിന്നു.

പെട്ടെന്നവൻ ഓർത്തു.

ഛർദ്ദിക്കും ഒഴിഞ്ഞ വയറാണു്. മുമ്പൊരിക്കൽ അവൻ ഛർദ്ദിച്ചതാണു്. കയ്യിലുണ്ടായിരുന്ന മൊട്ട കഠം ഗോവിന്ദൻ ദൂരെ എറിഞ്ഞു.

റോഡരികിലെ പഞ്ചസാരപോലുള്ള മണൽ തട്ടിത്തുളിച്ചുകൊണ്ടു് നടന്നു. അങ്ങിനെ നടന്നാൽ കാശ്ശു കിടക്കുന്നുണ്ടെങ്കിൽ തെറിച്ചു ശബ്ദം കേഠക്കാം. കുഞ്ഞീതു പറഞ്ഞതാണു്. പലതവണ കിട്ടീയിട്ടുണ്ടത്രെ. ഗോവിന്ദനു് ഇതുവരെ ഒരു മുക്കാലും കിട്ടിയിട്ടില്ല. എന്നും അവൻ അച്ഛൻെറ അടുക്കലേക്കു പോകുമ്പോഠം ഇങ്ങിനെയാണു് നടക്കാറു്.

കുഞ്ഞീതു ഭാഗ്യമുള്ളവനാണു്. അതുകൊണ്ടാണു് കാശ്ശുകിട്ടുന്നതു്. കുഞ്ഞീതുവിനു് രാത്രിയിലെ പൂരം കാണാൻ കഴിയുന്നതും ഭാഗ്യമുള്ളതുകൊണ്ടല്ലെ! നാണുവിനും ഭാഗ്യമുണ്ടു്. അതുകൊണ്ടാണല്ലോ അവൻെറ അച്ഛനു് അങ്ങാടിയിൽ പീടിക.

ഭാഗ്യമുള്ളവർക്കൊക്കെ കാശ്ശുകിട്ടും. പൂരം കാണാനും സാധിക്കും. കാശ്ശുണ്ടെങ്കിൽ ഗോവിന്ദനും പൂരത്തിന്നു പോകാമായിരുന്നു. പക്ഷെ—തനിയെ പോയാലോ! അവൻ കുട്ടിയല്ലെ? കുട്ടികഠം തനിയെ പൂരത്തിന്നു പോയാൽ....

കാശ്ശുകിട്ടിയാൽതന്നെ എങ്ങിനെ പോകാൻ കഴിയും? അച്ഛൻ ഉണങ്ങിയ തവരക്കോലുകൊണ്ടു് അവൻെറ തുടയിൽ അടിച്ചടിച്ചു് പൊട്ടിക്കും. ചോരയൊലിക്കും. അമ്മ വന്നു തടുത്താൽ. അമ്മയെ കുനിച്ചുനിർത്തി കൈമുട്ടുകൊണ്ടു് പുറത്തുകുത്തും........

നാണവും കുഞ്ഞീരുവും പൂരത്തിന്നു പോകുന്നുണ്ട്. അവക്ക് നല്ല അച്ഛന്മാരാണല്ലോ്....

അവൻ നാണവിൻെറ മാതിരിയാണെങ്കിൽ!

അല്ലെങ്കിൽ, നാണവിൻെറ വീട്ടിൽ ഗോവിന്ദനും ഗോവിന്ദൻെറ വീട്ടിൽ നാണവും ആയാൽമതി.

ഹായ്....എന്നാൽ നല്ല സുഖമായി. നാണവി ന്നാണ് അപ്പോഠം അടികൊള്ളുക. ഭാനുവിനെ കരയിച്ചാലോ, വെളിച്ചെണ്ണ വാങ്ങിക്കൊണ്ടുവരുമ്പോഠം കുപ്പി പൊട്ടിച്ചാലോ നാണവിന്നു് നല്ല അടികൊള്ളും. ഉണങ്ങിയ തവരക്കോലുകൊണ്ടുള്ള അടി. നാണവിന്നി ങ്ങിനെയൊക്കെ കിട്ടണം. അത്രവലിയ പവറാണ്. അമ്മായിയുടെ വീട്ട് അമ്പലത്തിന്നടുത്താണത്രെ. അടികൊള്ളുമ്പോഠം നാണ ഉറക്കെ നിലവിളിക്കും. അപ്പോഴൊക്കെ ഗോവിന്ദൻ നാണവിൻെറ അച്ഛൻെറ പീടികയിൽ കാശുവാങ്ങിയിടാനിരിക്കുകയാവും. ഒരുപക്ഷെ, നാണ കരഞ്ഞിട്ട് അവനോട്ട് പറയും. 'ൻെറ അച്ഛൻെറ പീടേന്നു പോടാ" കൂട്ടാക്കില്ല. ചിരിച്ചിട്ട് അവനോടുതന്നെ പോയ്ക്കോള്ളാൻ പറയും. അപ്പോഠം നാണവിൻെറ മുഖം കാണേണ്ടതാണ്. ആതോക്കുമ്പോഠംതന്നെ ചിരിവരുന്നു.

ഗോവിന്ദൻ കുലുങ്ങിച്ചിരിച്ചു.

നാണവിന്നങ്ങിനെ വേണം!

"പോരണോ?"

കുഞ്ഞീരു പൂരത്തിന്നു പുറപ്പെട്ടിരിക്കുന്നു. അവൻെറ തലയിൽ ഒരു ടവലുണ്ട്. പുള്ളിയുള്ള സില്ക്ക്.

39408

പെരുന്നാളിന്നാണ് കുഞ്ഞീതു അതു് കെട്ടാറുള്ളതു്. പൂരത്തിനു പോകുന്നതുകൊണ്ടായിരിക്കണം ഇപ്പോഠ കെട്ടിയതു്.

ഗോവിന്ദനും അവൻെറ കൂടെ പോയാൽ കൊള്ളാമെന്നുണ്ടു്. പക്ഷെ, അച്ഛൻ സമ്മതം കൊടുക്കില്ല. കുഞ്ഞീതുവിൻെറ കയ്യിൽ ഒരു കമ്പിറാന്തലുമുണ്ടു്.

"എന്തിനാ വെളക്ക്?"

"ഇക്കാൻെറ രാത്രിക്കച്ചോടത്തില്യ് കത്തിക്കാൻ. ഇജ്ജ് പോരണോ പൂരത്തിന്?"

"ല്ല്യ"

"ന്തേ?"

"ൻറച്ഛൻ സമ്മതിക്കില്ല്"

"ന്ത്നാപ്പൊ അച്ഛനോട്ടു് ചോയിക്കണെ?"

ങ്ഹും. അച്ഛനോട്ട ചോദിക്കുന്നതെന്തിനാണെന്നു്!

"അല്ലാന്നു്ച്ചാ അച്ഛൻ തല്ലും"

"നാ, ഞാൻ പോണതുകണ്ടു് കൊതിച്ചോ"

ഗോവിന്ദനു് കൊതിമാത്രമല്ല, സങ്കടവുമുണ്ടു്.

കാശുണ്ടെങ്കിൽ പോകാമായിരുന്നു. അച്ഛനോട്ട ചോദിച്ചാലോ!

"പേടിക്കാനൊന്നുംല്ലെടാ ഗോയിന്നാ അവടെ ഊത്രോളിക്കാവിലന്തി ആനല്ല."

ആനയില്ലെന്നോ! ആനയില്ലാതെ എന്തു പൂരമാണ്?

"ആനല്ല്യേങ്കി പിന്നെന്താ?"

"കുതരേണ്. കുതര ആള്ളേപ്പള് കുതരനെ എട്ടത്ത് ചാടലാ. ചെറ്യ കുട്ട്യോളും ചാടും"

"കുട്ട്യോളോ?"

"ങ്ആ. കുട്ട്യോളെന്നെ. ജീവനുള്ള കുതരയല്ല. വൈക്കോലോണ്ട് കെട്ടീണ്ടാക്കി സിൽക്ക് തുണ്യോണ്ട് പൊതിഞ്ഞ കുതര"

കുതിരയെ എട്ടത്ത് കുട്ടികൾ ചാടുമത്രെ. അവനെക്കാളും, കുഞ്ഞീതുവിനേക്കാളും ചെറിയ കുട്ടികളായിരിക്കുമോ? ഒന്നു കാണാൻ!

"നല്ല ചന്തണ്ടാവേപ്പാ?"

"നല്ല ചന്താ"

"നിയ്യെപ്പളാ മടങ്ങിവര്വാ?"

"ഒനേരം ബെളുത്തിട്ട് ഇക്കാൻെറപ്പം"

ഹാവൂ നേരം വെളുത്തിട്ടേയ്. അച്ഛൻ ഉണങ്ങിയ തവരക്കോല്യകൊണ്ടു അടിച്ചുകൊല്ലും അവനെ.

"ഇസ്റ്റാ! ഇജ്ജ് പോരേ"

"ഞാൻ ല്ല്യ ൻറച്ഛൻ തല്ലും"

കുഞ്ഞീതു മുമ്പെ നടന്നുപോയി. ഗോവിന്ദനേക്കാൾ ചെറിയവനാണ് കുഞ്ഞീതു. എന്നിട്ടും അവൻ തനിയെ പൂരത്തിന്നു പോകുന്നു.

ആനയിതാത്ത പൂരമല്ലെ! ഊരത്രോളിക്കാവിൽ ഗോവിന്ദൻ ആനകളെ കണ്ടിട്ടുണ്ട്. 'നെററിപ്പട്ടം കെട്ടി ആനകഠം നിരന്നുനില്ക്കുന്നതു്' അച്ഛൻ അവനു ദൂരെ നിന്നു കാണിച്ചുകൊടുത്തിട്ടുണ്ട്.

ആനയില്ലാത്ത പൂരം ഒരു ചന്തവുമുണ്ടാവില്ല.

കുട്ടികഠം കുതിരയെ എടുത്തു ചാടുമെന്നല്ലെ പറഞ്ഞത്! സിൽക്കുകൊണ്ടു് പൊതിഞ്ഞ കുതിരകളല്ലെ! കുട്ടികഠംക്കു കുട്ടിക്കുതിര. വലിയവക്കു് വലിയ കുതിര. എന്നിട്ടു എല്ലാവരും കുതിരകളെ എടുത്തു ചാടുക. ഹായ്, നല്ല രസമായിരിക്കും.

ഗോവിന്ദൻ കൈകളുയത്തി തുള്ളിച്ചാടി.

വേഗം ക്ഷീണിച്ചുപോയി. തീരെ വയ്യ.

നാണു കുതിരയെ എടുത്തു ചാടുമോ! അവിടെയുള്ള കുട്ടികഠം കുതിരയെ എടുത്തു ചാടാൻ നാണുവിനെ സമ്മതിക്കില്ല. അമ്മായിയുടെ വീടു് അമ്പലത്തിന്നടുത്തായിട്ടെന്താ! കുതിരയെ എടുത്തുചാടാൻ പററാഞ്ഞാൽ പോരെ.

നാണുവിന്നങ്ങിനെ വേണം.

ഗോവിന്ദൻ അച്ഛൻെറ ഷാപ്പിലേക്കു കയറി. അച്ഛൻെറ മുഖത്തു വെറുപ്പില്ല. കാശുകിട്ടിയിട്ടുണ്ടാകും. അച്ഛൻ ഒരാളുടെ തലമുടി ക്രോപ്പുചെയ്യുകയാണു്.

"ന്തേടാ?" അച്ഛൻ ചോദിച്ചു.

"അമ്മപറഞ്ഞു കാശുകിട്ട്യാ തന്നയയ്ക്കാൻ"

അച്ഛൻ അയാളോടു എന്തോ ചോദിച്ചുവാങ്ങി അവൻെറ കയ്യിൽ കൊടുത്തു.

തിളങ്ങുന്ന ഒരു എട്ടണത്തുട്ട്.

"കളയാതെകൊണ്ടോവില്ല്യേ?"

"ആങ്ങ് ആ."

ഗോവിന്ദനു നല്ല സന്തോഷമായി. അണ കയ്യിൽ മുറകെ പിടിച്ച് അവൻ റോഡിലിറങ്ങി നടന്നു.

അമ്മയോട്ട് ഒരണ ചോദിക്കണം. തന്നാൽ പൂരത്തിന്നു പോകണം. അച്ഛനോട്ട് അമ്മ പറയും: "ഗോവിന്ദൻ പൂരത്തിന്നു പോയിരിക്കുകയാണ്. നേരം വെളുത്താൽ കുഞ്ഞീതുവിൻെറ കൂടെ മടങ്ങിവരും"

അമ്മ സമ്മതംതന്നിട്ടല്ലെ പോകുന്നതു്. അതുകൊണ്ടു് അച്ഛൻ അടിയ്ക്കില്ല........

എന്താണൊരു ലഹള കേൾക്കുന്നതു്?

നോട്ടീസ്വണ്ടി!

ഒരു നോട്ടീസ്കിട്ടാൻ!

നോട്ടീസ്വണ്ടി അടുത്തുവന്നു. വണ്ടിയുടെ ഇരുഭാഗങ്ങളിൽ സിനിമയുടെ വലിയ പോസ്റ്ററുകൾ വെച്ചിട്ടുണ്ടു്. പിൻഭാഗത്താണ് നോട്ടീസ് വിതരണംചെയ്യുന്നതു്. കുട്ടികളും മുതിൎന്നവരും നോട്ടീസ്വാങ്ങാൻ ശ്രമിക്കുന്നുണ്ടു്. കുട്ടികൾക്കു കിട്ടുന്നില്ല. മുതിൎന്നവരുടെ കൈകളിൽ നോട്ടീസ്സുണ്ടു്. പച്ചനിറത്തിലും, ചുവന്നനിറത്തിലും. എത്രകുട്ടികളാണ് വണ്ടിപിടിച്ചു് ഒന്നുകൊണ്ടു് ഓടുന്നതു്!.

"ഹേയ്....ഒരു നോട്ടീസ്സേയ്!........ഹേയ് ഒല്ലൊരു നോട്ടീസ്സേയ്!" കുട്ടികൾ വിളിച്ചുചോദിച്ചു ബഹളം കൂട്ടുകയാണു്.

ഗോവിന്ദൻ നോക്കിനിന്നു. പച്ചനിറത്തിൽ ഒരു നോട്ടീസുകിട്ടിയെങ്കിൽ.......ചുവന്നതും അവന്നിഷ്ടമാണ്. രണ്ടെണ്ണം കിട്ടിയാൽ ഒന്നു ഭാനുവിന്നുകൊടുക്കും. ഒന്നുമാത്രമാണെങ്കിൽ ഭാനുവിനെ കാണിക്കില്ല. മടക്കി ട്രൌസറിൻെറ കീശയിൽ സൂക്ഷിക്കും. അല്ലെങ്കിൽ അതുകണ്ടാൽ പെണ്ണ് ചീറാൻ തുടങ്ങും.

മൊട്ടത്തലയുള്ള ഒരു ചെക്കൻ ഒറാളോട്ട് അയാഠം വായിക്കുന്ന നോട്ടീസ് ഇരക്കുകയാണ്. അത് ചുവന്നതാണ്. ഭംഗിയുണ്ട്.

ഗോവിന്ദനെ കൊതിപ്പിക്കാൻ വേണ്ടിയെന്നവണ്ണം അയാഠം വായിച്ചുകഴിഞ്ഞ നോട്ടീസ് മൊട്ടത്തലയന്നു് കൊടുത്തു. നോട്ടീസ് പിടിച്ചുകൊണ്ട് അവൻ ഗോവിന്ദൻെറ അടുക്കലേക്കു വന്നു. അതിലെ ചിത്രം നോക്കി രസിക്കുകയാണ്. ഗോവിന്ദൻ ജിജ്ഞാസയോടെ നോക്കിനിന്നു.

ആ നോട്ടീസ് ചോദിച്ചാലോ! ഗോവിന്ദനേക്കാഠം വലിയവനാണ് ആ ചെക്കൻ. ചോദിച്ചാൽ കൈ മടക്കി തലക്കു കുത്തിയാൽ.... കുത്തിയാൽ അവൻ കരഞ്ഞിട്ട് അച്ഛനോടുചെന്നു പറയും. അപ്പോഠം അച്ഛൻ ആ ചെക്കൻെറ മൊട്ടത്തലയിൽ കുത്തും. ഉറക്കെ കുത്തും പത്തു കുത്ത്. എന്നിട്ട് നോട്ടീസ് മേടിച്ച് അവന്നു കൊടുക്കും........

"ആ നോട്ടീസ് യ്ക്ക് തരേ്വാ?" ഗോവിന്ദൻ ചോദിച്ചു.

ആ ചെക്കൻ ചിറി കോട്ടിക്കൊണ്ട് പറഞ്ഞു.

"ഹയ്യാ. നല്ലവ്യതി. ഒക്കം!"

ഗോവിന്ദനു കരച്ചിൽവന്നു. അവൻ നോട്ടീസിൽ തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടുനിന്നു.

"ഹതാ ഒരു നോട്ടീസ്"

ഗോവിന്ദൻ ഒരു കുതികുതിച്ചു. പച്ചനിറത്തിൽ ഒരു നോട്ടീസ്. സന്തോഷം ഹൃദയത്തിൽ നിറഞ്ഞുതുളുമ്പി. രണ്ടു കൈകളുംകൊണ്ടും നിവർത്തിപ്പിടിച്ച് അവൻ നോക്കി ആനന്ദിച്ചു. എത്രനോക്കിയിട്ടും മതിയാവുന്നില്ല.

"പച്ചനിറത്തില്യ്ള്ളതാ നല്ലതു്" ഗോവിന്ദൻ പറഞ്ഞു.

അവന്റെ അരികെ നിന്നിരുന്ന ചെക്കൻ റോഡിൽനിന്നും എന്തോ കുനിഞ്ഞെടുത്തു. നിവൎന്നുനിന്ന് ഗോവിന്ദന്റെ മുഖത്തേയ്ക്കു തുറിച്ചുനോക്കി.

"ഇന്നാ ഈ നോട്ടീസും ഇജ്ജ്ട്ട്ത്തോ"

ഗോവിന്ദൻ കൈനീട്ടി വാങ്ങി. അവനു രണ്ടു നോട്ടീസായി. പച്ചനിറത്തിലുള്ളതും ചുവന്നനിറത്തിലുള്ളതും. ചുവന്നനിറത്തിലുള്ളതു് അവൻ ഭാനുവിന്ന് കൊടുക്കും.

അവനു നോട്ടീസുകൊടുത്ത ചെക്കൻ തിരിച്ച് അങ്ങാടിയിലേക്കുതന്നെ പോയി. ഗോവിന്ദൻ വീട്ടിലേക്കും നടന്നു. നോട്ടീസുകൾ മടക്കി ട്രൌസറിന്റെ കീശയിലിട്ട് ധൃതിയിൽ നടന്നു.

പെട്ടെന്നാണോർത്തത്.

അണയോ?....

അണ കയ്യിലില്ല. നോട്ടീസ് വലിച്ചു പുറത്തെ ടുത്തു് കീശയിൽ തപ്പി. ഇല്ല. അണകാണുന്നില്ല. തി ളങ്ങുന്ന എട്ടണത്തുട്ട്. അവൻ നിന്നു ചുററുപാടും തി രഞ്ഞു. നോട്ടീസു കിട്ടിയ സ്ഥലത്തേക്കുതന്നെ നടന്നു. അവിടെയും കാണുന്നില്ല. അവൻെറ ഹൃദയം വിങ്ങുക യാണ്. അവൻ ഓത്തു. ആ മൊട്ടത്തലയൻ ചെ ക്കൻ കുനിഞ്ഞെടുത്തതു്!.......

അപ്പോഠം ഗോവിന്ദനു കരച്ചിൽവന്നു.

അച്ഛൻ അവനെ തവരക്കോലുകൊണ്ടടിച്ചടിച്ച്.....

അമ്മ കാത്തിരിക്കുന്നുണ്ടാവും അവനെ. എട്ടണ വഴിയിൽ പോയെന്നു് അമ്മയോടു് ചെന്നു പറഞ്ഞാ ലോ! വേണ്ട. ആ ചെക്കനെവിടെപ്പോയി? എട്ടണ കിട്ടിയതുകൊണ്ടാണു് അവൻ ഗോവിന്ദനു നോട്ടീസ് കൊടുത്തതു്. അവനെ കണ്ടാൽ നോട്ടീസ് തിരിച്ചു കൊടുത്ത് എട്ടണ വാങ്ങാമായിരുന്നു.

ആ ചെക്കനെ ഒന്നു കണ്ടെങ്കിൽ! തിരഞ്ഞു് അ ങ്ങാടിയിലേക്കു് പോയാലോ! അയ്യോ.......അച്ഛൻ അ വനെകാണും. വിളിച്ചിട്ടു് എങ്ങോട്ടാണെന്നുചോദി ക്കും. അവനെന്തു പറയും?

അച്ഛനെ കാണാതെ പോകാൻ എന്താ വഴി?

വീട്ടിൽ ചെന്നു് അണപോയി എന്നു പറഞ്ഞാൽ അമ്മ തല്ലും. അച്ഛൻ വന്നാൽ അച്ഛനും. അവനു വയ്യ. അവൻെറ എട്ടണപോയി. ആ ചെക്കൻ കൊണ്ടു പോയി.

അവനു സങ്കടം അടക്കാൻ കഴിയുന്നില്ല. അവൻ കരഞ്ഞു തേങ്ങിത്തേങ്ങി കരഞ്ഞു.

"എന്താ കുട്ടീ കരയ്ണ്?" ഒരു വലിയ ആൾ അവനോടു ചോദിച്ചു. അവനു പരിഭ്രമമായി. അവൻ വഴിയിൽനിന്നു കരയുകയാണെന്നു് അയാൾ അച്ഛനോടു് ചെന്നുപറയുമോ? അവനു ഭയമായി.

"എന്തിനാ കരേണ്?" അയാൾ വീണ്ടും ചോദിച്ചു. അവൻ ഒന്നും മിണ്ടിയില്ല. കണ്ണുനീർ രണ്ടു കൈകൾകൊണ്ടും തുടച്ചുകൊണ്ടു നിന്നു.

"എന്തിനാകുട്ടീ കരേണ്?എന്താ മിണ്ടാത്തതു്?" അയാൾ പോകാനുള്ള ഭാവമില്ല. അയാൾ അവനെ അറിയുമോ? എന്നാൽ അച്ഛനോടുപറയും, തീർച്ച.

ഇയാളൊന്നു പോയെങ്കിൽ!

"പറയൂ കുട്ടീ..."

"ഒന്നൂല്ല്യ" അവൻ പറഞ്ഞു.

"പിന്നെ?....കുട്ടി, ബാർബർ അച്യുതൻെറ മകനല്ലെ?"

അസ്സലായി. അവനെ അയാൾ തിരിച്ചറിഞ്ഞിരിക്കുന്നു. അയാൾ നേരെ അച്ഛൻെറ ഷാപ്പിലേക്കാണു് പോകുക. അവനു സങ്കടം വർദ്ധിക്കുകയാണുണ്ടായതു്.

അയാൾ അവൻെറ കൈ പിടിച്ചുവലിച്ചു.

"വരൂ. അച്ഛൻെറടുത്തുപോകാം"

അവൻ പരവശനായി.

"ല്ല്യ. ഞാനില്ല്യ. അവൻ കുതറാൻ ശ്രമിച്ചു. അച്ഛനോടു് എട്ടണ നഷ്ടപ്പെട്ട കാര്യം പറഞ്ഞാൽ അച്ഛൻ അലറിച്ചാടും. എന്നിട്ടു് വീട്ടിലേക്കു കൂട്ടിക്കൊ

ണ്ടുപോയി. വളപ്പിൽനിന്നു ഉണങ്ങിയ തവരക്കോൽ വെട്ടിയെടുക്കും. എന്നിട്ട്........

"വരൂ. തല്ലുണ്ടാന്നു് അച്ഛനോട് ഞാൻ പറഞ്ഞോളാം. കുട്ടി പേടിക്കണ്ട."

അയാൾ അവന്റെ കൈവലിച്ചുകൊണ്ട് നടന്നു. അവൻ എത്ര ശ്രമിച്ചിട്ടും പിടിവിടുവിക്കാൻ കഴിയുന്നില്ല. കണ്ണുനീർ അവന്റെ കവിളുകളിൽക്കൂടി തുരുതുരെ ഒലിച്ചിറങ്ങുകയാണു്. അയാൾ അവനെ സമാധാനിപ്പിക്കാൻവേണ്ടി ഓരോന്നു പറയുന്നുണ്ട്. അവനതൊന്നും ശ്രദ്ധിക്കാൻ തന്നെ കഴിയുന്നില്ല.

"ഹെന്തേ?" ഷാപ്പിന്നടുത്തെത്തിയപ്പോൾ അച്ഛന്റെ ചോദ്യം കേട്ടു. അവൻ തലയുയർത്തിനോക്കി.

"എന്തേ?" അച്ഛൻ വീണ്ടും വിളിച്ചുചോദിച്ചു.

"എന്താണാവോ, പാതേല്ന്നിന്നു കരയായിരുന്നു." അവനെ പിടിച്ചുകൊണ്ടുവന്നയാൾ പറഞ്ഞു.

"എന്തേടാ? എന്തേണ്ടായേ്യാ"

അച്ഛൻ നിന്നു വിറക്കുന്നു.

അവനു് ഒന്നും പറയാൻ കഴിയുന്നില്ല. സങ്കടവും ഭയവും അവനെ കീഴ്പ്പെടുത്തിയിരിക്കുന്നു.

"ഗോയിന്നാ! നെന്നോടാ ചോദിക്കണെത്"

"എന്തൊന്നു്ച്ചാൽ പാഞ്ഞോ്ളൂ കുട്ടി." കസാലയിൽ ഇരിക്കുന്ന മനുഷ്യൻ വിളിച്ചുപറഞ്ഞു. അച്ഛൻ അയാളോടു വാങ്ങിയിട്ടാണു് അവന്റെ കയ്യിൽ

കൊടുത്തതു്. ക്രോപ്പ് ചെയ്യൽ അവസാനിച്ചിട്ടില്ല. അതുകൊണ്ടാണയാൾ അവിടെത്തന്നെയിരിക്കുന്നതു്.

പറയാതിരിക്കുന്നതുകൊണ്ടെന്താണ് കാര്യം. അവൻ പറയാൻതന്നെ തീരുമാനിച്ചു. പേടി അവനെ ശ്വാസം മുട്ടിക്കുന്നുണ്ടു്.

അവൻ കരഞ്ഞുകൊണ്ടു് പറഞ്ഞു.

"അ_ണ_"

"അണ?........അണ കളഞ്ഞോ?"

അവൻനിന്നു തേങ്ങിക്കരഞ്ഞു. അവനെ പിടിച്ചുകൊണ്ടു് വന്നയാൾ ഇറങ്ങിപ്പോയി.

"ഹൊ. എൻെറ ചെക്കാ! ഞാനപ്പള്ളും പറഞ്ഞില്ല്യ നെന്നോട്?....പട്ടിണികെടന്നു് ചത്തോളേയ്.... ശവങ്ങളെ!"

"ഓ കുട്ടിഎട്ടണീംകൊണ്ടുപോയികളയേ്?"

അവൻ ത റ ച്ചു നി ന്നു. അച്ഛൻ വീണ്ടും പണിയിൽ ഏർപ്പെട്ടു. അച്ഛൻെറ ചുണ്ടുകളും കൈകളും വിറക്കുന്നതു് അവൻ കണ്ടു.

ആ മൊട്ടത്തലയനെ ഒന്നു കണ്ടാൽ മതി. എന്നാൽ അവൻ എങ്ങിനെയെങ്കിലും അണ കൈക്കലാക്കും.

കുടൽ വേവുന്നുണ്ടു്. ഇന്നും പട്ടിണി കിടക്കണം. അതിനുപുറമെ വീട്ടിൽചെന്നാൽ തല്ലും......അച്ഛൻെറ മുഖം ഭയജനകമാണവന്നു്....

'ക്രോപ്പ്'ചെയ്യൽ കഴിഞ്ഞപ്പോൾ കസാലയിൽ

ഇരുന്നിരുന്ന ആറം ഇറങ്ങിപ്പോയി. അച്ഛൻ പുറത്തിറങ്ങി. അയാറം പോകുന്നതു് കുറച്ചുനേരം നോക്കിനിന്നു.

"എവിടേ വീണത്"ന്നു" നിശ്ചയണ്ടടോ?"

അവൻ മിണ്ടാതെ നിന്നു. തലതാഴ്ത്തിനിന്നു് വേദനതിന്നു. ഒരു ചെക്കൻ കുനിഞ്ഞെടുക്കുന്നതുകണ്ടു എന്നുപറയാൻ അവനു ധൈര്യമുണ്ടായില്ല.

"കരുത്തം വേണം. കരുത്തം."

അവൻ കേട്ടുകൊണ്ടുനിന്നു തരിച്ചു.

"ന്നാ, ജന്തോ! ഇതെങ്കിലും കളയാതെ കൊണ്ടുപോ." എട്ടണ അവൻെറനേരെ നീട്ടിക്കൊണ്ടു് അച്ഛൻ പറഞ്ഞു.

അവന്നു സങ്കടംതീൎന്നു. തിളങ്ങുന്ന ഒരു എട്ടണത്തുട്ടു് അവൻ കൈനീട്ടി വാങ്ങി.

അവൻ സംശയിച്ചു. അച്ഛൻ ആ ചെക്കനെ കണ്ടിട്ടു്........

'ക്രോപ്പു്'ചെയ്യൽ കഴിഞ്ഞു് തിരിച്ചുപോയ ആ മനുഷ്യൻ കിതച്ചുകൊണ്ടു വരുന്നു.

അച്ഛൻ അലറി.

"വേഗം പോടാ"

അയാറംവന്നു ഷാപ്പിൽ കയറുമ്പോറം അവൻ ഇറങ്ങിനടന്നു. പരിഭ്രമം കലൎന്ന ഒരു സ്വരം അവൻകേട്ടു.

"ഹെൻെറ എട്ടണ കാണാല്ല്യ. ഇവിടെ വീണൂന്നാ തോന്നണ്"

അവൻ ധൃതിയിൽ നടന്നു. അച്ഛൻെറ ഒരു എട്ടണത്തുട്ട് പോയി. അയാളുടേയും പോയിരിയ്ക്കുന്നു. അവൻെറ അച്ഛനു കാശില്ല. അയാൾക്ക് ധാരാളമുണ്ട്.

"കുട്ട്യേയ്! ഇവിടെ വരൂ!

അവൻ തിരിഞ്ഞുനോക്കി. അയാൾ അവനെയാണ് വിളിക്കുന്നത്. എന്തിനാണ്?

"ഇവിടെ വരുകുട്ടീ"! അയാൾ വീണ്ടും വിളിക്കുകയാണ്. അച്ഛനും അവൻെറ നേരെ നോക്കിക്കൊണ്ട് നില്ക്കുണ്ട്. അവൻ പതുക്കെ നടന്നുചെന്നു. അച്ഛൻെറ മുഖത്ത് സംഭ്രമം കലർന്നിരുന്നു. അവനെ വിളിച്ചയാൾ കിതച്ചുകൊണ്ട് ചോദിച്ചു.

"കുട്ടിക്കിവിടന്ന് ഒരെട്ടണകിട്ട്യോ?"

ഗോവിന്ദന് ദേഷ്യംതോന്നി.

"യ്ക്കൊന്നും കിട്ടീല്ല." അവനു ദേഷ്യവും സങ്കടവും വന്നു.

അവൻെറ അച്ഛൻ പറഞ്ഞു.

"കേശവൻനായരേ! അവനൊന്നും കിട്ടീട്ടില്ല്യ ന്നേയ്."

കേശവൻനായർ അവനെ സൂക്ഷിച്ചുനോക്കുകയാണ്. അവൻെറ ചുരുട്ടിപ്പിടിച്ച കയ്യിലേക്കും അയാൾ തറച്ചുനോക്കുന്നുണ്ട്.

ആ നോട്ടംകാണുമ്പോൾ അവനുപേടിതോന്നുന്നു.

"കുട്ടീടെ കയ്യിലെന്താ?"

അയാൾ അവൻെറ കൈപിടിച്ച് നിവർത്തിനോ

ക്കി. അച്ഛൻ കൊടുത്ത എട്ടണത്തുട്ട് കിടന്നു ചിരിക്കുന്നു.

അവന്നു ശ്വാസംമുട്ടുകയാണ്.

"ഹ. ഹ. ഹ." ഒരു പൊട്ടിച്ചിരിയോടെ അയാൾ അണ അവൻെറ കയ്യിൽനിന്നെടുത്തു.

ട്ടേ................!!

അവൻെറ മുഖം പൊള്ളി.

അച്ഛൻ അവനെ അടിച്ചതാണ്!

അവൻെറ കണ്ണുകളിൽനിന്നു വെള്ളമൊഴുകി. അച്ഛൻെറ മുഖത്തേക്കു നോക്കിയപ്പോൾ അവൻ ചൂളിപ്പോയി.

ആ ഭാവം ഭയങ്കരമായിരുന്നു.

"പോട്ടെ അച്യുതാ! കുട്ട്യേളല്ലെ" കേശവൻനായർ ഒരു ചെറുപുഞ്ചിരിയോടെ ഇറങ്ങി നടന്നു.

അച്ഛൻെറ ഭീകരമായ മുഖത്തേക്കുനോക്കിക്കൊണ്ടുനിന്ന മകൻെറ കണ്ണുനീർത്തുള്ളികൾ തറയിൽ വീണു വററിക്കൊണ്ടിരുന്നു.

# നനഞ്ഞ രാവുകൾ.

കിടപ്പുമുറിയുടെ ജാലകത്തിൻെറ ഒരു വാതിൽ അപ്പോഴും തുറന്നുകിടന്നിരുന്നു.... കനവും ഈർപ്പവുമുള്ള കാററ് അകത്തേക്കു് കടന്നു് ഉപദ്രവിക്കാൻ തുടങ്ങിയപ്പോൾ അയാൾക്കുതോന്നി: പരിചാരകനെ വിളിക്കാം.

തണുപ്പു് അസഹ്യമായിരുന്നു. സമുദ്രനിരപ്പിൽനിന്നു് ഏഴായിരം അടിയിലധികം ഉയരമുള്ള മലകൾക്കിടയിലെ ആ കൊച്ചുബംഗ്ലാവിൽ എല്ലാ സുഖസൌകര്യങ്ങളുമുണ്ടു്. കട്ടിലിൽ വിരിച്ച പുൽപായക്കുമീതെ കമ്പിളികൊണ്ടുള്ള കാർപ്പെററിട്ടിരുന്നു. തടിച്ച കിടക്കയിൽ, കാലുറകളും സ്വെററും മഫ്ളറുംധരിച്ചു, റഗ്ഗ്പുതച്ചാണു് അയാൾ കിടന്നിരുന്നതു്. എന്നിട്ടും കിടുകിടുത്തുപോകുന്നു.

എങ്കിലും, അയാൾ പരിചാരകനെ വിളിച്ചു ജാലകം അടപ്പിക്കുകയുണ്ടായില്ല. അതു തുറന്നുതന്നെ കിടക്കട്ടെ!

ആ ജാലകത്തിനുകീഴെ വരാന്തയിലല്ലേ ടോമി കിടക്കുന്നതു്! ജാലകങ്ങൾ അടച്ചാൽ അവനിൽനിന്നും വളരെയകലെയായി താൻ ഒററപ്പെട്ടിരിക്കുന്നുവെന്നയാൾക്കു തോന്നും. ചങ്ങലയുടെ ശബ്ദം കേൾക്കുകയുമില്ല.

ഈ തണുപ്പുസഹിക്കാൻ ശ്രമിക്കാം. ജാലകത്തിനു വെളിയിലേക്കു അയാൾ പതുക്കെ കണ്ണയച്ചു. ഒന്നും വ്യക്തമല്ല. പുറത്തും മരവിപ്പിക്കുന്ന മഞ്ഞായിരിക്കും. മലകൾ, കുന്നുകൾ, ഭീകരങ്ങളായ കാടുകൾ. ഒരിക്കലും കലക്കം തീരാത്ത ഒരു മലഞ്ചോല വനാന്തർഭാഗത്തുകൂടി കുത്തിയൊഴുകുന്നു.

അതുപോലുള്ള ഒരു മലഞ്ചോലവക്കിലെ മരക്കുടിലിൽ അയാൾ രാവുകൾ കഴിച്ചിട്ടുണ്ടു്. ബോധമില്ലായിരുന്നു........എങ്കിലും ഓർക്കാൻ കഴിയുന്നുണ്ടു്: മൂന്നു ജീവികൾ-മൂന്നേമൂന്നു മനുഷ്യജീവികൾ മാത്രം-അയാളെ സ്നേഹിച്ചിരുന്നു. സ്നേഹംകൊണ്ടു് അവരയാളുടെ ഹൃദയത്തെ വേദനിപ്പിച്ചു. ചില സന്ദർഭങ്ങളിൽ സ്നേഹിക്കപ്പെടലും ഒരു വേദനയാണു്. മാധുര്യം കിനിയുന്ന വേദന!

മാധുര്യമേറിയ ഒരു വേദനയോടെ പലപ്പോഴും അതോർത്തുപോയിട്ടുണ്ടു്. പിന്നെ കരുതി: എല്ലാം മറക്കാൻ ശ്രമിക്കാം.

കടിച്ചുകീറിയെറിയപ്പെട്ട ഓർമ്മകളാണു് അവയെല്ലാം. ഇപ്പോൾ വീണ്ടും........

വേണ്ട........

നിവർത്തിപ്പിടിച്ച ഇംഗ്ലീഷുപുസ്തകം അയാൾ കഴിയുന്നത്രവേഗത്തിൽ വായിക്കാൻ തുടങ്ങി.

നിരാശയിൽനിന്നും ഉടലെടുത്ത വേദനയുടെ ആഘാതമേററു ജീവിക്കാതെ ജീവിക്കുന്ന ഒരു കഥാപാത്രം.

മനസ്സ് പിടയുകയാണ്........

പെട്ടെന്നു പുസ്തകം തീർന്നു. ഇത്രവേഗം അവസാനിക്കുമെന്ന് കരുതിയില്ല. അവസാനിച്ചപ്പോൾ ഹൃദയം നിറഞ്ഞുനിന്നു.

സ്നേഹത്തിനുവേണ്ടി ദാഹിച്ചുനടന്ന സുന്ദരിയായ കഥാനായിക. ജീവിതം മുഴുവൻ അവൾക്കുവേണ്ടി ഒരു മഹാപുരുഷനായിത്തീരാൻ അദ്ധ്വാനിക്കുകയും അങ്ങിനെ നടിക്കുകയും ചെയ്ത ഭർത്താവ്. അയാൾ മരിച്ചു എന്നറിഞ്ഞപ്പോൾ ഒരു തുള്ളി കണ്ണീർ പുറത്തുചാടിക്കാൻ അവൾ തീവ്രമായി അദ്ധ്വാനിക്കേണ്ടിവന്നു. അത്രക്കു വികാരശൂന്യമായിത്തീർന്നിരുന്നു. ഭർത്താവിന്റെ മരണത്തിനുശേഷം അവളുടെ മനസ്സിൽ അയാളെക്കുറിച്ചുള്ള ഓർമ്മയോടൊപ്പം അനുകമ്പയും തങ്ങിനിന്നു.

പുസ്തകം അടച്ചപ്പോൾ അതിന്റെ കവറിന്മേലുള്ളചിത്രം അയാളുടെ ശ്രദ്ധയെ പിടിച്ചു നിറുത്തി. ഹൃദയം വീണ്ടും കനക്കുകയാണ്........

ദുഃഖത്തിന്റെ പ്രതീകംപോലെ ആ ചിത്രം... ....

ആ പേര് കുറച്ചുറക്കെത്തന്നെ വായിക്കണമെന്നയാൾക്കുതോന്നി.

മിസ്സിസ്....

ആയിരക്കണക്കിന്നടി ഉയരത്തിൽനിന്നു, മുറിഞ്ഞുകിടക്കുന്ന മലകളുടെ ഉൾഭാഗത്തേക്കെന്നപോലെ

അയാഠം ആ കണ്ണുകളിലേക്കുനോക്കി. അഗാധവും ഭീതിജനകവുമായ നീലിമ. അവിടെനിന്നും ദുഃഖം മുഴങ്ങുന്നുണ്ടെന്നു തോന്നി.

വേദനയുടെ ഭാരം ചുണ്ടുകളുടെ അററങ്ങളെ കീഴ്പ്പൊട്ടിറക്കിയിരിക്കുന്നു. വൃത്താകൃതിയിലുള്ള വായ പകുതി വിടൎന്നിട്ടുണ്ടു്.

എല്ലാം വിസ്മരിച്ചുകൊണ്ടു് അയാഠം ആ ചിത്രത്തിൽതന്നെ നോക്കിക്കിടന്നുപോയി. അപ്പോഠം അയാഠംക്കു് തോന്നി.

ഈ സ്ത്രീയെ ഞാനെവിടെയോ കണ്ടിട്ടുണ്ടു്.

ഓൎക്കാൻ ശ്രമിക്കയായിരുന്നു.

ഉല്ലാസ പ്രകടനങ്ങളും പൊട്ടിച്ചിരികളുമതിലു്ള്ള കൊണ്ടു് സുന്ദരികളെ മുട്ടിയുരുമ്മുന്ന ക്ലബ്ബുകളിൽ-

ഒരു ചിത്രം പൊന്തിവന്നു-

വെള്ളിക്കണ്ണുകളും ആപ്പിഠംതൊണ്ടുപോലെ ചുണ്ടുകളുമുള്ള സുന്ദരിയായ മേരി. അവഠം പറഞ്ഞു:

"നിങ്ങഠം തികച്ചും സുന്ദരനായ ഒരിംഗ്ലീഷുകാരനെപ്പോലെയാണു്. ഒരിക്കലും ഇന്ത്യനല്ല."

"വാസ്തവമോ-?"

ചിരിച്ചുകൊണ്ടു അവളുടെ നനഞ്ഞ ചുണ്ടുകളിൽ അമത്തി ചുംബിച്ചു. ഉന്മേഷവതിയായ ഒരു കൊച്ചു പെൺകുട്ടിയെപ്പോലെ മേരി ചിരിക്കുകയായിരുന്നു.

മേരി സ്നേഹമുള്ളവളാണു്!

എങ്കിലും മേരിക്ക ഈ ചിത്രത്തിലെ സ്ത്രീയുടെ ഛായയില്ല. മേരിയുടെ കണ്ണുകഠംക്ക് നീലിമയില്ല.

ഹൃദയത്തിൻെറ ഉള്ളറകഠംക്ക് വീണ്ടും വികാസം വർദ്ധിക്കുകയാണ്. ഹോട്ടലുകളിലെ സ്പെഷൽ റൂമുകളിൽ, സ്റ്റേഡിയത്തിൽ, ടെന്നീസ് കോർട്ടിൽ, ബീച്ചിൽ, പാക്കിൽ, അന്തസ്സും തിരക്കുമേറിയ മാക്കററിൽ–ഇല്ല. ഇവളെ എവിടെയാണ് കണ്ടത്?

അയാഠം പുസ്തകം മേശമേൽ വെച്ചു. ലൈററ കെടുത്തരുതെന്നു തോന്നി. നിറഞ്ഞുനിൽക്കുന്ന നിശ്ശബ്ദതയിൽ ഗംഭീരമായ ഒരു മുഴക്കം അലിഞ്ഞുചേൎന്നിട്ടുണ്ടെന്നു തോന്നുകയാണയാഠംക്ക്. ഭയഭക്തിബഹുമാനങ്ങളോടെ അയാളെ വണങ്ങിനിൽക്കുന്ന എണ്ണൂറിലധികം മനുഷ്യരും അവരുടെ കുടുംബങ്ങളും ഇപ്പോഠം സുഖമായി ഉറങ്ങുകയാവും. അവക്കെല്ലാം ഒരിക്കലും തീരാത്ത അല്ലലുകളുണ്ട്. എന്നിട്ടും അവർ സ്വസ്ഥരായി ഈ തോട്ടത്തിൻെറ ശ്രേയസ്സിനുവേണ്ടി ജീവിക്കുന്നു.

അയാഠംക്ക ഇവിടെ ഐശ്വൎയ്യമുണ്ട്.

എങ്കിലും താൻ ഒററപ്പെട്ടുകയാണെന്നെനിക്ക തോന്നുന്നു.

–എനിക്ക മനസ്സുഖമില്ല.

തുറന്നിട്ട ജാലകത്തിന്നു കീഴെനിന്നും ചങ്ങല ശബ്ദിച്ചു.

ടോമിയാണ്! അവനു തണുപ്പ് സഹിക്കാൻ കഴിയുന്നില്ലായിരിക്കാം.

KOTTAYAM PUBLIC LIBRARY KOTTAYAM

ടോമീ! ഞാനിവിടെയുണ്ടു്. എനിക്കുറക്കം വരുന്നില്ല.

കൊട്ടും തണുപ്പു സഹിച്ചു, കീറിയ ഷർട്ടും ഒററമുണ്ടും ധരിച്ചു ഉറങ്ങാൻ കഴിയാതെ എത്ര രാത്രികൾ കഴിച്ചിട്ടുള്ളതാണ്! വർഷങ്ങൾക്കുമുമ്പാണതു്.

പുതിയ ഉണർവ്വിന്റേതായ വിലപിടിച്ച ആവരണമിട്ടു അയാൾ ആ സംഭവങ്ങളെ മറവിയിലേക്കു ആഴ്ത്തിയിരിക്കുകയാണ്. ജീവിതത്തിൽ ഒരിക്കലും ഈ ആവരണമെടുത്തുനീക്കാൻ അയാൾ ഇഷ്ടപ്പെടുന്നില്ല.

കീറപ്പായയിൽ മലർന്നുകിടന്നു് കണ്ണീർപൊഴിച്ചു ആ നാളുകളെ അയാൾ വെറുക്കുന്നു....വെറുക്കുന്നു....

അന്നു കൂടക്കാരൻ കിഴവനും രണ്ടു് പെൺകുട്ടികളും അയാളെ ശുശ്രൂഷിച്ചു. കിഴവനും ചെറിയപെൺകുട്ടി ലച്ചിമിയും മഞ്ഞുപെയ്യുന്ന ഇരുണ്ടരാവുകളിൽ തോരാതെ വത്തമാനം പറയുമായിരുന്നു.

മലഞ്ചോലയുടെ വക്കിലെ ആ മരക്കുടിലിലിരുന്നു കൊണ്ടു് അന്നു ലച്ചിമി എത്രയെത്ര കഥകൾ പറഞ്ഞു! ആ കഥകളെല്ലാം ഒരിക്കൽക്കൂടി കേൾക്കണമെന്നയാൾക്കു് പലപ്പോഴും തോന്നുകയുണ്ടായിട്ടുണ്ടു്.

കീറിപ്പറിഞ്ഞ ഒരു പാവാട മാത്രം ധരിച്ചു കറുത്തുമിന്നുന്ന കണ്ണുകളോടെ എന്റെ മുമ്പിലിരുന്നു തുരുതുരേ വത്തമാനം പറഞ്ഞ ലച്ചിമീ!

നീ ഇപ്പോൾ എവിടെയാണു്—?

കാടുകളുടെ മദ്ധ്യത്തിലിരുന്നു ലച്ചിമി പറഞ്ഞ കഥകളെല്ലാം ശ്രദ്ധിച്ചുകേൾക്കാൻ അന്നു തനിക്കു കഴി

ഞ്ഞിരുന്നോ എന്നയാളിപ്പോഴും സംശയിക്കുന്നു. പുക പരത്തുന്ന മണ്ണെണ്ണവിളക്കിനു മുമ്പിലിരുന്നു തണുത്തു വിറക്കുന്ന അയാളുടെ ശ്രദ്ധ മുഴുവൻ അകത്തായിരുന്നു.

അവിടെ പലകയുടെ മറവിൽ പാഞ്ചാലിയുണ്ട്. വിടൻ നീലക്കണ്ണുകളുള്ള പാഞ്ചാലി.

ഓ, പാഞ്ചാലി!

ഒരു പിടച്ചിലോടെ അയാൾ മേശപ്പുറത്തുനിന്നും പുസ്തകമെടുത്തു. സമുദ്രംപോലെ മനസ്സ് ആർത്തിരമ്പുന്നു. സഹിക്കാൻ കഴിയുന്നില്ല. പതുക്കെ കരയണമെന്നുതോന്നി.

പാഞ്ചാലിയുടെ ഛായയുണ്ട് ഈ സ്ത്രീക്ക്.

എന്റെ പാഞ്ചാലി!

ചിത്രത്തെ ആവേശത്തോടെ അയാൾ ഹൃദയത്തിലേക്കടുപ്പിച്ചു.

വിടൻ കണ്ണുകളുമായി അടുപ്പിന്നരികിലിരുന്നു പാഞ്ചാലി അന്നു സ്വപ്നം കാണുമായിരുന്നു. ഒന്നും ശ്രദ്ധിക്കുകയില്ലെന്ന ഭാവത്തിൽ അയാൾ അതെല്ലാം സൂക്ഷിച്ചിരുന്നു. ഒരിക്കലും വറ്റാത്ത പുഞ്ചിരിയുമായി ആ മുതിൻപെണ്ണ് കുടിലിൽ അടങ്ങിയൊതുങ്ങി ജീവിച്ചു. ഒരു ദിവസം കണ്ണുതുറന്നതു് പാഞ്ചാലിയുടെ മടിയിൽ കിടന്നുകൊണ്ടാണ്. തണുപ്പ് അസ്ഥികളിലേക്കു തുളച്ചുകയറുന്നു. കഠിനമായ പനി അന്നയാൾക്കുണ്ടായിരുന്നു.

പാഞ്ചാലിയുടെ ഉള്ളംകൈകൾ അയാളുടെ നെററിയിൽ അമർന്നിരുന്നു. അവക്ക് സുഖകരമായ ഒരിളംചൂടുണ്ട്.

ക്ഷീണത്തോടെ തുറന്ന മിഴികഠം അവളുടെ മുഖത്തേക്കുയർത്തിയപ്പോഠം, കണ്ണുകഠം നിറഞ്ഞൊഴുകുന്നതാണു് കണ്ടതു്. അവളെ സമാധാനിപ്പിക്കേണമെന്നുണ്ടായിരുന്നു.

കൂടക്കാരൻ കിഴവനും ലച്ച്മിമിയും കുടിലിലില്ലാതിരുന്ന പകൽവേളകളിൽ പാഞ്ചാലി അയാളുടെ അരികിലായിരുന്നു. കയ്പേറിയ ആ നാളുകളിൽ പാഞ്ചാലിയുടെസാമീപ്യം അയാഠംക്കു സുഖമരുളി. അവസാനം....

അവസാനം അയാഠം പ്രതീക്ഷിച്ചതുപോലെത്തന്നെ സംഭവിച്ചു. രാത്രിയുടെ അവസാനയാമത്തിൽ ഇരുട്ടിലൂടെ വാക്കുകളെറിഞ്ഞുകൊണ്ടു് കാട്ടിന്നു നടുവിൽവെച്ചാണു് വേർപിരിഞ്ഞതു്.

കൊച്ചുകൃഷ്ണനാണു് അതിന്നെല്ലാം കാരണക്കാരൻ!

കൊച്ചുകൃഷ്ണാ! ഞാനിപ്പോഠം ആരാണെന്നു നിനക്കറിയില്ല. മനുഷ്യത്വത്തിൻെറ പുതുമയില്ലാത്ത മനസ്സോടെ നീ അന്നെന്നെ നരകിപ്പിച്ചു....

ഞാനിപ്പോഠം ഉയന്നവനാണു്. നിന്നേക്കാഠം എത്രയോ ഉയന്നവൻ.

ഇരുട്ടുനിറഞ്ഞ അറകളെയെന്നപോലെ ആ സംഭവങ്ങളെക്കുറിച്ചുള്ള ഓർമ്മകളെയും അയാഠം വെറുക്കുന്നു. ജീവിതത്തിൽ ഒരിക്കലും അതൊന്നും ഓത്തുപോകയില്ലെന്നു ശഠിച്ചിരിക്കയാണു്.

കഴിഞ്ഞുപോയ നാളുകളെച്ചൊല്ലി ഇനി വേദനിതിന്നാതിരിക്കുക. ഭൂതകാലം ഇരുണ്ടതായിരുന്നു. ഓമ്മകഠം കൈപ്പുറവയാണു്.

കൂരിരുട്ടിലേക്ക് ഒരിക്കൽ നേരിയ പ്രകാശം കടന്നുവന്നു. അപ്പോൾ അയാൾക്കുതോന്നി: എൻ്റെ ഭാവിതെളിയുകയാണ്.

ഞാൻ ഉയരുകയാണ്!

ഇപ്പോഴും ഉയർച്ചയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്.

പ്രൌഢമായ ജീവിതം നയിക്കുന്നവർ ഇപ്പോൾ കൂട്ടുകാരായുണ്ട്. അവരിൽ മറാത്തചുമുണ്ട്. ജീവിതം അവർക്കു മാധുര്യമേകുന്നു. ചിരിച്ചുചിരിച്ചു കുളിർമ്മനിറഞ്ഞ മനസ്സോടെ അയാളും അവരോടൊപ്പം ഒഴുകുന്നു.

ജീവിതം ആർത്തിയോടെ കോരിക്കുടിക്കുകയാണ്.

അയാൾ ഉയർന്നവരെ ഇഷ്ടപ്പെടുന്നു. ഉയർന്നവരെമാത്രം സ്നേഹിക്കുന്നു...... സ്നേഹിക്കുന്നു.

ചിരിച്ചമുഖങ്ങളെ അയാൾ ഓർത്തുപോകുന്നു! ആരെല്ലാം സുഹൃത്തുക്കളായുണ്ട്.

മി. ദേശായി, മി. റാക്ക്, ഡോക്ടർ മത്തു്....

അങ്ങിനെ അനേകം പേർ.

എണ്ണൂറുമുതൽ മൂവ്വായിരംവരെ ഉറപ്പിക മാസം തോറും വാങ്ങി അലസതയോടെ കാറോടിച്ചുപോകുന്നവരാണിവരെല്ലാം.

ആദ്യത്തെ ശമ്പളം വാങ്ങുമ്പോൾ അയാളുടെ കൈ വിറച്ചിരുന്നു. എണ്ണൂറിലധികം ഉറപ്പികയുടെ

ച്ചട്ടള്ള നോട്ടകറം, പിന്നീട്ട് അതോർക്കുമ്പോഴെല്ലാം ലജ്ജയനുഭവപ്പെടാറുണ്ട്.

റണിമെയിഡ് ഗ്രൂപ്പ്സ് എന്ന ഈ സ്ഥലത്തുവ ന്നിട്ട് അധികം നാളുകളായിട്ടില്ല. ഗെരൻസി എസ്റ്റേ റ്റിലാണ് ആദ്യം നിയമിതനായതു്.

അപ്പോയിറ്മെൻറ് ഓർഡർ കയ്യിൽ കിട്ടിയ പ്പോറം വിശ്വസിക്കാൻ കഴിഞ്ഞില്ല.

അസിസ്റ്റൻറ് മേനേജർ!

ഹൃദയം ഒരു ബലൂൺപോലെയായിരുന്നു. വീ ത്തുവീത്തു പൊട്ടുമെന്നയാറംക്കുതോന്നി.

മി. ദേശായിയുടെ കൈകളായിരുന്നു അതിൻെറ പിന്നിൽ

ദേശായിയെ മറക്കാൻ സാദ്ധ്യമല്ല.

പ്രിയ സുഹൃത്തേ, എൻെറ ജീവിതം താങ്കളോട്ട് കടപ്പെട്ടിരിക്കുകയാണു്.

മി. ദേശായിയാണു് അയാളുടെ കൈപിടിച്ചു് ഈ ഉന്നതശൃംഗലത്തിലേക്കാനയിച്ചതു്. ചുരുങ്ങിയ ദിവ സങ്ങളിലെ സൗഹൃൽബന്ധം ഇവിടെയെത്തിയ്ക്കുമെന്നറി ഞ്ഞിരുന്നില്ല.

പട്ടണത്തിൽ അലയുകയായിരുന്നു അന്നു്. എങ്കി ലും, മോടിയിൽ ഉടുപ്പുകളണിഞ്ഞിരുന്നു. പുറംമോടി കൊണ്ടും കുറെയൊക്കെ നേടാനാവും എന്നു് അന്നേ മന സ്സിലാക്കിക്കഴിഞ്ഞിരുന്നു. ജീവിതം അതാണ് പഠി പ്പിച്ചതു്.

മെറീനയിൽവെച്ചാണ് ദേശായിയെ കൂടുതൽ പരിചയപ്പെട്ടത്. മേരിയും അവളുടെ ജ്യേഷ്ഠത്തിയും ദേശായിയോടൊന്നിച്ചുണ്ടായിരുന്നു.

മസ്ലിൻ പട്ടുകൊണ്ടുള്ള നീലഫ്രോക്ക് ധരിച്ച മേരി അന്നൊരു കൌതുകവസ്തുവായിരുന്നു. ഒരു കുസൃതിക്കാരിപ്പെൺകുട്ടിയെപ്പോലെ കുടുകുടെ ചിരിച്ചുകൊണ്ട് മേരി കൈപിടിച്ചു കുലുക്കി.

ദേശായിയാണ് അയാളെ മേരിക്കും, ജ്യേഷ്ഠത്തി സെലീനക്കും പരിചയപ്പെടുത്തിയത്. കോളേജിൽ സീനിയറായിരുന്ന ദേശായിയെ കണ്ടു പരിചയം മാത്രമാണുണ്ടായിരുന്നത്. എന്നിട്ടും, അന്നു വളരെ നേരമിരുന്നു നാലുപേരും സംസാരിച്ചു.

ബ്ലൂമൌൺടെൻസിലെ ഒരു ടീ എസ്റ്റേറ്റിൽ മേനേജരാണ് താനെന്നു ദേശായി പറഞ്ഞു. എസ്റ്റേററു് സംബന്ധമായ ചില കാര്യങ്ങൾക്കായി ഇവിടെ വന്നിരിക്കയാണ്.

എസ്റ്റേററു് ജീവിതം മുഷിപ്പനാണത്രെ. മി. ദേശായിക്ക്. ഇവിടെ വന്നപ്പോൾ കുറെ സന്തോഷിക്കാൻ കഴിയുന്നുണ്ട് എന്നു പറഞ്ഞു മി. ദേശായി അരികെയിരിക്കുന്ന സെലീനയുടെ കണ്ണുകളിലേക്കു ഒളിഞ്ഞുനോക്കി.

ജ്വലിക്കുന്ന ഒരു വെള്ളിവിളക്കാണ് സെലീന!

മേരിയോ—?

മേരി അലസയായി ഇരുന്നു പുഞ്ചിരിതൂകി.

ഏതു ബിരുദമാണെടുത്തിരിക്കുന്നതെന്നു് മി. ദേശായി അന്വേഷിക്കുകയുണ്ടായി. എം. എ. പാസ്സായിട്ടുണ്ടെന്നു പറഞ്ഞപ്പോൾ, എസ്റ്റേററിൽ വേണമെങ്കിൽ ഉദ്യോഗം വാങ്ങിത്തരാം എന്നു വളരെ നിസ്സാരമായി മി. ദേശായി പറഞ്ഞു. അപ്പോൾ അത്ഭുതത്തോടെ മി. ദേശായിയുടെ മുഖത്തേക്കു മിഴിച്ചുനോക്കുകയാണയാൾ ചെയ്തതു്.

അപ്ലിക്കേഷൻ എഴുതി മി. ദേശായിയുടെ കയ്യിലേല്പിച്ചതിൻെറ പിറേറന്നുതന്നെ ഉദ്യോഗത്തിൽ നിയമിതനായി.

പരിഭ്രമമായിരുന്നു!

പിന്നീടാണു മനസ്സിലായതു, മേരിയുടെ സ്വാധീനശക്തിയായിരുന്നു.

മേരി സ്നേഹമുള്ളവളാണു്!

ദേശായിയെക്കൊണ്ടു പ്രവൎത്തിപ്പിക്കാൻ മേരി സെലീനയെ നിർബ്ബന്ധിച്ചിരിക്കും. സെലീനയിൽ അത്രക്കാവേശമുണ്ടു് മി. ദേശായിക്കു്.

മെറീനയിൽവെച്ചു യാത്രപറഞ്ഞു് സെലിനയും മേരിയും നടന്നകലുന്നതു നോക്കിനിന്ന ദേശായി ദീൎഘനിശ്വാസത്തോടെ പറയുകയുണ്ടായി.

Damn Beauty!

മി. ദേശായി അന്നയാളുടെ മുഖത്തു നോക്കി ചിരിച്ചിട്ടു തുടന്നു:

"അനുജത്തിയുമായി നിങ്ങൾക്കു പരിചയപ്പെടാം, മിസ്ററർ!"

മാസത്തിലൊരുതവണയെങ്കിലും ഇപ്പോൾ അയാളേയും ദേശായിയേയും കാണാനായി മേരിയും ജേഷ്ഠത്തിയും പട്ടണത്തിൽനിന്നും വരാതിരിക്കുന്നില്ല. മേരി പട്ടണത്തിലായിരിക്കുന്ന ദിവസങ്ങളിലെല്ലാം അയാൾ ടെന്നീസ്‌കോർട്ടിൽ ഇറങ്ങുന്നു.

ടെന്നീസ് കളിക്കുന്നവരിൽ താനും മി. ഹാക്കുമാണ് മുമ്പന്മാർ എന്നയാൾ സന്തോഷത്തോടെ ഓർത്തുപോയി. ഇവിടെവന്നു ആദ്യം കോർട്ടിലിറങ്ങിയ ദിവസം മി. ഹാക്ക്. അന്വേഷിച്ചു.

"ഹു ഈസ് ദിസ് ബോയ്, മി. ദേശായി?"

ആസ്ത്രേലിയക്കാരനായ ആ നല്ല മനുഷ്യൻെറ കണ്ണിൽ എല്ലാവരും കുട്ടികളാണ്. നോൺസ്‌ച്ച് എസ്റേററിലെ മേനേജരായ മി. ഹാക്കിനു അയാളെ പരിചയപ്പെട്ടത്തിക്കൊടുത്തു. മി. ദേശായി വളരെ ചെറിയതമാശക്കുപോലും ഉറക്കെ ചിരിച്ചുകൊണ്ട് മി. ഹാക്ക് വിദഗ്ധമായി ടെന്നീസ് കളിക്കുന്നു.

മി. ഹാക്ക് ഒരു ദിവസം കാറിൽ ഒരു സമ്മാനവുമായി അയാളുടെ ബംഗ്ലാവിലേക്ക് വരികയുണ്ടായി. വെളുത്തുമിനുന്ന നീണ്ട രോമങ്ങളോടുകൂടിയ ടോമി!

അയാളുടെ ഉന്മേഷത്തിന്നതിരില്ലായിരുന്നു. ആ വർഗ്ഗത്തിൽപെട്ട ഒരു നല്ല നായക്കുട്ടിയെ കിട്ടാൻ എത്രമാത്രം കൊതിച്ചതാണ്!

മി. ഹാക്ക് പറഞ്ഞു:

"ടെന്നീസ്‌കോർട്ടിലെ ഏററവുംനല്ല കൂട്ടാളിക്കു എൻെറ പാരിതോഷികം"

അയാാം ചിരിച്ചുകൊണ്ടു് നന്ദിപറഞ്ഞിട്ടു ടോമിയെ കൈകളിൽ കോരിയെടുത്തു.

ദേശായിക്കു നായ്ക്കളെ വളത്തുന്നതിൽ വലിയ മമതയില്ലെന്നാണു് മനസ്സിലാക്കാൻ കഴിഞ്ഞതു്. മാസത്തിൻെറ ഒടുവിലെ ആഴ്ചയായാൽ ദേശായി പരാതിപ്പെടാൻ തുടങ്ങുന്നു. ''സെലീനയും മേരിയും വരുന്നില്ലല്ലോ! അവക്കു ഒരുപക്ഷെ, ഈ മലയിലേക്കു വരുന്നതു് വെറുപ്പായിരിക്കും.''

ദേശായിയെ സമാശ്വസിപ്പിക്കേണ്ടതു് അയാളുടെ കടമയാണു്: "തീച്ചയായും അവർ വരും."

ചിരിച്ച മുഖങ്ങളും തിളങ്ങുന്ന വെള്ളിക്കണ്ണുകളുമായി അവർ വരികതന്നെ ചെയ്യുന്നു! മലകയറാൻ അവർ ഇഷ്ടപ്പെടുന്നില്ലെന്നു പരിഭവപ്പെടൽ ദേശായിയുടെ ഒരു ദൌർബ്ബല്യമാണു്.

അല്ലെങ്കിൽ-ദേശായിക്കു കുറെ ആത്മസംതൃപ്തി അതുകൊണ്ടുലഭിക്കുന്നു എന്നയാളിപ്പോാം സംശയിക്കുന്നു.

സെലീനയും മേരിയും വന്നാൽ മി. ദേശായയിൽ ഉന്മേഷം വിടരുന്നു.

തണുപ്പും മുഷിപ്പുമേറിയ ഈ അന്തരീക്ഷത്തിലേക്കു് ആനന്ദത്തിൻെറ ചൂടും പ്രസരിപ്പും ആവാഹിച്ചെത്തുന്ന സുന്ദരികളേ! ഒരിക്കലും വാടാത്ത മലരുകളായി നിങ്ങാം എന്നുമെന്നും ഞങ്ങളിൽ ജീവിക്കുന്നു!

ഇന്നലെയാണെന്നുതോന്നുന്നു, മി. ദേശായി പറയുകയുണ്ടായി:

"ഒരാഴ്ചക്കകം സ്വീററ്സ് ഇങ്ങോട്ടുവരുന്നുണ്ട്. എനിക്കു കത്തുകിട്ടിയിരിക്കുന്നു."

മേരി വരുന്നു!

ഈ തവണ മേരിയെ എങ്ങിനെയാണ് സ്വാഗതംചെയ്യേണ്ടതെന്നു മുഖം തലയണയിൽ അമർത്തി, ചിരിയുടെ കുമിളുകൾ സൃഷ്ടിച്ചുകൊണ്ട് അയാൾ ആലോചിച്ചു.

ഫ്ളവർവേസിൽനിന്നും പനിനീർ പൂക്കളെടുത്തെറിഞ്ഞ് അവളെ ശ്വാസംമുട്ടിക്കണം. കൈകൾ വീശിയെറിഞ്ഞ് തുള്ളിച്ചാടിച്ചിരിച്ചുകൊണ്ട് അവൾ കുറെനേരം അതെല്ലാം സഹിക്കും. ഒടുവിൽ അവളുടെ വിടർന്ന കണ്ണുകളിൽ പുഷ്പത്തിൻെറ മൃദുത്വമേറിയ ഇതളുകൾ തട്ടി വെള്ളംപൊടിയും. അപ്പോൾ........

അപ്പോൾ ഓടിച്ചെന്നു അവളെ വാരിയെടുത്ത്...

വാരിയെടുത്ത്....................

അയാളുടെ ഹൃദയത്തിൽ സംഗീതം മുഴങ്ങിക്കൊണ്ടിരിക്കയാണിപ്പോൾ. സുഖിക്കാൻ വേണ്ടി ജീവിക്കുന്നു എന്ന ബോധം ഒരു പ്രതികാരത്തിൻെറ ആവേശത്തോടെ അയാളിൽ പ്രവേശിച്ചിരിക്കുന്നു. അയാൾ വിചാരിച്ചു; ഞാൻ സുഖിക്കും. ജീവിതം മുഴുവൻ എനിക്കാനന്ദിക്കണം.

കഷ്ടപ്പാടിലൂടെയാണയാൾ വളർന്നത്. ഇതുവരെ നരകിച്ചു ജീവിക്കുകയായിരുന്നു. കൂരിരുട്ടിൽ തപ്പിത്തടയുകയായിരുന്നു. ഇപ്പോൾ ജീവിതത്തിലേക്ക് വെള്ളിനിലാവ് കടന്നുവന്നിരിക്കുന്നു.

ഇനി എൻെറ ജീവിതം സന്തോഷിക്കാൻ മാത്രമുള്ളതാണ്.!

ജാലകത്തിന്നു കീഴെ പുറത്തെ വരാന്തയിൽനിന്നും ചങ്ങല ശബ്ദിച്ചു. തണുപ്പിന്നു കാഠിന്യം വർദ്ധിക്കുന്നു എന്നയാൾക്കു തോന്നി. രാത്രിയിലെ മണിക്കൂറുകൾ കുറെയധികം കടന്നുപോയതു അയാളറിഞ്ഞിരുന്നില്ല.

പലതും ഓൎക്കുകയായിരുന്നു........

ടേബിൾ ലൈററണച്ചു അയാൾ റഗ്ഗ്‌വലിച്ചു തൻെറ ശരീരം ഭദ്രമായി പൊതിഞ്ഞു. കണ്ണുകൾ പൂട്ടി, ഉറക്കത്തെ സ്വാഗതംചെയ്തുകൊണ്ടു് കിടന്നപ്പോൾ വികാരങ്ങൾ തണുക്കുകയും നിമിഷങ്ങൾ ഹൃദയത്തുടിപ്പുകളോടു അലിഞ്ഞുചേരുകയുമായിരുന്നു........

പരിചാരകൻ വന്നു വിളിച്ചപ്പോഴാണയാൾ ഉണൎന്നതു്. ടീപോയിന്മേൽ ഒരു കപ്പു ചൂടുള്ള കാപ്പിയുണ്ടു്. ഓ, നേരം നല്ലവണ്ണം പുലൎന്നിരിക്കുന്നു.

കമ്പിളിക്കുള്ളിൽനിന്നും കൈകൾ പുറത്തെടുത്തപ്പോൾ തണുത്തുവിറച്ചുപോയി. ചൂടുള്ള കാപ്പി അയാൾക്കുന്മേഷം നൽകിയപ്പോൾ എഴുന്നേററു പുറത്തുവന്നു. വരാന്തയിൽ നിന്നുകൊണ്ടു് വെളിയിലേക്കു് നോക്കിയപ്പോൾ അയാൾക്കു മനസ്സിന്നു വിഷമം തോന്നി.

അകലെ, അടുക്കായിക്കിടക്കുന്ന മലകളുടെ കൂൎത്ത മുനമ്പുകൾക്കുമീതെ തിളങ്ങുന്ന വെള്ളിക്കിണ്ണംപോലെ സൂൎയ്യനില്ല! ഇരുണ്ട മേഘക്കൂട്ടങ്ങൾ കെട്ടിക്കിടക്കുന്നു.

പടന്നിറങ്ങിയ മഞ്ഞ് മലകളോടു മല്ലടിക്കുകയാണെന്നയാൾക്കു തോന്നി.

പതുക്കെ കോടപരക്കുകയാണ്. ഗംഭീരവും എന്നാൽ മൂകവുമായ ഒരാരവത്തോടെ പരിസരങ്ങൾ വെട്ടിവീഴ്ത്തപ്പെടുകയാണെന്നയാൾക്കു തോന്നി.

പതിവുപോലെ അന്നും അയാൾ ടോമിയെ കുറച്ചുനേരം ഓമനിക്കുകയുണ്ടായി. എങ്കിലും പഴയ ഉന്മേഷത്തിന്നു ചോർച്ചഭവിച്ചിരുന്നു.

ടോമിയെ നന്നായി കഴുകി ബ്രഷ് ചെയ്യണമെന്ന് പരിചാരകനെ വിളിച്ചുപറഞ്ഞു കിടപ്പുമുറിയിലേക്ക് വീണ്ടും കടന്നുചെന്നപ്പോൾ അയാളുടെ ദൃഷ്ടികൾ മേശപ്പുറത്തേക്ക് ഉഴറിച്ചെന്നു.

അയാളിൽ ഒരു ഞെട്ടലുണ്ടായി.

ആ ഇംഗ്ലീഷുപുസ്തകത്തിൻെറ കവറിൽ പാഞ്ചാലിയുടെ ചിത്രം.

നിറഞ്ഞു തുളുമ്പിയ നീലക്കണ്ണുകളോടെ, പകുതി വിടന്ന വായയോടെ, അയാളെത്തന്നെ നോക്കിക്കൊണ്ട് പാഞ്ചാലി നിൽക്കുന്നു. ദുഃഖത്തിൻെറ കയത്തിൽവീണു മുങ്ങിനിവരുന്ന ആ പെൺകിടാവ് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

നമ്മൾ വീണ്ടും കണ്ടുമുട്ടിയിരിക്കുന്നു. ഇപ്പോൾ എൻെറ സാന്നിദ്ധ്യം നിങ്ങൾ ഇഷ്ടപ്പെടുന്നില്ല അല്ലേ?

വേദനയുടെ കുത്തിയൊഴുക്കിലേക്ക് പിടിച്ചുതള്ളിയിടുന്ന ഓർമ്മകൾ വീണ്ടും തലപൊക്കുകയാണ്. പരിസരങ്ങളെ മൂടിക്കൊണ്ടു പരക്കുന്ന കോടപോലെ

ഓർമ്മകൾ അയാളേയും പരവശനാക്കുന്നു.

പാഞ്ചാലിയുമായി എനിക്കെന്തു ബന്ധമാണു ണ്ടായിരുന്നതു്?

പാഞ്ചാലിയെ വേദനിപ്പിക്കാൻ വേണ്ടി താൻ യാതൊന്നും ചെയ്തിട്ടില്ലെന്നു് അയാൾ സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ചു.

ശക്കരചേർത്തു പുഴുങ്ങിയ ചെറുപയർ തിന്നു തള്ളി നീക്കിയ ആ നാളുകളെച്ചൊല്ലി വിമ്മിഷ്ടപ്പെടാൻ അയാളിപ്പോൾ തയ്യാറില്ല.

സ്നേഹംകഴിച്ചുകൊളുത്തിയ ദീപവുമായി എൻെറ ജീവിതത്തിലേക്കു് കാലെടുത്തുവെക്കാൻ ഞാനൊരിക്കലും പാഞ്ചാലിയെ അനുവദിച്ചിട്ടില്ല.

എന്നിട്ടും ആ പെണ്ണു് ഇരുന്നു കണ്ണീർതൂകുന്നു. അതിൽ അയാൾ കുററക്കാരനല്ല.

നല്ലവളായ പാഞ്ചാലി!

നിൻെറ ജീവിതം തകർത്തതു് കൊച്ചുകൃഷ്ണനാണു്. കൊച്ചുകൃഷ്ണൻെറ കനത്ത ഹൃദയഭിത്തികളിൽ തലതല്ലി വീണുകരയുക. എന്നെ വെറുതെ വിട്ടേക്കു. ഇരുണ്ട ഭൂതകാലത്തിൽ ഞാനൊരു നൊണ്ടിയായിരുന്നു. ഇപ്പോൾ സ്വർഗ്ഗീയസൌഖ്യത്തിൻെറ പുഷ്പതർപ്പുകളാലലംകൃതമായ വഴിത്താരയിലൂടെ ഞാൻ ഓടുകയാണു്. എന്നെ വിളിക്കരുതു്.

ഞാൻ സുഖിക്കട്ടെ............

പരിചാരകൻെറ ശബ്ദം അയാളിൽ വീണ്ടും ഞെട്ടലുണ്ടാക്കി. ആ ചിത്രത്തിനു മുമ്പിൽനിന്നുകൊണ്ടു്

താൻ എത്രസമയം വെറുതെ നഷ്ടപ്പെടുത്തി എന്ന യാൾ സ്വയം കുററപ്പെടുത്തി.

ദിനചര്യകൾക്കു ശേഷം ഡ്രസ്സുചെയ്തു അയാൾ ഡൈനിംഗ് ടേബിളിനു മുമ്പിൽ വന്നിരുന്നു. കോഴിമുട്ടയോ നെയ്യോ ചേർത്തുണ്ടാക്കിയ വിഭവങ്ങൾക്കു പകരം ആവിപറക്കുന്ന ഇഡ്ഢലിയാണ് പ്രധാന പ്രാതഹാരമായി പരിചാരകൻ കൊണ്ടുവന്നുവെച്ചതു്.

ഇഡ്ഢലിയിൽനിന്നും ഒരു കഷ്ണം പൊട്ടിച്ചു അയാൾ വായിലിട്ടു............

ഒരു പഴയ തകരപ്പാത്രവുമായി ലച്ചിമി അന്നു് കൊച്ചുകൃഷ്ണൻെറ ചായക്കടയിലേക്കു ഇഡ്ഢലിവാങ്ങാൻ വന്നു. പുലരിയുടെ കൊടുംതണുപ്പു സഹിച്ചുകൊണ്ടു് ഇത്രയകലെയുള്ള കാട്ടിൽനിന്നു് ആ പെൺകുട്ടി വന്ന തോർത്തു അന്നുത്ഭുതപ്പെട്ടുപോയി.

കടയിൽ നല്ല തിരക്കുണ്ടായിരുന്നു.

രണ്ടണക്കു് ഇഡ്ഢലിവേണമെന്നു ലച്ചിമി പറഞ്ഞപ്പോൾ പാത്രവും അണയും വാങ്ങി. ഇഡ്ഢലി പാത്രത്തിലിട്ടു തിരിച്ചുകൊടുക്കുമ്പോൾ അയാൾ വീണ്ടും ആ പെൺകുട്ടിയെ ശ്രദ്ധിച്ചു. കീറിപ്പറിഞ്ഞ ഒരു പാവാടമാത്രമാണവൾ ധരിച്ചിരുന്നതു്. അവൾ നടന്നുപോകുന്നതു വ്യസനത്തോടെ നോക്കിനില്ക്കുമ്പോൾ ഒരലർച്ച കേട്ടു.

പിന്നിൽ കൊച്ചുകൃഷ്ണൻ കോപത്തോടെ നിന്നു വിറക്കുന്നു! കൊച്ചുകൃഷ്ണൻ ലച്ചിമിയെ തിരിച്ചുവിളിച്ചു. ചൂളിക്കൊണ്ടാണു് ആ ചെറിയ പെൺകുട്ടി വന്നതു്.

അപ്പോഴാണറിഞ്ഞതു് ഒരണവീതം വിലയുള്ള നാലിഡ്ഡലിയുണ്ടു് പാത്രത്തിൽ! അയാളമ്പരന്നു നില്ക്കുമ്പോഠം ആ പെൺകുട്ടിയുടെ കൈകളിൽ നിന്നും പാത്രം തട്ടിപ്പറിച്ചു വാങ്ങിയ കൊച്ചുകൃഷ്ണൻ പറഞ്ഞ വാക്കുകഠം അറപ്പോടും വേദനയോടുംകൂടി അയാഠം ഓർത്തുപോകാറുണ്ടു്.

അന്നു തനിക്കു ഒന്നും സംസാരിക്കാൻ കഴിയാതിരുന്നതുകാരണം, ഭയന്നു വിറക്കുന്ന ലച്ചിമിയുടെ മുഖത്തെ ദീനമായ ഭാവം ദൃഷ്ടിയിൽപ്പെട്ടതായിരുന്നു എന്നയാഠംക്കിപ്പോഠം തോന്നുന്നു.

ആ പെൺകുട്ടിയെ തീരെ ഗൌനിക്കാതെ ഇഡ്ഡലിയടക്കം തകരപ്പാത്രം ചായച്ചെടികളുടെയിടയിലേക്കു് വലിച്ചെറിയുകയാണ് കൊച്ചുകൃഷ്ണൻ ചെയ്തതു്. മണ്ണുപുരണ്ട തകരപ്പാത്രവുമെടുത്തു്, ഇററിവീഴുന്ന കണ്ണുനീരോടെ ലച്ചിമി നടന്നപ്പോഠം, അതു നോക്കിനിന്ന ഇരുകാലി മൃഗങ്ങളുടെ മുഖത്തു് പുഞ്ചിരിയായിരുന്നു.

പത്താംക്ലാസ്സ് കഴിഞ്ഞു, വഷങ്ങഠം നാലുകടന്നിട്ടും ഉററവരും ഉടയവരുമില്ലാതെ, പരാശ്രയത്തിൽ ജീവിക്കേണ്ടിവരുന്ന ദിവസങ്ങളെക്കുറിച്ചു് ദുഃഖിച്ചിരുന്ന ഇരുപത്തൊന്നാംവയസ്സിൽ കൊച്ചുകൃഷ്ണനൊന്നിച്ചു ആനമലയിലേക്കു കയറി.

ഞാൻ ഒററപ്പെട്ടവനാണ്; എനിക്കു രക്ഷിതാക്കളില്ല; സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമായി ഈ ലോകത്തിൽ എനിക്കാരുമില്ല എന്ന ബോധം മാനസികമായ ദൌർബ്ബല്യമാണുളവാക്കിയതു്. എസ്റ്റേററിൽ

നിന്നും ഒരു പുതിയ മനുഷ്യനായി, ആഡംബരപൂർവ്വം നാട്ടിൽ വന്ന കൊച്ചുകൃഷ്ണൻെറ വാക്കുകൾ പ്രതീക്ഷക ളുടെ പൂത്തിരി കൊളുത്തുകയായിരുന്നു.

കൊച്ചുകൃഷ്ണൻ അന്നുപറഞ്ഞു:

"എൻെറ കൂടെ വാ; തോട്ടത്തിൽ റൈററരു ദ്യോഗം റെഡിയാണ്."

തണുപ്പും കഷ്ടനഷ്ടങ്ങളും സഹിച്ചു മലയിലെത്തി യപ്പോൾ നാട്ടിൽ വന്നു സദാ മന്ദസ്മിതം പൊഴിച്ചു നടന്നിരുന്ന കൊച്ചുകൃഷ്ണനെയല്ല കണ്ടതു്.

കൊച്ചുകൃഷ്ണൻ പെട്ടെന്നു മാറിപ്പോയി. ഭംഗി യുള്ള ടേബിൾക്ലോത്തു വിരിച്ച മേശയുടെ വലിപ്പുക ളിൽ പണംവാങ്ങിയിടാൻ കസാലയിൽ ഞെളിഞ്ഞിരിക്കുന്ന കൊച്ചുകൃഷ്ണൻ അയാളുടെ നേരെ ആജ്ഞകളെ ടുത്തെറിയുകയും ഗൌരവം സൂക്ഷിക്കുകയും ചെയ്തിരുന്നു.

ഒരു ദിവസം കൊച്ചുകൃഷ്ണൻ പറഞ്ഞു:

ഇന്നുമുതൽ രാത്രി എട്ടുമണി മുതൽ ഒമ്പതുവരെ നീ എന്നെ ഇംഗ്ലീഷ് പഠിപ്പിക്കണം.

റൈററരുദ്യോഗത്തെ സ്വപ്നംകണ്ടുവന്നു ചായമേ ശക്കരികെനിന്നു നാളുകൾ നീക്കേണ്ടിവന്ന അയാളന്നു കൊച്ചുകൃഷ്ണൻെറ വേലക്കാരനായിരുന്നു.

ഇംഗ്ലീഷ്ക്ലാസ് തുടങ്ങിയപ്പോൾ വേറെയും രണ്ടു മൂന്നു പേർകൂടി പഠിക്കാൻ തയ്യാറായി. വേലുപ്പിള്ള യുടെ മകൻ രാജു, ബാർബർ ചന്നിയുടെ അനുജൻ തമ്പി, ചാമുണ്ണിക്കിഴവൻെറ മകൻ വെള്ളക്കുട്ടി.

പത്താംക്ലാസ്സുകാരനാണ് കൊച്ചുകൃഷ്ണൻെറ വേല ക്കാരനെന്നും, അയാറം ചിലരെയെല്ലാം ഇംഗ്ലീഷ് പഠി പ്പിക്കുന്നുണ്ടെന്നുമുള്ള വാത്ത പരക്കുകയായിരുന്നു. തോ ട്ടത്തൊഴിലാളികളിൽ അനേകംപേർ സ്ലേററും പെൻ സിലുമായി വരികയും കൊച്ചുകൃഷ്ണൻ അവരെയെല്ലാം മൂർച്ചയേറിയ വാക്കുകളിൽ പരിഹസിച്ചു തിരിച്ചയക്കു കയും ചെയ്തുകൊണ്ടിരുന്നു. എല്ലാവരും അന്നു പഠി ക്കാനുള്ള അനുവാദത്തിന്നു കൊച്ചുകൃഷ്ണനെയാണ് സ മീപിച്ചിരുന്നതു്.

ഒരാറം മാത്രം............

ഒരേഒരാറം മാത്രം. ചായമേശക്കരികെ തളന്നു നില്ക്കുന്ന തന്നോടു ഭയന്ന ദൃഷ്ടികളോടെ വിറക്കുന്ന ചു ണ്ടുകളോടെ അപേക്ഷിക്കുകയുണ്ടായി എന്നയാളിപ്പോ ളോത്തുപോകുന്നു.

അതു കൂടക്കാരൻ കിഴവനായിരുന്നു............

കിഴവൻെറ മകൻെറ മകളായ ലച്ചിമി എന്ന കുട്ടിയെ ദയവായി കുറച്ചു പഠിപ്പിക്കണം. അതിന്നു വേണ്ടി എന്തു വേലയെടുക്കാനും കിഴവൻ തയ്യാറാണ്. മേനേജരുടെ മകളെ ഉപദ്രവിച്ചു എന്ന കുററത്തിന്നു് ലച്ചിമിയെ തോട്ടംവക സ്കൂളിൽ നിന്നും പുറത്താക്കി യതാണ്.

കൊച്ചുകൃഷ്ണനെ ചൂണ്ടി, അവിടെ ചോദിക്കണമെ ന്നയാറം പറഞ്ഞപ്പോറം കിഴവൻ പറഞ്ഞു.

അവിടെ ചോദിക്കാൻ എനിക്കു പേടിയാണ്; ഞാൻ ചോദിച്ചാൽ ഒരിക്കലും സമ്മതിക്കില്ല.

ആ അവുപത്തുകാരൻെറ കണ്ണുകൾ നിറയുന്നുണ്ടെന്നു തോന്നി.

"നിങ്ങൾ സമ്മതിക്കണം"

എനിക്കതിന്നധികാരമില്ലെന്നയാൾ പറഞ്ഞാൽ കിഴവൻ ഒരു പക്ഷെ പൊട്ടിക്കരഞ്ഞേക്കും. വരുന്നതു വരട്ടെ എന്നു കരുതി കിഴവനോടു പറഞ്ഞു:

"രാത്രി എട്ടുമണിക്കു കുട്ടിയെ കൊണ്ടുവരു"

കൂടക്കാരൻ കിഴവൻെറ ചുളിഞ്ഞ മുഖം സന്തോഷംകൊണ്ടു ചുവന്നും തളന്ന കണ്ണുകൾ വെട്ടിത്തിളങ്ങുകയാണെന്നു തോന്നി.

കിഴവൻ ചോദിച്ചു:

"ഞാൻ എന്താണു ചെയ്യേണ്ടതു്."

ഒന്നും ചെയ്യേണ്ട, കുട്ടിയെ മുടങ്ങാതെ പറഞ്ഞയച്ചാൽ മതി എന്നു പറഞ്ഞപ്പോൾ കിഴവൻ ആദ്യം ഒന്നു പരിഭ്രമിച്ചെങ്കിലും പിന്നീടു ആശ്വാസത്തോടെ യാത്രപറഞ്ഞു.

നരച്ച മീശക്കുകീഴെ കിഴവൻെറ ചുണ്ടുകളിൽ ഒരു പുഞ്ചിരി തങ്ങിനിന്നിരുന്നു. അന്നു മുതൽ അയാളുടെ ഹൃദയത്തെ കീഴ്പ്പെടുത്തുകയും, തുള്ളിച്ചാടിക്കളിക്കുന്ന ഒരു ചെറിയ കുട്ടിയുടെ മനസ്സാണു ആ കിഴവൻേറതെന്നയാളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തതു് ആ പുഞ്ചിരിയായിരുന്നു.

പിന്നീട് അനേകം തവണ ആ പുഞ്ചിരി തൻെറ മനസ്സിന്നു കുളിരേകുകയുണ്ടായി എന്നയാൾ സന്തോഷസമ്മിശ്രമായ ഒരു വേദനയോടെ ഓർത്തുപോയി.

പ്രിയപ്പെട്ട കൂടക്കാരൻ കിഴവാ!

താങ്കളന്ന് അറുപതുവർഷങ്ങൾ ജീവിതം പേറിയ ഒരു തളർന്ന മനുഷ്യനല്ലായിരുന്നു. കുഞ്ഞിക്കൈകൊലുകൾ കുടഞ്ഞു കളിച്ച് നിർമ്മലമായ പുഞ്ചിരി പൊഴിക്കുന്ന, ആറുമാസം മാത്രം വളർച്ചയെത്തിയ ഒരിളം പൈതലായിരുന്നു.

ആ പുഞ്ചിരിയോടു ഞാൻ കടപ്പെട്ടിരിക്കുന്നു.

ജീവിതത്തിലെ കറുത്ത ഏടുകളിൽ സ്നേഹത്തിൻെറ സുവർണ്ണലിപികൾ തുന്നിപ്പിടിച്ച താങ്കളുടെ സഹവാസം എന്നെ മറെറാരു മനുഷ്യനാക്കിയിരിക്കുന്നു.

ഇരുണ്ട വരാന്തരത്തിൽ വെച്ച്, ഇളകുന്ന ഈറൻ കാററിലേക്ക് ചൂടു നിശ്വാസങ്ങളെ അലിയിച്ചു ചേർത്തുകൊണ്ട് നമ്മൾ വേർപിരിഞ്ഞ ആ നിമിഷങ്ങളെ മറക്കാൻ എനിക്കു കഴിവില്ല.

കൂടക്കാരൻ കിഴവൻെറ നിഷ്കപടമായ പെരുമാററവും പുഞ്ചിരിയുമാണ് തനിക്ക് വീണ്ടും ജീവിതം നൽകിയതെന്നു ഓക്കാൻ ശ്രമിക്കുകയായിരുന്നു അയാൾ

അപ്പോൾ............

വരാന്തയിൽനിന്നും ടോമി നിലവിളിച്ചു. ഓർമ്മകളുടെ അഗാധഗർത്തത്തിൽ വീണു ചലനരഹിതനായിത്തീർന്നിരുന്ന അയാൾ ഒരു കുററബോധത്തോടെ അതു ശ്രദ്ധിച്ചു.

ടോമി നിലവിളിക്കുന്നു! അവനു പങ്കുകൊടുക്കാതെ മേശക്കു മുമ്പിൽ താൻ മിഴിച്ചിരിക്കുകയായിരുന്നു എന്നയാൾക്കു ബോധം വീണു. ചായ തണുത്താറിയിരുന്നു. പരിചാരകനെ വിളിച്ചു വേറെ ചൂടുള്ള ചായകൊണ്ടുവരാൻ പറയാതെ അയാളതു വലിച്ചുകുടിച്ചു.

ആ ബംഗ്ലാവിന്നു മുമ്പിൽ ഒരു കാർ വന്നുനില്ക്കുകയും ഹാൺ ശബ്ദിക്കുകയും ചെയ്തു.

ഓ, മി. ദേശായിയും ഡോ: ദത്തുമായിരിക്കും.

ടോമിക്കു പലഹാരം കൊടുക്കാൻ പരിചാരകനെ ഏല്പിച്ചിട്ട് അയാൾ ക്ഷണത്തിൽ കാറിന്നടുത്തേക്കു് ചെന്നു. കാറിൽ മി. ദേശായിയും ഡോ: ദത്തും ഇരിക്കുന്നു. അവർ ചിരിച്ചു. അവരെ 'വിഷ്' ചെയ്തതിന്നുശേഷം അയാൾ കാറിൽ കയറി.

മി. ഹാക്ക് മേനേജ്ചെയ്യുന്ന നോൺ സച്ച് എസ്റ്റേറവ് സന്ദർശിക്കുകയാണ് പരിപാടി. കുറെ ദിവസങ്ങളായി മി. ഹാക്കു ക്ഷണിക്കാൻ തുടങ്ങിയിട്ട്.

കാർ മുന്നോട്ടു നീങ്ങിയപ്പോൾ അവർ പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. കൂട്ടത്തിൽ സെലീനയെക്കുറിച്ചും സംസാരിക്കാൻ മി. ദേശായി മറന്നില്ല.

എന്നാൽ അയാൾക്കതുമുഴുവൻ ശ്രദ്ധിക്കാൻ കഴിയുന്നില്ല. വളഞ്ഞുപുളഞ്ഞു, മലകളെ ചുററുന്ന നിരത്തിലൂടെ കാർ ഞരങ്ങിക്കയറുമ്പോൾ അയാളുടെ ചിന്ത കീഴ്പോട്ടു ഉരുണ്ടിറങ്ങിക്കൊണ്ടിരുന്നു.

ലച്ചിമിയേയുംകൊണ്ട് കൂടക്കാരൻ കിഴവൻ അന്ന് എട്ടുമണിക്കുതന്നെ ചായക്കടയിൽ വന്നതു് അയാൾ ഓർത്തുപോകുന്നു.

കട പകുതിയടച്ച് കൊച്ചുകൃഷ്ണനും കൂട്ടുകാരും പഠിക്കാൻ തയ്യാറായി ഇരിക്കുമ്പോൾ പുറത്തുനിന്നും ചുമകേട്ടു. ആരാണെന്ന് കൊച്ചുകൃഷ്ണൻ അന്വേഷിച്ചപ്പോൾ ലച്ചിമിയെ മുമ്പിൽ നടത്തിച്ചുകൊണ്ട് കൂടക്കാരൻ കിഴവൻ അകത്തുകടന്നു.

ലച്ചിമിയുടെ കയ്യിൽ ഒരു പൊട്ടിയ സ്ലേററും ഒരു തുണ്ടു പെൻസിലുമുണ്ടായിരുന്നു.

കൂടക്കാരൻ കിഴവൻെറ മുഖത്തു് പരിഭ്രമവും!

കിഴവനേയും പെൺകുട്ടിയേയും കണ്ടപ്പോൾ കൊച്ചുകൃഷ്ണൻ ആർത്താർത്തു ചിരിച്ചു. ആ ചിരിയിൽ കൊച്ചുകൃഷ്ണൻെറ കൂട്ടുകാരും പങ്കുകൊണ്ടു.

അയാൾ മാത്രം ആ പെൺകുട്ടിയെക്കൂടി പഠിപ്പിക്കാൻ തന്നെ അനുവദിക്കണമെന്ന് കൊച്ചുകൃഷ്ണനോടപേക്ഷിക്കാൻ തയ്യാറെടുത്തു പിടയുന്ന മനസ്സോടെ നിൽക്കുകയായിരുന്നു.

ചിരിക്കിടയിൽ കിഴവൻ വന്നതെന്തിനാണെന്നു കൊച്ചുകൃഷ്ണൻ അന്വേഷിച്ചു. കിഴവൻ നിന്നു വിറക്കുകയായിരുന്നു. ഇടറിയിടറി ഒരു വിധത്തിൽ കിഴവൻ തൻെറ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ കൊച്ചുകൃഷ്ണൻ ആട്ടുകയാണ് ചെയ്തതു്.

കൊച്ചുകൃഷ്ണൻ പറഞ്ഞു: ഇതു് പള്ളിക്കൂടമല്ല! ചായക്കടയാണു്.

കിഴവന്റെ കണ്ണുകൾ നിറഞ്ഞു. പെൺകുട്ടിയെ കൊണ്ടുപോകാതെ കിഴവൻ വീണ്ടും നില്ക്കുകയാണെന്നു് കണ്ടപ്പോൾ കൊച്ചുകൃഷ്ണന്റെ കോപം ആളിക്കത്തി.

കൊച്ചുകൃഷ്ണൻ എഴുന്നേററു ആ കിഴവനെ അടിക്കുമോ എന്നു തോന്നി.

അന്നു താനാണു് കിഴവനെ സമാധാനിപ്പിച്ചു പറഞ്ഞയച്ചതു്. അല്ലെങ്കിൽ, ആ ചുളിവുകൾ വീണ മുഖത്തു് കൊച്ചുകൃഷ്ണന്റെ കൈകൾ വീഴുമായിരുന്നു.

കിഴവനും പെൺകുട്ടിയും നടന്നുമറഞ്ഞപ്പോൾ കൊച്ചുകൃഷ്ണനും കൂട്ടുകാരും വീണ്ടും ചിരിച്ചു. എന്നിട്ടു കൊച്ചുകൃഷ്ണൻ പറഞ്ഞ വാക്കുകൾ ഇപ്പോഴും കാതുകളിൽ മുഴങ്ങുകയാണു്.

കിഴവന്റെ വീട്ടിൽ ഒരു മുതിർന്നപെണ്ണുണ്ടു്. ആ സുന്ദരിയായിരുന്നെങ്കിൽ ഞാനെന്റെ മടിയിൽകയററിയിരുത്തി പഠിപ്പിക്കുമായിരുന്നു.

അന്നു് അയാൾ ഓടിച്ചെന്നു് കിഴവനേയും പെൺകുട്ടിയേയും വീണ്ടും സമാധാനിപ്പിച്ചു:

"ഞാൻ ഒമ്പതുമണിക്കു് വരാം കരിമ്പാലത്തിന്നു മുകളിൽ കാത്തുനില്ക്കു. നിങ്ങളുടെ വീട്ടിൽവന്നു് ദിവസവും ഒരു മണിക്കൂർവീതം കുട്ടിയെ ഞാൻ പഠിപ്പിക്കാം."

കിഴവൻ ഭയന്നു വിറക്കുകയാണു ചെയ്യതെന്നു് തോന്നി. എന്തോ പറയാനായി കിഴവൻ വായതുറന്നു. എട്ടുമണി മുതൽ ഒമ്പതുമണിവരെ കൊച്ചുകൃഷ്ണനേയും കൂട്ടുകാരേയും ഇംഗ്ലീഷ് പഠിപ്പിച്ചതിന്നുശേഷം ഓടിക്കിതച്ചുചെന്നപ്പോൾ കരിമ്പാലത്തിന്നു മുകളിൽ ഇരുളിൻെറ അംശംപോലെ കിഴവനും ലച്ചിമിയും ഇരിപ്പുണ്ടായിരുന്നു.

വഴിയിൽ കിഴവൻ ധാരാളം സംസാരിക്കുകയുണ്ടായി. കിഴവൻെറ മകൻെറ മക്കളായ രണ്ടു പെൺകുട്ടികൾ മാത്രമാണ് കിഴവനൊന്നിച്ച് കുടിലിൽ താമസിക്കുന്നതു്. കിഴവൻെറ മകനും ഈ പെൺകുട്ടികളുടെ അമ്മയും ജീവിച്ചിരിപ്പില്ല.

മകൻെറ ഭാര്യ മലമ്പനിപിടിപെട്ടാണ് മരിച്ചതു

മകൻെറ മരണത്തെപ്പററിപ്പറഞ്ഞപ്പോൾ ചുമലിലൂടെ ഇട്ടിരുന്ന കമ്പിളിക്കഷ്ണംകൊണ്ടു് കിഴവൻ കണ്ണുകൾ തുടച്ചെന്നു തോന്നി. ഒരു ദിവസം നേരം പുലൎന്നപ്പോൾ കിഴവൻെറ മകൻ മലഞ്ചോലവക്കിലെ പാറക്കൂട്ടങ്ങളിൽ കഴുത്തൊടിഞ്ഞു മരിച്ചുകിടക്കുന്നു. കൈകാലുകൾ നുറുങ്ങിയിരുന്നു...........

ഇരുന്നൂറിലധികം ആളുകളെവെച്ചു പണിയിപ്പിക്കുന്ന വേദമുത്തു മേസ്തിരിയുമായി വഴക്കിടുകയും അയാളെ അടിക്കാൻ കൈ ഉയൎത്തുകയും ചെയ്തിട്ടാണത്രെ മകൻ കുടിലിൽ രാത്രി തിരിച്ചെത്തിയതു്. എങ്കിലും, പതിവുപോലെ സുഖമായിത്തന്നെയാണ് ഉറങ്ങാൻ കിടന്നതു്.

നേരം പുലൎന്നപ്പോൾ...........

പാറക്കൂട്ടങ്ങൾക്കിടയിൽ കറുത്തനിറം കയറിയ രക്തം കെട്ടിക്കിടന്നിരുന്നു...........

മകന്റെ മരണത്തിന്നുശേഷം ലച്ചിമിയേയും അവളുടെ ജ്യേഷ്ഠത്തിയായ പാഞ്ചാലിയേയും കിഴവൻ പോററിവരികയാണ്.

മലഞ്ചോലയുടെ വക്കിലെ ഒരു മരക്കുടിലിലേക്കു് കിഴവൻ അന്നുരാത്രി അയാളെയും കൂട്ടി ചെന്നുകയറി. കുടിലിന്നു മുമ്പിൽ കറുത്ത പുകയുടെ അംശംപോലെ ഒരു വേപ്പുമരം നിന്നിരുന്നു. കിഴവൻ അങ്ങോട്ടു ചൂണ്ടിക്കൊണ്ടു പറഞ്ഞു: ആ വേപ്പുമരത്തിന്നു ചുവട്ടിൽ എന്റെ മകൻ ഉറങ്ങുന്നു.

ഒരിക്കലും ഉണരാത്ത സുഖനിദ്രയിൽ ലയിച്ചുകിടക്കുന്ന ആ മനുഷ്യനെ ഓൎത്തു കീറപ്പായിലിരിക്കുമ്പോൾ അകത്തു പലകയുടെ മറവിൽ കരിവളകൾ ശബ്ദിച്ചു.

സുന്ദരിയായ പാഞ്ചാലി!

ലച്ചിമിയെ ഒരു മണിക്കൂർനേരം പഠിപ്പിച്ചുകഴിഞ്ഞപ്പോൾ കിഴവൻ ഒരു തകരവിളക്കുമെടുത്തു് കടവരെ അയാളെ അനുഗമിക്കുകയുണ്ടായി.

കൂടക്കാരൻ കിഴവന്റെ കുടിലിലേക്കു പോയതിനെക്കുറിച്ചു് കൊച്ചുകൃഷ്ണൻ ചോദ്യംചെയ്തു. കൊച്ചുകൃഷ്ണനു് ധാരാളം പറയാനുണ്ടു്

ഒന്നാമതു്, കൂടകൾ പണിയുന്ന ആ കിഴവൻ ഒരു കീഴ്ജാതിക്കാരനാണ്.

രണ്ടാമത്തു്, ആ കുടിലിൽ വളർച്ചയെത്തിയ ഒരു പെണ്ണുണ്ട്.

കൊച്ചുകൃഷ്ണന്റെ വാക്കുകളിൽ മനുഷ്യത്വമില്ലായിരുന്നു എന്നയാൾക്കു തോന്നി.

കൂടക്കാരൻ കിഴവന്റെ കുടിലിലേക്കു എല്ലാരാത്രിയും ചെന്നു് ലച്ചിമിയെ പഠിപ്പിക്കൽ ഒരു മുടക്കവുംകൂടാതെ തുടൻകൊണ്ടിരുന്നു.

കൊച്ചുകൃഷ്ണന്റെ വിദ്വേഷം ആളിപ്പടരുകയായിരുന്നു. കൊച്ചുകൃഷ്ണനും കൂട്ടുകാരും കൊള്ളിവാക്കുകൾ എടുത്തെറിഞ്ഞു. ഒരു ദിവസം കൊച്ചുകൃഷ്ണനുമായി ഏറ്റുമുട്ടുകതന്നെ ചെയ്തു. അയാൾ പ്രതീക്ഷിച്ചിരുന്നതിലും ഉഗ്രമായ ഒരു പൊട്ടിത്തെറിയായിരുന്നു അതു്.

അയാളനു ഞെട്ടിത്തെറിക്കുകതന്നെ ചെയ്തു.

കറുത്ത രാത്രിയിൽ, കൊടുംതണുപ്പിൽ, കരിമ്പാലത്തിന്നു മുകളിലാണു് പോയിക്കിടന്നതു്. വനാന്തർഭാഗത്തുകൂടെ ഇഴഞ്ഞുപോകുന്ന വീഥിയിലൂടെ മലയിറങ്ങാൻ ഭയമായിരുന്നു. സഹായിക്കാൻ ആരുമില്ല. കയ്യിൽ പണവുമില്ല.

കരിമ്പാലത്തിന്നു മുകളിൽ കുളിർന്നുവിറച്ചുകൊണ്ടുള്ള ആ കിടപ്പു അപകടത്തിലേക്കു് നീങ്ങി. പുലർന്നപ്പോൾ എഴുന്നേററുനില്ക്കാൻപോലും കരുത്തില്ലായിരുന്നു.

കഠിനമായ പനി!

കൂടക്കാരൻ കിഴവൻെറ കുടിലിലേക്ക് വേച്ചുവേച്ചു നടന്നു. സൂര്യപ്രകാശംപോലും കടന്നുചെല്ലാത്ത ആ കുടിലിനുമ്പുറത്തു ചെന്നു തളൎന്നുവീഴുകയാണു് ചെയ്തതു്.

പിന്നെ ഒന്നും ഓൎമ്മയില്ല............

ഒരു ദിവസം കണ്ണുതുറന്നതു പാഞ്ചാലിയുടെ മടിയിൽ കിടന്നുകൊണ്ടാണ്. അന്നാണ് പാഞ്ചാലിയെ ആദ്യമായി നേരിൽ കണ്ടതു്............

നീലമിഴികളോടുകൂടിയ കറുത്ത സുന്ദരി. അവൾ കരയുന്നുണ്ടായിരുന്നു. ചൂടുള്ള കൈകളാൽ നെററിയും മാറിടവും പാഞ്ചാലി തടവിക്കൊണ്ടിരുന്നപ്പോൾ അയാളുടെ മിഴികൾ വീണ്ടും അടഞ്ഞുപോയി.

പനി ക്രമേണ വിടുകയായിരുന്നു............

എഴുന്നേററിരിക്കാമെന്നായപ്പോൾ ലച്ചിമിയും കൂടക്കാരൻ കിഴവനും തോരാതെ വൎത്തമാനംപറഞ്ഞു നേരംപോക്കുണ്ടാക്കുമായിരുന്നു. ലച്ചിമിയുടെ വിഡ്ഢിത്തങ്ങളും കഥകളും കേട്ടു പലകയുടെ മറവിൽ അടുപ്പിന്നരികിൽ ഇരിക്കുന്ന പാഞ്ചാലി ചിരിയ്ക്കും. ആ ചിരി കേൾക്കുമ്പോൾ അയാളുടെ ഹൃദയത്തിൽ സംഗീതത്തിൻെറ നാദധാരകൾ ഉറവെടുക്കും............

ലച്ചിമി അന്നെത്ര കഥകളാണ് പറഞ്ഞതു്! എല്ലാം ശ്രദ്ധിക്കുന്നുണ്ടെന്ന നാട്യത്തിൽ അയാൾ ഇരുന്നു. ഹൃദയം പാഞ്ചാലിയുടെ കൈകളിലായിരുന്നു.

പാഞ്ചാലി അധികം സംസാരിക്കാറില്ല. ലച്ചിമിയെപ്പോലെയല്ല; പാഞ്ചാലി വലിയ നാണക്കാരിയായിരുന്നു.

കൂടക്കാരൻ കിഴവൻ പലപ്പോഴും പാഞ്ചാലിയുടെ നാണത്തെ കുററപ്പെടുത്താറുണ്ട്. ലച്ചിമിയുടെ വായാടിത്തത്തേയും കിഴവൻ എടുത്തുപറയും.

അയാഠം കിഴവനെ സമാധാനിപ്പിയ്ക്കും.

ലച്ചിമി ഒരു ചെറിയ കുട്ടിയല്ലെ-?

എന്നിട്ട പാഞ്ചാലിയുടെ മുഖത്തേക്കു ഒളിഞ്ഞു നോക്കും. അപ്പോഠം തല താഴ്ത്തുകയേ ചെയ്യൂ.

രാത്രിയിൽ ഉറക്കമൊഴിച്ചിരുന്നു പണിതെടുത്ത കൂടകഠം പകൽവേളയിൽ തോട്ടത്തൊഴിലാളികഠംക്കിടയിൽ വിററഴിച്ചുവരുന്ന കൂടക്കാരൻെറ കയ്യിൽ ഒരു ചെറിയ മരുന്നുകുപ്പിയുമുണ്ടായിരിയ്ക്കും.

പനി തീരെ വിട്ടപ്പോഠം, ഒരു ദിവസം അയാഠംക്കു ശക്കരയിട്ട പുഴുങ്ങിയ ചെറുപയർ പാഞ്ചാലി വിളമ്പുകയുണ്ടായി.

അയാഠം രക്ഷപ്പെടുകയാണെന്നറിഞ്ഞപ്പോഠം കൂടക്കാരൻ കിഴവൻ ഒരു കൊച്ചുകുട്ടിയെപ്പോലെ തുള്ളിച്ചാടി. ലച്ചിമി അന്നു ഒരു പ്രാകൃതഗാനംപാടി നൃത്തം ചവുട്ടി അയാളെ സന്തോഷിപ്പിച്ചു. പാഞ്ചാലി അയാളെ ഒളിഞ്ഞുനോക്കിനിന്നു കുലുങ്ങിച്ചിരിയ്ക്കുകയായിരുന്നു. അന്നാണ് കുടിലിന്നു പുറത്തുനില്ക്കുന്ന വേപ്പുമരം അയാളുടെ ശ്രദ്ധയിൽപെട്ടതു്. ഇതിന്നു മുമ്പു് ഇരുട്ടിൻെറ തിരശ്ശീലക്കു പിറകിൽ മാത്രമെ അയാളതു കണ്ടിരുന്നുള്ളു.

ആ വേപ്പുമരം ഉണങ്ങുകയായിരുന്നു!

കൂടക്കാരൻ കിഴവൻ അതറിഞ്ഞിരുന്നില്ലേ അന്നു-?

ഓർമ്മകളുടെ അഗാധതയിൽനിന്നും അയാളെ വലിച്ചു പുറത്തെടുത്തിട്ടു മി. ദേശായി ചോദിച്ചു:

"എന്താ ആലോചിക്കുന്നതു്-? നിങ്ങൾക്കു് സുഖമില്ലെന്നെനിക്കു തോന്നുന്നു"

അയാൾ പുഞ്ചിരി തൂകാൻ ശ്രമിച്ചുകൊണ്ടു സുഖം തന്നെയാണെന്നു മറുപടി പറഞ്ഞു.

"നിങ്ങൾ വളരെ ക്ഷീണിച്ചിരിക്കുന്നു"

നോൺ സച്ചു് എസ്റ്റേററിൽ, ടി. ഹാക്കിൻെറ ബംഗ്ലാവിന്നു മുമ്പിൽ കാർനിന്നു. അയാൾ വാച്ചിൽ നോക്കിയപ്പോൾ മണി പന്ത്രണ്ടു കഴിഞ്ഞിരിക്കുന്നു.

ഉറക്കെ ചിരിച്ചു ബഹളം കൂട്ടിക്കൊണ്ടു മി. ഹാക്ക് അയാളെയും കൂട്ടുകാരെയും സ്വീകരിച്ചു.

മി. ഹാക്ക് നൽകിയ വിരുന്നിൽ പങ്കുകൊണ്ടതിന്നുശേഷം മി. ഫാക്ടറി സന്ദർശിക്കാനായി നടന്നു. ഓർമ്മകളിലേക്കു് പിടഞ്ഞുവീഴാതിരിക്കാൻ അപ്പോഴയാൾ ധാരാളം സംസാരിക്കാൻ ശ്രമിച്ചു.

ഫാക്ടറിയിൽനിന്നും ഉന്മേഷഭരിതനായാണ് മടങ്ങിപ്പോന്നതു്. മി. ഹാക്കിൻെറ ബംഗ്ലാവിൽനിന്നു ചായ കഴിച്ചതിന്നുശേഷം 'പ്ലക്കിങ്ങ്' നടക്കുന്ന ഫീൽഡ് സന്ദർശിക്കണമെന്നു മി. ദേശായി അഭിപ്രായപ്പെട്ടു.

മി. ഹാക്ക് സസന്തോഷം അവരെ 'പ്ലക്കിങ്ങ്' നടക്കുന്ന ഫീൽഡിലേക്കു് കൂട്ടിക്കൊണ്ടുപോയി.

നോൺ സച്ചു് എസ്റ്റേററു് പ്രകൃതിസുന്ദരമാണ്. താഴ്വരകളിലേക്കുള്ള വീക്ഷണം മാനസികോല്ലാസം

നൽകുന്നു. ചിതറിക്കിടക്കുന്ന മുനമ്പിൽ മധുരമായ സംഗീതം തങ്ങിനില്ക്കുന്നുണ്ടെന്നു തോന്നി.

എങ്കിലും അന്തരീക്ഷം സുഖമരുളിയില്ല. കറുത്ത് മേഘങ്ങൾ ഉരുണ്ടുകൂടുകയാണ്. വേദനകളുടെ ഭാണ്ഡങ്ങൾപോലെ മേഘങ്ങൾ കെട്ടിക്കിടക്കുന്നു. ഏതുനിമിഷത്തിലും അവ ഒന്നിച്ചുചേർന്ന് വിങ്ങിപ്പൊട്ടിയേക്കും.

'കവാത്തു്'നടന്ന കാടുകളിലൂടെ നടക്കുമ്പോൾ അയാൾ മി. ഹാക്കിനെ അഭിനന്ദിക്കാൻ മറന്നില്ല.

പച്ചിലക്കാടുകളിലേക്ക് പ്രവേശിച്ചപ്പോൾ തണുപ്പു വർദ്ധിക്കുകയാണ്. അവിടെ 'ക്രോപ്പി'ങ്ങ് നടക്കുന്നുണ്ടു്. കാൽമുട്ടുകൾക്കുമീതെ ചേലതെറുത്തുകയററി, കരിമ്പടക്കഷ്ണങ്ങൾ ചുററിയ തമിഴത്തികൾ തേയിലകൾ നുള്ളുകയാണ്. വരിയൊപ്പിച്ച് അരിച്ചരിച്ച് അവർ മുന്നോട്ടു നീങ്ങുന്നു.

കരയിപ്പിക്കുന്ന ഒരു പ്രേമകാവ്യം അക്ഷരപ്പിശകുകളോടെ അവർ മൂളുന്നുണ്ടെന്നയാൾക്കു തോന്നി. അവക്കിടയിലൂടെ ആർഭാടപൂർവ്വം ഭൂമിയിൽ ചവിട്ടിക്കൊണ്ടു് മി. ഹാക്കിൻെറ പിന്നാലെ നടക്കുമ്പോൾ ഭയപാരവശ്യംകലന്ന കണ്ണുകൾ അയാഘളയും കൂട്ടുകാരേയും തഴുകുകയാണ്.

പ്രായപൂർത്തിവന്ന ഒരു തമിഴത്തിപ്പെണ്ണിൻെറ സമീപത്തെത്തിയപ്പോൾ മി. ഹാക്ക് പുഞ്ചിരിയോടെ, പറഞ്ഞു:

"ഏററവും നന്നായി 'ക്രോപ്പിങ്ങ്' നടത്തുന്ന തിൽ ഇവറം ഒന്നാംസ്ഥാനമർഹിക്കുന്നു. അതുകൊണ്ടു് ഈ നല്ല പെൺകുട്ടിയെ ഞാൻ ഇഷ്ടപ്പെടുന്നു"

മി. ഹാക്കിൻെറ വാക്കുകറം ശ്രദ്ധിച്ചുകൊണ്ടു് അയാറം ആ പെൺകുട്ടിയുടെ കൈകറം പ്രവത്തിക്കുന്നതുനോക്കി വളരെ. കൂടിയ വേഗതയിലും ഏററവും ഭംഗിയായും അവളുടെ കൈകറം ചലിക്കുന്നു. ഓട്ടുവളകളണിഞ്ഞ ആ കൈകറം കാണാൻ ചന്തമുണ്ടു്.

മി. ഹാക്കു് അവളെ അഭിനന്ദിച്ചുകൊണ്ടു് നിന്നപ്പോറം ആ പെണ്ണു് പതുക്കെ മുഖമുയത്തി.

അയാളിൽ ഒരു ഞെട്ടലുണ്ടായി.

പരിചയമുള്ള മുഖം!

കറുത്ത ഏടുകളുടെ ചുരുളുകറം നിവരുകയാണോ?

മി. ഹാക്കു് പറഞ്ഞു:

"ലച്ചിമി എന്നാണിവളുടെ പേർ"

അയാറം വീണ്ടും ഞെട്ടിപ്പോയി.

"ലച്ചിമി-?"

"അതെ. ഇവറം താമസിയാതെ വിവാഹിതയാകും. എസ്റ്റേററിൽനിന്നും ആദരപ്പിക കടംകൊടുക്കാമെന്നു് ഞാൻ സമ്മതിച്ചിട്ടുണ്ടു്."

അയാളുടെ ഹൃദയം പിടക്കുകയാണ്. ചിത്രങ്ങറം തെളിയുകയും മായുകയുമാണ്. കഴിഞ്ഞകാലജീവിതത്തിലെ സംഭവങ്ങളുടെ രൂപരേഖകറം വരച്ചിടപ്പെടുകയാണ്.

ചിതറിയ രൂപങ്ങറം!

ലച്ചിമി!

കൂടക്കാരൻ കിഴവൻെറ കൂടെ, കീറിപ്പറിഞ്ഞ പാവാട മാത്രം ധരിച്ച്, പൊട്ടിയ സ്ലേററുകഷ്ണവുമായി കൊച്ചുകൃഷ്ണൻെറ ചായക്കടയിലേക്ക് പതറിയ കാൽ വെപ്പുകളോടെ പ്രവേശിച്ച ലച്ചിമി!

മലഞ്ചോലവക്കിലെ മരക്കൂടിലിൽ കഠിനമായ പനി കാന്തിട്ട തൊണ്ടായി അയാൾ കിടക്കുമ്പോൾ കഥകൾ പറഞ്ഞു് അയാളെ സന്തോഷിപ്പിക്കാൻ ശ്ര മിച്ച ലച്ചിമി!

ലച്ചിമി അന്നെത്രയോ ചെറിയ ഒരു പെൺകു ട്ടിയായിരുന്നു!

ലച്ചിമി!

എൻെറ ലച്ചിമി! നീയാണോ ഇതു്?

നിൻെറ ജ്യേഷ്ഠത്തി പാഞ്ചാലിയും കൂടക്കാരൻ കി ഴവനും എവിടെയാണ്? പാഞ്ചാലിയിപ്പോഴും സുഖ മായിത്തന്നെ ജീവിക്കുന്നു അല്ലേ-?

പാഞ്ചാലി............

പാഞ്ചാലിയിപ്പോൾ...........

ലച്ചിമി ഇലകളറുത്തുകൊണ്ടു് മുന്നോട്ടു നീങ്ങുക യാണ്. അയാളെ അവൾ തിരിച്ചറിഞ്ഞില്ലായിരി ക്കാം!

അന്നു് അയാൾ കീറിയ ഷർട്ടും ഒററമുണ്ടും ധരി ച്ച ഒരു മെലിഞ്ഞ മനുഷ്യനായിരുന്നു!

ലച്ചിമിയെ പഠിപ്പിക്കാൻ അയാൾ കുടിലിലേ ക്കു് പോയിരുന്ന നാളുകളിൽ, ഒരിക്കൽ ലച്ചിമിയുടെ

കയ്യിൽനിന്നും ഇസ്റ്റീലിയുള്ള തകരപ്പാത്രം തട്ടിപ്പറിച്ച് കൊച്ചുകൃഷ്ണൻ വലിച്ചെറിഞ്ഞതു് അയാൾ വേദനയോടെ ഓർത്തുപോയി.

മി. ദേശായി അയാളെ ചുമലിൽ തട്ടിവിളിച്ചു.

"മതി ആസ്വദിച്ചതു്"

ദേശായി ചിരിക്കുന്നു! മി. ദേശായിയുടെ പെരുമാററം അയാളെ അസ്വസ്ഥനാക്കി. പച്ചക്കാടുകളുടെ സൌന്ദര്യം ആസ്വദിച്ചുകൊണ്ടു നടക്കുമ്പോൾ അയാൾ വീണ്ടും ഓർമ്മകളിലേക്കു വഴുതിവീണു.

കൂടക്കാരൻ കിഴവനും ലച്ചിമിയും കുടിലിലില്ലാതിരുന്ന നേരങ്ങളിൽ പാഞ്ചാലി അയാളുടെ അരികിൽ വന്നിരുന്നു് വർത്തമാനം പറയുമായിരുന്നു.

അവളുടെ സാമീപ്യത്തിൽ അയാൾ ആരോഗ്യം വീണ്ടെടുക്കുകയായിരുന്നു.

ഒരു ദിവസം കുടിലിനു വെളിയിലിറങ്ങി പതുക്കെ അങ്ങുമിങ്ങും നടന്നുകൊണ്ടിരിയ്ക്കുമ്പോൾ പെട്ടെന്നു് ഒരു തളർച്ചയനുഭവപ്പെട്ടു. അസഹ്യമായ കുളിരും. കുടിലിൽ കയറി പായയിൽ ചുരുണ്ടുകിടക്കുമ്പോൾ അനിയന്ത്രിതമായി കിടുകിടുക്കുകയായിരുന്നു. മരണം അടുക്കുകയാണെന്നുപോലും അയാൾക്കുന്നു തോന്നി. ഉറക്കെ കരയണമെന്നുണ്ടായിരുന്നു. ഞരക്കം കേട്ടാണെന്നുതോന്നുന്നു, പാഞ്ചാലി അരികിൽവന്നു. അവൾ അയാളുടെ ശരീരം നിവർത്തിവെച്ച് കാലടികൾ കമ്പളികൊണ്ടു പൊതിഞ്ഞു. എന്നിട്ടും അയാളുടെ ശരീരം കിടന്നു തുള്ളുകയായിരുന്നു.

അപ്പോഠം പാഞ്ചാലി...........

ആ രംഗം ജീവിതത്തിൽ ഒരിക്കലും മറക്കുകയില്ല. പാഞ്ചാലി അയാളെ മരണത്തിൽനിന്നും രക്ഷിക്കുകയാണ് ചെയ്തതെന്നയാഠംക്കിപ്പോഠം തോന്നുന്നു.

പാഞ്ചാലി അയാളുടെ ശരീരത്തിൽ പററിച്ചേർന്നു നീണ്ടുനിവന്നു കിടന്നു. എന്നിട്ട്, ആവേശത്തോടെ, സവ്വശക്തിയുമുപയോഗിച്ചു അയാളെ പൂണ്ടടഞ്ഞുകെട്ടിപ്പിടിച്ചു............

ചൂടിൻെറ ഒരു പ്രവാഹം നടക്കുകയായിരുന്നു....

നിമിഷങ്ങഠം പറന്നുപോകയായിരുന്നു...........

നനഞ്ഞ ഭൂമിയിലേക്ക് അന്തിവെളിച്ചം വററിയിറങ്ങുകയായിരുന്നു. സങ്കലിത രക്തപ്രവാഹത്തിൻെറ ചൂട് അനുഭവപ്പെട്ടുകയാണെന്നയാഠംക്കുതോന്നി. ഹൃദയത്തുടിപ്പുകളുടെ ദ്രുതഗതിയിലുള്ള സമ്മേളനം നടക്കുകയായിരുന്നു.

ആ കിടപ്പിൽ പാഞ്ചാലി തൻെറ ചെവിയിൽ എന്തോ പറയുന്നുണ്ടായിരുന്നു എന്നയാഠംക്കുതോന്നി:

"ജീവിതം മുഴുവൻ ഇങ്ങിനെ കഴിയാൻ ഞാൻ ഇഷ്ടപ്പെടുന്നു! ഒരിക്കലും നമ്മഠം വേർപിരിയരുതു്!" എന്നായിരിക്കുമോ—?

അകലെ നിന്നും കൂടക്കാരൻ കിഴവനും ലച്ചിമിയും സംസാരിച്ചു വരുന്നുണ്ടെന്നറിഞ്ഞപ്പോഠം പാഞ്ചാലി എഴുന്നേററു. അയാഠംക്കു സുഖം വീണ്ടു കിട്ടിയിരുന്നു. പാഞ്ചാലിയുടെ അപ്പോഴത്തെ മുഖഭാവം കാ

ണണമെന്നയാഠംക്കുണ്ടായിരുന്നു. എന്നാൽ അവഠം തല ചരിച്ചു് അകത്തേക്കു് ഓടിമറയുകയാണുചെയ്തതു്.

പിന്നീടൊരിക്കലും അതുപോലെയുള്ള പനിയും കുളിരും അയാളെ പിടികൂടിയിട്ടില്ല. കുളിന്നു വിറച്ചു ബലംഹീനനായിക്കിടന്ന ആ സന്ധ്യാവേളയിലെ നിമിഷങ്ങഠം അയാളെ വേദനിപ്പിക്കുന്നുമില്ല.

സ്നേഹംകൊണ്ടയാളെ വീർപ്പുമുട്ടിച്ച നിമിഷങ്ങഠം; മധുരതരമായ ഒരു വേദനയോടെ ഹൃദയത്തുടിപ്പുകളെ താലോലിച്ചുകൊണ്ടു് കിടന്ന ആ നിമിഷങ്ങഠം എല്ലാപ്പോഴും ഓർമ്മകളുടെ ഓളങ്ങളിൽ പ്രകാശിക്കുന്നു.

ലച്ചിമിയോടു് അനേകം കാര്യങ്ങളെക്കുറിച്ചന്വേഷിക്കുവാനുണ്ടായിരുന്നു. ഒന്നിനും കഴിഞ്ഞില്ല.

ആനമലയിലെ നരകതുല്യമായ ആ പ്രദേശത്തുനിന്നും നീലഗിരിയിലെ ഈ തോട്ടത്തിൽ ആ പെൺകുട്ടി എങ്ങിനെ വന്നുചേന്നു എന്നയാഠം അത്ഭുതത്തോടെ ആലോചിച്ചു.

തീരെ വിചാരിക്കാത്ത ഒരു സന്ദർഭത്തിലാണു് അവരെ വേർപിരിയേണ്ടിവന്നതു്. അയാഠം കൂടക്കാരൻ കിഴവൻെറ കുടിലിൽ താമസിക്കുന്നു എന്നറിഞ്ഞതിനാൽ കൊച്ചുകൃഷ്ണനും കൂട്ടകാരും ഒരു സമരത്തിനു തന്നെ സന്നാഹം കൂട്ടുന്നുവെന്നുകേട്ടു.

രാത്രിയിൽ അയാഠം അവിടം വിടണം! നേരം പുലന്നാൽ ജീവൻതന്നെ അപകടത്തിലേക്കു് നീങ്ങിയേക്കും. കൂടകഠം പണിതു ജീവിക്കുന്ന ആ കിഴവനും

പെൺകുട്ടികൾക്കും കൂടി അയാളുടെ സഹവാസം ആപത്തുണ്ടാക്കുമെന്നയാൾക്കുതോന്നി.

അയാൾ യാത്രപറഞ്ഞപ്പോൾ കൂടക്കാരൻ കിഴവൻെറയും ലച്ചിമിയുടേയും പാഞ്ചാലിയുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. അധികം സംസാരിച്ചുനില്ക്കാൻ നേരമില്ലായിരുന്നു.

പാഞ്ചാലി തേങ്ങിക്കരയുന്നുണ്ടായിരുന്നു.

ഇരുട്ടിൽ, ഇടതിങ്ങി വളൎന്നുനില്ക്കുന്ന മരങ്ങളുള്ള പച്ചക്കാട്ടിലൂടെ കുറെ ദൂരം കിഴവനും പെൺകുട്ടികളും അയാളെ പിന്തുടൎന്നുവന്നു.

പരസ്പരം തിരിച്ചറിയാൻ കൂടി കഴിയാതിരുന്ന ആ കൂരിരുട്ടിൽ പാഞ്ചാലി മുമ്പോട്ടുവന്നു അയാളുടെ കൈകളെ കടന്നുപിടിച്ചു. അയാൾക്കു ശബ്ദിക്കാൻ പോലും കരുത്തില്ലായിരുന്നു. എന്തിനോ വേണ്ടി അവൾ അയാളുടെ കൈകളെ ഉയൎത്തി. നിമിഷങ്ങൾക്കുശേഷം, ഒരക്ഷരംപോലും ഉരിയാടാതെ, ഒരു തേങ്ങലോടെ അവൾ കൈകൾ വിട്ടു അകന്നുപോയി.

ഇരുട്ടിലൂടെ വാക്കുകൾ കൈമാറിക്കൊണ്ടു അയാൾ അവരെ വേർപിരിഞ്ഞു. കിഴവനും രണ്ടു പെൺകുട്ടികളും നടന്നകലുന്ന ശബ്ദംകേട്ടുകൊണ്ടു അയാൾ നനഞ്ഞ മണ്ണിൽ തളൎന്നിരുന്നുപോയി.

ശരീരസുഖം തീരെ ഇല്ലാതിരുന്നിട്ടും ഭീകരമായ വനാന്തരത്തിലൂടെ വീണും ഉരുണ്ടും കുറുക്കുവഴി ഇറങ്ങി അയാൾ രക്ഷപ്പെട്ടു.

മാതാപിതാക്കൾ നഷ്ടപ്പെട്ട്, ഉടയവരായി അധികമാരുമില്ലാതെ ഏകനായി ജീവിക്കുന്ന അയാൾക്കു കിട്ടേണ്ടിയിരുന്ന പൂർവ്വികമായ കുടുംബസ്വത്തു ഭാഗിച്ചു വാങ്ങുകയായിരുന്നു നാട്ടിലെത്തിയപ്പോൾ ആദ്യമായി ചെയ്തത്.

ഭൂമികൾ വിററ അയാൾ പണം ബാങ്കിൽ നിക്ഷേപിച്ചു ആ നിക്ഷേപത്തിൻെറ ബലത്തിൽ കോളേജിൽചേന്നു പഠിച്ചു. ഒരു ഉയന്ന മനുഷ്യനായി ഇനി ജീവിക്കണമെന്നായിരുന്നു ആഗ്രഹം.

ആഗ്രഹങ്ങൾ ഇപ്പോൾ നിറവേററുകയാണ്.

ലച്ചിമി! നീ എന്നെ തിരിച്ചറിഞ്ഞില്ല അല്ലേ? ഞാനിപ്പോൾ എട്ടു വഷങ്ങൾക്കുമുമ്പ് ആനമലയിലെ ചായക്കടയിൽ വേലക്കു നിന്നിരുന്ന ഒരു നശിച്ച മനുഷ്യനല്ല.

ഞാനിപ്പോൾ ഒരു ഉയന്ന മനുഷ്യനാണ്. സ്ഥാനബഹുമാനങ്ങൾ അഹിക്കുന്ന മഹാനാണ്. നിൻെറ 'ഡൊര'യുടെ സ്നേഹിതനാണ് ഞാൻ.

നീ എന്നെ തിരിച്ചറിഞ്ഞില്ലെന്നതിൽ എനിക്കു കുണ്ഠിതമില്ല. എങ്കിലും പാഞ്ചാലിയേയും കൂടക്കാരൻ കിഴവനേയും പററി എന്തെങ്കിലും അറിഞ്ഞാൽ കൊള്ളാമെന്നെനിക്കുണ്ട്.

പാഞ്ചാലി ഇപ്പോൾ ഒരു നല്ല കുടുംബിനിയായി ഭത്താവിനേയും കുഞ്ഞുങ്ങളേയും ശുശ്രൂഷിച്ചുകൊണ്ട് സുഖമായി ജീവിക്കുകയാണെന്നു ഞാൻ വിശ്വസിക്കുന്നു ലച്ചിമി!

നിങ്ങളുടെ ആ നല്ല മുത്തച്ഛൻ ഇപ്പോഴും ജീവിച്ചിരിപ്പില്ലേ?

ആനമലയിലെ വനാന്തരത്തിൽ വെച്ചു വേർപിരിഞ്ഞ നിന്നെ വർഷങ്ങൾക്കുശേഷം ഇവിടെ വെച്ച് നേരിൽ കണ്ടപ്പോൾ ഒന്നും സംസാരിക്കാൻ എനിക്കു സാധിക്കാതെ വന്നതിൽ ഞാൻ വ്യസനിക്കുന്നു ലച്ചിമീ! ഞാൻ വ്യസനിക്കുന്നു...........

നോൺസച്ച് എസ്റ്റേററിലെ മിക്കഭാഗങ്ങളും നടന്നുകണ്ടതിന്നുശേഷം അയാൾ കൂട്ടുകാരുമൊന്നിച്ച് കാട്ടുകളിൽനിന്നും റോഡിലിറങ്ങി.

റോഡിൽ അവരുടെ കാർ കിടന്നിരുന്നു.

മി. ഫാക്കിനോടു യാത്രപറഞ്ഞശേഷം മി. ദേശായിയും ഡോ: മുത്തുമൊന്നിച്ച് അയാൾ കാറിൽ കയറിയിരുന്നു. അയാൾ അത്ഭുതപ്പെട്ടുപോയി!

അകലെനിന്നും ലച്ചിമി നടന്നുവരുന്നു!
വേലകഴിഞ്ഞ് അവൾ മടങ്ങുകയായിരിക്കും.

കാർ മുന്നോട്ടു നീങ്ങാൻ വരട്ടെ എന്നു ഡ്രൈവറോടു പറഞ്ഞു, ലച്ചിമി നടന്നടുക്കുന്നതുനോക്കി അയാൾ കരൾത്തുടിപ്പോടെ ഇരുന്നു.

അവളെ അയാൾ വിളിച്ചു.

"ലച്ചിമി"

പരിഭ്രമത്തോടെ ഒന്നു തിരിഞ്ഞുനോക്കിയിട്ട് ആ മുതിന്ന പെണ്ണ് തലതാഴ്ത്തിനിന്നു.

അയാൾ തമിഴിൽ ചോദിച്ചു:

"നിനക്ക് ഒരു ജ്യേഷ്ഠത്തിയും മുത്തച്ഛനുമുണ്ടോ?"

അവൾ തലയുയർത്താതെത്തന്നെ മറുപടിപറഞ്ഞു

"ഉണ്ടു്."

"ജ്യേഷ്ഠത്തിയുടെ പേർ പാഞ്ചാലിയെന്നല്ലെ?" ശബ്ദം ഇടറാതിരിക്കാൻ അയാൾ പ്രയത്നിക്കുന്നുണ്ടായിരുന്നു.

ലച്ചിമി തലയുയർത്തി അയാളുടെ മുഖത്തേക്കു ആശ്ചര്യം സ്ഫുരിക്കുന്ന മിഴികളുന്നി. അവൾ ബഹുമാനപൂർവ്വം പറഞ്ഞു:

"അതെ"

അയാൾ ഒരു പുഞ്ചിരി ചുണ്ടിൽവരുത്തി വീണ്ടും ചോദിക്കാൻ ശ്രമിച്ചു.

"പാഞ്ചാലിയിപ്പോൾ..........."

ലച്ചിമി പറഞ്ഞു:

"അവൾ ആനമലയിലാണ്. ഞാനും അപ്പനും ഇവിടേയും."

അപ്പൻ എന്നു ലച്ചിമി പറഞ്ഞതു് കൂടക്കാരൻ കിഴവനെ ഉദ്ദേശിച്ചാണെന്നയാൾക്കു മനസ്സിലായി. പാഞ്ചാലിയെക്കുറിച്ചു് കൂടുതൽ അറിയണമെന്നയാൾക്കുണ്ടായിരുന്നു.

"ആനമലയിൽ പാഞ്ചാലി എന്തു് ചെയ്യുകയാണു്?"

കുറച്ചുനേരം എന്തോ ഓർത്തുനിന്നിട്ടു്, സങ്കോചത്തോടെയാണു് ലച്ചിമി ആ ചോദ്യത്തിനു മറുപടി പറഞ്ഞതു്.

"അവഠം ഒരു ചായക്കടക്കാരൻെറ കൂടെയാണ്. അയാഠം മലയാളത്തുകാരനാണ്. അതുകൊണ്ടാണ് ഞാനും അപ്പനും അവളെ ഉപേക്ഷിച്ചിങ്ങോട്ടുപോന്നതു്."

അയാഠംക്ക തല കറങ്ങുന്നതുപോലെ തോന്നി. മരവിപ്പിക്കുന്ന ആ തണുപ്പിലും അയാളിരുന്നു വിയത്തുപോയി. തുടന്നു കുറെയധികം സംസാരിക്കാൻ അയാഠംക്ക കഴിവില്ലായിരുന്നു. നാവ് കുഴയുകയാണ്. പ്രയാസപ്പെട്ടു് അയാഠം ചോദിച്ചു:

"ആ ചായക്കടക്കാരൻെറ പേര്-?"

ലച്ചിമി ആ ചായക്കടക്കാരൻെറ പേരു് പറഞ്ഞു.

ലച്ചിമിയുടെ മറുപടി അയാളെ ബോധശൂന്യനാക്കി. ലച്ചിമിയോടു് പോയ്ക്കൊള്ളാൻ ആംഗ്യം കാണിച്ചപ്പോഠം ഡ്രൈവർ കാർവിട്ടു. മി. ദേശായിയും ഡോക്ടർ ഭത്തും അയാളെ ശ്രദ്ധിച്ചുകൊണ്ടു് ആശ്ചര്യഭരിതരായി ഇരിക്കുകയായിരുന്നു.

മലയിടുക്കുകളുടെ അഗാധതകളിലേക്കു് കണ്ണുകളയച്ചുകൊണ്ടിരിക്കുമ്പോഠം അയാഠംക്കു് ഒന്നും ഓക്കാൻ കഴിവില്ലായിരുന്നു.

ചിന്തകഠം പതറിപ്പോവുകയാണ്............

ലച്ചിമിയുടെ വാക്കുകഠം ചെവിയിൽ മുഴങ്ങുകയാണ്. അയാഠം ഭയപ്പെട്ടു എനിക്കു ഭ്രാന്തുപിടിക്കുമോ-?

മുഖത്തെ ഭാവഭേദങ്ങളെ മററുള്ളവർ ശ്രദ്ധിക്കുന്ന തു് അയാൾ ഇഷ്ടപ്പെട്ടില്ല. ദേശായിയും ദത്തും അയാ ളോടു് പലതും ചോദിയ്ക്കുന്നുണ്ടു്. അവരോടു് മറുപടി പറയാൻ അയാൾക്കു കഴിവില്ല.

മനസ്സിൻെറ നിയന്ത്രണശക്തി കൈവെടിയുക യാണു് താൻ ചെയ്യുന്നതെന്നു് അയാൾ ഭയപ്പെട്ടു. അയാൾ കൂട്ടുകാരോടു പറഞ്ഞു.

"എനിക്കു തീരെ സുഖമില്ല"

ഡോ: ദത്തു് അയാളുടെ നാഡികളും മററും പരി ശോധിക്കാൻ ശ്രമിച്ചു. അയാളവരോടു് പറഞ്ഞു: എൻെറ മനസ്സമാധാനം നഷ്ടപ്പെട്ടിരിക്കുന്നു. ഞര മ്പുകൾ പരിശോധിക്കേണ്ടതില്ല.

ഡോ: ദത്തും മി. ദേശായിയും അയാളെ സമാശ്വ സിപ്പിയ്ക്കാൻ ശ്രമിച്ചു.

"കുറെയധികം സമയം നിങ്ങൾ വിശ്രമമെടു ക്കണം."

അന്തരീക്ഷം വിങ്ങിപ്പൊട്ടിപ്പോയി. അയാളുടെ ബംഗ്ലാവിന്നു മുമ്പിൽ കാർ നില്ക്കുമ്പോൾ കഠോരമായ മഴയും കൂരിരുട്ടുമായിരുന്നു. മി. ദേശായിയേയും ഡോ: ദത്തിനേയും യാത്രയാക്കിയതിന്നുശേഷം അയാൾ നേ രെ നടന്നതു് കിടപ്പുമുറിയിലേക്കാണു്.

ചൂടുള്ള വെള്ളം തയ്യാറായിരിക്കുന്നുവെന്നു് പരി ചാരകൻ വന്നു പറഞ്ഞതു് അയാൾ ശ്രദ്ധിച്ചില്ല.

മേശപ്പുറത്തു്, പാഞ്ചാലിയുടെ ഛായയിൽ നീല കണ്ണുകളോടുകൂടിയ ഇംഗ്ലീഷുകാരിയുടെ പടമുള്ള പുസ്തകം അയാളുടെ ദൃഷ്ടിയിൽപെട്ടു.

ആ പുസ്തകമെടുത്തു് അയാൾ ഷെൽഫിലേയ്ക്കു വലിച്ചെറിഞ്ഞു............

വസ്ത്രങ്ങൾ മാററിയശേഷം കിടക്കയിൽ വീണപ്പോൾ, രാത്രിയിലെ ഭക്ഷണകാര്യം പരിചാരകൻ വന്നു് അയാളുടെ ശ്രദ്ധയിൽ പെടുത്തി.

അയാളുടെ ബുദ്ധി പുകയുകയായിരുന്നു.

പകുതി തുറന്നിട്ട ജാലകത്തിലൂടെ നനഞ്ഞ കാററുകടന്നു് ഇഴഞ്ഞുനടന്നപ്പോൾ അയാൾ വിചാരിച്ചു: തുറന്നുകിടക്കുന്ന ജനൽപൊളി കൂടി അടച്ചാൽ കാററു പ്രവേശിക്കയില്ലല്ലോ! ഏററവും കുറഞ്ഞതെങ്കിലും അകത്തെ സുഖകരമായ ചൂടു് ഒരിയ്ക്കലും നശിക്കയുമില്ല.

അയാൾ പരിചാരകനോടു പറഞ്ഞു:

"ടോമിയെ വരാന്തയിൽനിന്നും അഴിച്ചുകൊണ്ടു പോയി മറെറവിടെയെങ്കിലും കെട്ടു്. എന്നിട്ടു് ആ ജാലകം ഭദ്രമായി അടച്ചേക്കു"

കട്ടിലിൽ കയറിക്കിടന്നു്, റഗ്ഗ്വലിച്ചു് ശരീരത്തിലിട്ടുകൊണ്ടു് അയാൾ കണ്ണുകൾ പൂട്ടാൻ ശ്രമിച്ചു.

എനിക്കെന്നും തീരാത്ത വേദനയാണു്............

എനിക്കു മനസ്സുഖമില്ല................

ഞാൻ വീണ്ടും ഒററപ്പെടുകയാണോ............?

# കിനാവു കണ്ട പെണ്ണ്.

കുഞ്ഞൈസ കിളിവാതിലിലൂടെ വെളിയിലേക്ക് നോക്കി. പാൽപോലെ നിലാവ്. മുററത്ത് വിരിഞ്ഞുനില്ക്കുന്ന പൂക്കൾക്ക് എന്തു സുഖമായിരിക്കും! ആടി രസിക്കുകയാണ്.

കുഞ്ഞൈസ ഉള്ളിൽ പറഞ്ഞു:

"എന്തു ബെളിച്ചാണ്!"

കുളിർമ്മയുള്ള കാററ് അവളുടെ * 1 മക്കനയിട്ട മുഖത്തെ തഴുകിക്കൊണ്ടിരുന്നു. കാൽവിരലുകൾ ഊന്നി ഒന്നുകൂടി ഉയർന്നിട്ട് അവൾ പാളിനോക്കി. അസറാപ്പൂക്കളൊക്കെ വിരിഞ്ഞിരിക്കുന്നു. വിരിഞ്ഞ അസറാപ്പൂക്കൾ അവളെ തലയാട്ടി വിളിക്കുകയാണ്.

അവയുടെ ഇതളുകളെ തളിരുപോലുള്ള വിരലുകൾ കൊണ്ട് തഴുകിയിട്ട് അവൾക്ക് അവിടെയൊക്കെ നടക്കണം. ഊറിയൂറിച്ചിരിച്ച് അസറാപ്പൂക്കളുമായി അവൾക്ക് പുന്നാരം പറയണം. തുടുത്ത ചുണ്ടുകളിലൂടെ മൂളിപ്പാട്ട് ഉതിർത്തുകൊണ്ട് അങ്ങിനെ നടക്കുക. ഓ. എന്തു സുഖമായിരിക്കും!

"നിങ്ങ കളിച്ചോളീം കൂട്ടരേ.

ഇക്ക് ബരാൻ കയ്യൂലാ... .......

ഇക്ക് ബരാൻ കയ്യൂലാ. ഇഞ്ഞിപ്പൊ എത്തും"

കിളിവാതിലിൻെറ അഴിയിൽ മൂക്കമെത്തി അവൾ ശ്വാസമയച്ചു നൊന്തുപോയി.

---

* 1 തലയും കഴുത്തും മാറും മറക്കാൻ ധരിക്കുന്നവസ്ത്രം.

കരളിലേക്കു് വേദന പാഞ്ഞു കയറുന്നു.

"അതു് ഇപ്പൊ എത്തും കൂട്ടരേ! ഇക്കു് ബരാൻ കയ്യൂലാ"

പൂനിലാവിൽ ആടിരസിക്കുകയാണു് മുല്ലപ്പൂക്കളും അസറാപ്പൂക്കളും. അവയ്ക്കിടയിലൂടെ പാറിപ്പാറിക്കളിയ്ക്കാൻ അവൾ ഒരു പൂമ്പാററയാണോ?

"ഇജ്ജൊരു പെണ്ണാണു്. ഒരു *2ബാല്യേക്കാരി പ്പെണ്ണ്"

ഉമ്മനുമ്മ അവളെ നോക്കിപ്പറയും. അവളുടെ ഉമ്മ അതു്കേട്ടു് മിണ്ടാതിരിക്കും. ഉമ്മനുമ്മ ഉമ്മയുടെ ഉമ്മയാണു്. അതുകൊണ്ടു് ഉമ്മ ഒന്നും പറയുന്നില്ല.

എന്നാലും, ഉമ്മനുമ്മ അങ്ങിനെ ദേഷ്യപ്പെട്ടപ്പോൾ കുഞ്ഞെതസ ഉമ്മയുടെ മുഖത്തേക്കു് മിഴിച്ചു നോക്കാറുണ്ടു്.

"പെണ്ണുങ്ങക്കു്" *3 അദബ് ബേണം"

പൂച്ചെടികൾ നിറഞ്ഞ വേലിക്കപ്പുറത്തുനിന്നും ഒരു കുലുങ്ങിച്ചിരി കുഞ്ഞെതസ കേട്ടു. അങ്ങേതിൽ കുഞ്ഞിപ്പെണ്ണുങ്ങൾ ഒത്തുകൂടിയിരിക്കയാണു്. അവരുടെ കൂട്ടച്ചിരിയും വാക്കുകളും കുഞ്ഞെതസ ജിജ്ഞാസയോടെ ശ്രദ്ധിച്ചു.

എന്തൊച്ചയിലാണു് പെണ്ണുങ്ങളുടെ വർത്തമാനം.

"പെണ്ണുങ്ങക്കു് അദബ് ബേണം"

ഉമ്മനുമ്മ പറഞ്ഞതാണു് നേരു്. കുഞ്ഞെതസക്കു് ആ പെണ്ണുങ്ങളുടെ നേരെ ഈററ തോന്നി. പല്ലിറുമ്മിക്കൊണ്ടു് അവൾ പിറുപിറുത്തു.

---

* 2 പ്രായം തികഞ്ഞപെണ്ണു്. * 3 അടക്കം.

"അടമ്പില്ലാഞ്ഞിററാണ്."

അവർ കൈകൊട്ടുന്നു. കൂട്ടത്തോടെ താളത്തിൽ"

പാടാനുള്ള ഒരുക്കമാണ്.

താളത്തിലുള്ള കൈകൊട്ട് കുഞ്ഞൈത്താസയുടെ കാതുകളിൽ ഇക്കിളിയിട്ടു. കിളിവാതിലിൻെറ അഴികളിൽ പിടിച്ചുകൊണ്ട് ഒന്നുകൂടി ഉയന്നു നോക്കാൻ അവരം ശ്രമിച്ചു. കൈകൊട്ടിപ്പാടുന്ന പെണ്ണുങ്ങളെ ഒന്നു കാണാൻ. ഒരു നോക്കു കണ്ടാൽ മതി.

പെണ്ണുങ്ങരം പാടാൻ തുടങ്ങി.

ശരീരത്തിൽനിന്നും നീരാളപ്പട്ട് ഊരിയെടുക്കുന്നതുപോലെ കുഞ്ഞൈത്താസയ്ക്കുതോന്നി.

"ചേലത്തെ കുഞ്ഞാത്തുമ്മാ,

ചേലത്തെ കുഞ്ഞാത്തുമ്മാ,

ചേലഞെറിഞ്ഞുടുത്ത്,

ചേല ഞെറിഞ്ഞുടുത്ത്

ചെണ്ടും കൊടിപ്പും കെട്ടി,

ചെണ്ടും കൊടിപ്പും കെട്ടി..........."

തേൻതുള്ളികരം നുണയുകയാണ് കുഞ്ഞൈത്താസ. കൈകൊട്ടിപ്പാട്ടിൽ പങ്കുകൊള്ളാൻ അവളുടെ ഹൃദയം വെമ്പി.

"റബ്ബീ! എന്തു ചേലാണ് പാട്ട്!"

ശബ്ദമുണ്ടാക്കാതെ അവർ ഉമ്മറത്തേക്കു പോന്നു. തൂണിൽ ചാരിനിന്നാൽ കൈകൊട്ടിപ്പാടുന്ന പെണ്ണു

ങ്ങളെ മുല്ലവള്ളി പടൎന്നുകിടക്കുന്ന വേലിക്കിടയിലൂടെ കാണാം.

"വാതിക്കെ നിക്കല്ലേണ്ണീ,
വാതിക്കെ നിക്കല്ലേണ്ണി
ബാല്യേക്കാര് കണ്ടുകൊതിക്കും,
ബാല്യേക്കാര് കണ്ടുകൊതിക്കും............"

കുഞ്ഞെത്തസക്കു് വീൎപ്പുമുട്ടി.

"റബ്ബീ! എന്താണീ പാടണതു് കൂട്ടരേ? ബാല്യക്കാരികളെ ബാല്യക്കാര് കാണാൻ പാടൂലാ"

'ബാല്യേക്കാര്' കണ്ടുകൊതിക്കുമത്രെ! കാണാൻ കഴിയാത്തവക്കെങ്ങിനെയാണ് കൊതിക്കാൻ കഴിയുക?

"അദബില്ലാഞ്ഞാലാണ് ബാല്യക്കാര് കാണുന്നതു്"

നിലാവെളിച്ചത്തിൽ വെളിയിൽനിന്നുകൊണ്ടു പാടിക്കളിക്കുന്ന ആ പെണ്ണുങ്ങളെ 'ബാല്യേക്കാര്' ഒളിഞ്ഞുനിന്നു നോക്കിക്കാണുന്നുണ്ടോ?

അവളുടെ മനസ്സു കുളിൎത്തുപോയി. മുററത്തു വിരിഞ്ഞു നില്ക്കുന്ന പൂക്കളെ തഴുകിവന്ന നേരിയ കാററു് അവളുടെ ശരീരത്തേയും കുളൎപ്പിച്ചു.

ഇതുപോലെ നിലാവുള്ള രാത്രിയിൽ—

മുററത്തു് മുല്ലപ്പൂക്കളിറുത്തുകൊണ്ടു കുഞ്ഞെത്തസ നില്ക്കുകയായിരുന്നു. കൈനിറഞ്ഞപ്പോഠം പിന്നിൽ നിന്നും ഒരു ചോദ്യം.

"മുല്ലപ്പൂവു് ഒന്നെനിക്കു തരേപാ?"

അവൾ ഞെട്ടിത്തിരിഞ്ഞുനോക്കി.

കൈകൾ നെഞ്ചോടു ചേർത്തു കെട്ടിക്കൊണ്ടു കോയാമു നില്ക്കുന്നു. വെളുത്തു തിളങ്ങുന്ന പല്ലുകൾ അവൾ കണ്ടു. മുല്ലപൂക്കൾപോലെ.

അവൾക്കു ശ്വാസംമുട്ടുകയാണ്. നടന്നുകോലായയിലേക്കു കയറണമെന്നുണ്ടു്. കാലുകൾ അനങ്ങുന്നില്ല.

കയ്യിലുള്ള മുല്ലപൂക്കൾ ചിരിക്കുന്നു.

എന്തൊരു ചോദ്യമാണതു്!

എന്തു ചിരിയാണ്!

വീണ്ടും ചോദ്യം?

"തരേപാ കുഞ്ഞൈത്താ"

"തെരാ" എന്നു പറയണമെന്നുണ്ടവൾക്കു്. പക്ഷെ കഴിയുന്നില്ല. ചുണ്ടുകൾ വിറയ്ക്കുകയാണ്.

പൂക്കൾ ഹൃദയത്തിൽ കുത്തിനിറക്കുന്നതുപോലെ ഇക്കിളിയാണ്. വേദനയില്ല. ഇക്കിളികൊണ്ടു് ശ്വാസംമുട്ടുന്നു. സഹിക്കുന്നില്ല. അവൾ തളൎന്നുവീഴും.

പൊട്ടുന്നനെ ഒരു കോരിത്തരിപ്പ്. കരളിൽ തേന്മഴ പെയ്യുന്നു. മുല്ലപ്പൂക്കളെടക്കം അവളുടെ കൈ കോയാമു പിടിച്ചിരിക്കയാണ്.

മുഖമക്കനെയിട്ട സുന്ദരികളെപ്പോലുള്ള നക്ഷത്രങ്ങൾ പുഞ്ചിരിപൊഴിക്കുന്നു. നിലാവു് അവയെ കോരിത്തരിപ്പിക്കയാണ്.

KOTTAYAM PUBLIC LIBRARY 39408

കുഞ്ഞെതസയുടെ മുഖം താണുപോയി. പൂക്കൾ കയ്യിൽനിന്നും നിലത്തേക്കു പാറി.

"മുല്ലപ്പൂവ് എനിക്കു തന്നാട്ടെ?"

വാസനയടക്കയുടെ സുഖകരമായ മണം അവളുടെ മുഖത്തടിച്ചു. വിറക്കുന്ന രണ്ടു വിരലുകളാൽ അവളുടെ മുഖം ഉയർത്തപ്പെട്ടു. മിഴികൾ വിടർത്തി അവൾ നോക്കി.

"കുഞ്ഞെതസയെന്താ മിണ്ടാത്തതു്?"

പ്രകാശമുള്ള രാത്രിയല്ലേ? ഓർത്തപ്പോൾ അവൾ കിടുകിടാ വിറച്ചു. ആരെങ്കിലും ഇതു കണ്ടാൽ.

അവൾ തലതിരിച്ചു.

"ഹിന്റെ ബദരീങ്ങളെ!"

"ഹെന്തേ?"

"അതാ മൊല്ലക്ക. ബിടീം. ബദരീങ്ങളെ!" മുല്ലക്ക തുറിച്ചുനോക്കിക്കൊണ്ടു് നില്ക്കുകയാണു്. ആ കണ്ണുകളിൽ തീകത്തുകയാണെന്നു് കുഞ്ഞെതസക്കു തോന്നി.

കോയാമു ധൃതിയിൽ നടന്നു മറഞ്ഞു.

അവൾ ആലിലപോലെ വിറക്കുകയായിരുന്നു. സാവധാനത്തിൽ അടിവെച്ചു് അവൾ കോലായയിലേക്കു് കയറി. നിലാവിനെ അവൾ പേടിമൂലം വെറുക്കുകയായിരുന്നു. കോലായയിലെ ഇരുട്ടിലേക്കു് നീങ്ങിയപ്പോൾ ഒരു വിളി.

"കുഞ്ഞെതസാ"

വിളിയല്ല, ഒരലർച്ചയായിരുന്നു.

അവഠം നിന്നു.

"ഇതു് ബെടക്കാണ്. ഇതു് ബെടക്കാണ് കുഞ്ഞെതസാ. ഇജ്ജ് കേക്കണ്ണേടാ?"

അവളുടെ മനസ്സിൽ വേദന തോന്നി. അവഠം തലകുനിച്ചുനിന്നു.

ഇടിവെട്ടുന്നത്ര ഉച്ചത്തിലായിരുന്നു പിന്നത്തെ ചോദ്യം!

"കുഞ്ഞെതസ കേക്കണ്ണേടാ?"

മുല്ലപ്പൂക്കളും അസറാപ്പൂക്കളും ഒക്കെ വിറകൊണ്ടിരിക്കണം.

'എന്തേ?...........എന്തേണതു്?'

ഉമ്മനമ്മയും ഉമ്മയും പുറത്തേക്കു വന്നു. അവരും വിറക്കുകയായിരുന്നു.

മുല്ലക്ക വീണ്ടും ചോദിക്കുകയാണ്.

'അനക്കറിഞ്ഞൂടെ കുഞ്ഞെതസാ ഇത് ബെടക്കാണ്ന്നു്?'

അവളുടെ കണ്ണുകഠം നിറഞ്ഞു തുളുമ്പി. അവഠം തെററുചെയ്തോ? എന്തിനിങ്ങനെ വേദനിപ്പിക്കുന്നു?

ഉമ്മയും ഉമ്മനമ്മയും വല്ലാതെ തളൎന്നുപോയി. അവർ വീണ്ടും വീണ്ടും ചോദിയ്ക്കുകയാണ്. പക്ഷെ–മുല്ലക്കയുടെ കോപം അടങ്ങുന്നില്ല.

'ഇത്താവാട്ടിലിക്ക് ഇതു് ചേരൂലാന്നാ ഞാമ്പറേണ്. കുഞ്ഞെതസ ഒരു കുട്ട്യാല്ലാന്നാണാമ്പറേണ്'

കുഞ്ഞെതസ അകത്തേക്കു പോന്നു.

കോലായയിൽ വീണ്ടും ചോദ്യം!

'എന്തേ മൊല്ലക്കാ? എന്തേ?'

പിറുപിറുക്കലുകൾ. മുല്ലക്കയെന്താണ് ഇത്രയധികം പിറുപിറുക്കുന്നതു്?

നെടുവീർപ്പുകൾ.

ഉമ്മനുമ്മ നിലവിളിച്ചു.

'ഹിൻെറ ബദരീങ്ങളേ!'

കുഞ്ഞാസ നടുങ്ങിപ്പോയി.

ഉമ്മനുമ്മ കിതച്ചുകൊണ്ടു അവളുടെ അടുക്കൽ വന്നു. പിന്നാലെ ഉമ്മയും. ഉമ്മ കരയുകയാണ്. അവളും കരഞ്ഞു. തേങ്ങിത്തേങ്ങിക്കരഞ്ഞു. ഉമ്മ അവളെ കെട്ടിപ്പിടിച്ചു.

ഉമ്മനുമ്മയും കരയുകയാണെന്നുതോന്നി.

'ഹിൻെറ മോളെ! അന്നെ ചതിച്ചോ?'

ഉമ്മയും ചോദിച്ചു. അവൾ കരയുകയല്ലാതെ എന്തുചെയ്യും? കുറെ കരഞ്ഞിട്ട് അവൾ ചോദിച്ചു

'എന്താണെമ്മാ ഇങ്ങളീ ചോദിക്ക്ണ്?'

'ഹിൻെറ മോളെ! ഇജ്ജ് ബെടക്കായോ?

അവൾക്കു് സങ്കടം അടക്കാൻ കഴിയുന്നില്ല. പുറത്തുനിന്നും മുല്ലക്ക അപ്പോഴും ഉറക്കെ സംസാരിക്കുകയായിരുന്നു.

അവൾ പറഞ്ഞു: -

"അത്തരക്കൊന്നും ഉണ്ടായില്ലുമ്മാ. മൊല്ലക്ക...."

'റബ്ബുൽ ആലമീൻ! ഇൻെറ മോളെ കാത്ത് കീറ്ഫചെയ്യണേ!"

ഉമ്മ കരച്ചിൽ നിർത്തുന്നില്ല. ഉമ്മനുമ്മ സങ്കടം ഒതുക്കി ദേഷ്യപ്പെടാൻ തുടങ്ങി.

'എടീ! ഇജ്ജൊരു പെണ്ണാണ്. ഒരു ബാല്യേക്കാരിപ്പെണ്ണ്"

'മോളേ! ഇൻെറ മോള് തുശിക്കണേ!'

അവരം പിന്നീടൊന്നും പറയുകയുണ്ടായില്ല.

പിന്നേയും മനസ്സിനെ ഇക്കിളിപ്പെടുത്താൻവേണ്ടി പൂക്കരം വിരിഞ്ഞുകൊണ്ടേയിരുന്നു. നിലാവിൻെറ കുളിർമ്മയിൽ അവരം കോരിത്തരിച്ചു.

പലതവണ അവരം കോയാമുവിനെ കണ്ടു. ആ നോട്ടവും ചിരിയും വർത്തമാനവും അവരംക്ക മറക്കാൻ സാദ്ധ്യമല്ല. ചീകിവെച്ച ചുരുളൻ മുടിയും നനുത്ത മീശയുമായി നിവൎന്നു നടന്നുപോകുന്നതു അവരം തുണിൻെറ മറവിൽനിന്നു നോക്കിക്കാണും. പൂക്കരം കരളിനെ ഇക്കിളിപ്പെടുത്തുകയാണ്.

പക്ഷെ- മുല്ലക്കയെക്കുറിച്ചോൎക്കുമ്പോരം കിടുകിടുത്തുപോകും. മുല്ലക്കയുടെ കത്തുന്ന കണ്ണുകരം അവളെ ഭയപ്പെടുത്തുകയാണ്.

കോയാമു ഒരു ദിവസം വേലിപ്പഴുതിലൂടെ കടന്നു മുററത്തുവന്നപ്പോരം ഉമ്മനുമ്മ പറഞ്ഞു.

'ഇജ്ജ് അങ്ങനെ ഇങ്ങട്ട് വരര്ത്"

ഉമ്മനുമ്മ ദേഷ്യംമൂലം കിതയ്ക്കുകയായിരുന്നു. കോയാമുവിൻെറ തുടുത്ത മുഖത്ത് നീലനിറം കയറുന്നതു് കുഞ്ഞൈസ കണ്ടു.

'ഉപ്പൊ ഏതായാലും വന്ന്ലെ- ഇഞ്ഞ് വരര്ത്"

കോയാമു ഒന്നും പറഞ്ഞില്ല. കുഞ്ഞെതസ മറവിൽനിന്നു് അവനെ കാണുന്നുണ്ടായിരുന്നു. കണ്ണു കഠം നിറയുന്നുണ്ടെന്നവഠംക്കു തോന്നി. തലതാഴ്ത്തി പടിയിറങ്ങിപ്പോകുന്നതുകണ്ടപ്പോഠം അവഠം തേങ്ങിക്കരഞ്ഞു.

ഉമ്മനുമ്മ അവഠം കരയുന്നതു കണ്ടു. കലികൊണ്ടു വിറച്ചു. പാഞ്ഞുചെന്നു് അടുപ്പിൽനിന്നും കത്തുന്ന വിറകുകൊള്ളിയെടുത്തുകൊണ്ടു് അവളുടെ നേരെ ചീറിയടുത്തു.

ഉമ്മ വന്നു് കൈ കടന്നുപിടിച്ചു. ഉമ്മ കരയുകയായിരുന്നു.

"ബേണ്ട ഉമ്മാ! ബേണ്ട."

"ഇജ്ജാണെടി ഇബളെ ബെടക്കാക്കണതു്. ബിടെടീ."

"ബേണ്ടാ ഉമ്മാ...."

"ബിടെടീ. ഇതു് ഞാൻ കാണൂലെടി: ബിട്ടു്."

ഉമ്മ വിട്ടില്ല. കുറെ കഴിഞ്ഞപ്പോഠം ഉമ്മനുമ്മയുടെ കോപം അടങ്ങി.

"കുഞ്ഞെതസാ! ഉമ്മനുമ്മാടെ പൊന്നുമോളാണു് ഇജ്ജു്."

കുഞ്ഞെതസ .പായയിൽ വീണുകിടക്കുകയായിരുന്നു. അവഠം തലയുയത്തി നോക്കി. ഉമ്മനുമ്മയുടെ വാടിക്കരിഞ്ഞ മുഖത്തു് കണ്ണീർ. അവഠംക്കു സഹിച്ചില്ല.

"ഇഞ്ഞു് ഞാൻ കരയൂലാമ്മനുമ്മാ."

"ഇജ്ജ് ശിന്തിക്ക് മോളേ. അത് ബെടക്കല്ലെ? അൻെറ മൊല്ലക്ക അന്ന് എത്തരെ പെരുത്ത് പറഞ്ഞു. അത് ബെടക്കല്ലെ മോളെ?"

കുഞ്ഞൈസ ഒന്നും പറഞ്ഞില്ല. എങ്കിലും ഉമ്മന്നമ്മ സമാധാനപ്പെടുകയാണെന്നവൾക്കു തോന്നി.

"ഇൻെറ മോള് ഒക്കെ മറക്കൂലെ?"

അതിന്നും അവൾ മറുപടിയൊന്നും പറഞ്ഞില്ല.

അവളെങ്ങിനെ മറക്കാനാണ്?

അവൾ ഓർത്തു. വീണ്ടും വീണ്ടും ഓർത്തു. ഓക്കുമ്പോൾ വേദന കലർന്ന ഒരു സുഖം അവൾക്കനുഭവപ്പെടുകയാണ്. ഒരു വീർപ്പുമുട്ടൽ.

ഓക്കുകമാത്രമല്ല, ആ നോട്ടവും ചിരിയും പലതവണ കാണുകയുംചെയ്തു.

ആരും അതറിഞ്ഞില്ല.

ഇപ്പോൾ മുല്ലപ്പൂക്കളൊക്കെ വാടിക്കൊഴിയുകയാണ്. അസറാപ്പൂക്കൾ വിരിയുന്നതു് അവൾ ശ്രദ്ധിക്കാറില്ല. അതെല്ലാം അവളെ നശിപ്പിക്കുകയേയുള്ളുവെന്നാണ് ഉമ്മന്നമ്മയും ഉമ്മയും പറയുന്നതു്.

അടക്കവും ഒതുക്കവും വേണ്ട ഒരു ബാല്യക്കാരി പെണ്ണാണവൾ.

മുല്ലക്കയുടെ മേൽനോട്ടത്തിൽ ഉമ്മന്നമ്മയും ഉമ്മയും അവൾക്കു കാവലാണ്. ഇളകിയാൽ ആ ഇളക്കം അവർ കാണുന്നു. എന്നിട്ട് അതിൻെറ കാരണം ചോദിക്കുകയായി. അതിനൊക്കെ ഒരു വഴിയേയുള്ളു അവൾക്കു്. ഒരേ ഒരു വഴി.

ഇരുന്നു കരയുക!

കുറെ കരഞ്ഞു കഴിഞ്ഞാൽ അവറം ഓക്കും, ആ ചിരിയും നോട്ടവും!

തേന്മഴ പെയ്യലാണത്.

കുളിർമ്മയുള്ള ഈ നിലാവിലിറങ്ങി അസറാപ്പൂക്കളും മുല്ലപ്പൂക്കളും മണത്തുകൊണ്ടങ്ങിനെ നടക്കാൻ കുഞ്ഞെതസയ്ക്കു കൊതി തോന്നി.

അങ്ങിനെ നടക്കുമ്പോറം ചിരിച്ചുരസിക്കുന്ന നക്ഷത്രങ്ങളെ നോക്കി അവറം പാടും:

"ബാല്യേക്കാര് കണ്ട്കൊതിക്കും,
ബാല്യേക്കാര് കണ്ട്കൊതിക്കും....."

കുഞ്ഞെതസ ശ്രദ്ധിച്ചു:

അങ്ങേതിലെ പാട്ടും കളിയും നിന്നോ?

പാട്ടു നിർത്തി പെണ്ണുങ്ങറം കൂട്ടം പിരിഞ്ഞിരിക്കുന്നു. ഇന്നു എന്തിനാണ് അവരിങ്ങനെ ഒത്തുകൂടിയത്.

കുഞ്ഞെതസ ആലോചിച്ചു:
"പെരുന്നാളിന്നല്ലെ പാട്ടും കളീം?"

പെരുന്നാളല്ല, ഒരു വിശേഷവും ഉള്ളതായി കുഞ്ഞെതസയ്ക്കറിവില്ല.

"പിന്നെ എന്താണീപെണ്ണുങ്ങക്ക്?"

അടക്കവും ഒതുക്കവുമില്ലാതെ പുളച്ചുനടക്കുന്ന പെണ്ണുങ്ങറം!

"പൊന്നാരെ ബെല്ല്യേ പൊളപ്പ് തന്നേണിത്"

പെട്ടന്നവരം ഓത്തു: വല്ലയിടത്തും കല്ല്യാണമു ണ്ടായിരിയ്ക്കുമോ? കല്യാണത്തിനു് പെണ്ണുങ്ങളിങ്ങനെ കൂട്ടം ചേൻ പോകും.

"കുഞ്ഞെത്തസ നിക്കരിച്ചാ?"

ഉമ്മനുമ്മ അവളുടെ അടുക്കലേയ്ക്കു വന്നു. അ വരം തുണചാരി വെളിയിലേയ്ക്കു നോക്കിനില്ക്കുന്നതു് കണ്ടിരിയ്ക്കുന്നു.

"കുഞ്ഞെത്തസ നിക്കരിച്ചാ?"

"നിക്കരിച്ചു."

അവരം ഞെട്ടിപ്പോയി. അവരം ഒരു നുണ പ റഞ്ഞു. അവരം നിസ്കരിച്ചിട്ടില്ല. മുല്ലക്ക വരാഞ്ഞ തുകൊണ്ടു് അവരം ഉമ്മറത്തു് വന്നുനിന്നു. തുണചാരി നിന്നു് പലതും ഓത്തുപോയി. ഇപ്പോരം മനസ്സ് ചൂടുപിടിച്ചിരിക്കുന്നു. ശരീരം തളൻിരിക്കുന്നതുപോ ലെ തോന്നി അവരംക്കു്. ഉമ്മനുമ്മ ചോദിച്ചപ്പോരം അവരം നുണ പറഞ്ഞു.

അവരംക്കറിയാം, അതു് പൊറുക്കപ്പെടാത്ത കുററ മാണു്.

പെണ്ണുങ്ങരം പുറത്തുവന്നു് വെട്ടുവഴിയിലേയ്ക്കു് നോക്കിനില്ക്കരുതു്.

തലയിൽ എപ്പോഴും തട്ടം വേണം.

മുടിയിൽ പൂക്കരം ചൂടരുതു്.

കണ്ണെഴുതരുതു്.

അടക്കവും ഒതുക്കവും വേണം.

കുഞ്ഞൈത്തസ നിസ്കരിച്ചിട്ടില്ല. ഉമ്മനുമ്മ അത റിഞ്ഞാൽ—

"ഹിൻെറ റബ്ബീ!"

കുഞ്ഞൈത്തസ സങ്കടപ്പെട്ടു.

"നിക്കരിച്ച് കയിഞ്ഞാ ചോറ് ബെയിക്കാണ്ടു് എന്താണ്ടി ഇജ്ജ് ങ്ങനെ ബെറ്ങ്ങലിക്ക്ണ്?"

"ഒന്നൂല്ല."

"പിന്നെ? എന്താണ്ടിങ്ങനെ തൂണുചാരിനിന്ന് ശിന്തിക്ക്ണ്?"

അവളെന്തു പറയും? മൊല്ലക്ക വരാഞ്ഞതുകൊണ്ട ല്ലെ അവളങ്ങിനെ നിന്നതു്?

"ഇന്ന് മൊല്ലക്ക ബരൂലെ?"

ഉമ്മനുമ്മ അതു് ശ്രദ്ധിച്ചില്ല.

"കുഞ്ഞൈത്തസാ ഇജ്ജ് പറഞ്ഞതു് കേക്ക്ണ് ണ്ടോ?"

ഉമ്മനുമ്മയ്ക്കു് വെറുതെ ദ്വേഷ്യം വർദ്ധിക്കുക യാണു്.

കുഞ്ഞൈത്തസയ്ക്കു് വേദന തോന്നി. അകത്തേക്കു പോകുമ്പോഴും അവൾ വീണ്ടും ചോദിച്ചു:

"ഉമ്മനുമ്മാ! ഇന്ന് മൊല്ലക്ക ബരൂലെ?"

കിടക്കുമ്പോഴും അവൾ ഓർത്തു:

ആ ചിരിയും നോട്ടവും!

അതു് കണ്ടിട്ടു് അനവധി ദിവസങ്ങളായി.

ഓർക്കുമ്പോഴും അവൾക്കു് മനസ്സിൽനിന്നും വേദ ന വാർന്നുപോകയും സുഖം തോന്നുകയുമാണു്. മന

സ്സിൽ പുഷ്പങ്ങൾ ക്രമിഞ്ഞുകൂട്ടുന്നതുപോലെ.

എന്തൊരു വിങ്ങലാണ്! ഒക്കെ പെറുക്കി എറിഞ്ഞാലോ?

പൂവിതൾപോലെ മൃദുലമായ തലയിണയിൽ കവിൾ ചേർത്തപ്പോൾ അവൾക്കു് വിമ്മിഷ്ടം തോന്നി. പൂക്കളും പൂനിലാവും പുഞ്ചിരി പൊഴിക്കുന്ന നക്ഷത്രങ്ങളുമുള്ള ഈ രാത്രിയിൽ അവൾക്കു തീരെ സുഖം തോന്നാത്തതെന്തുകൊണ്ടാണ്? ഓ, അവൾക്കു മനസ്സിലായി. അരിച്ചരിച്ചു കയറുന്ന വേദനയിൽ മനസ്സാകെ വിങ്ങുകയാണ്. ആരും കേൾക്കരുതെന്ന മട്ടിൽ, ആരേയോ ഉദ്ദേശിച്ചു് അവൾ മൊഴിഞ്ഞു:

"കരളെ! ഹെബടെപ്പോയി?"

മുത്തുമണികൾ പോലെ കണ്ണീർതുള്ളികൾ ഉരുണ്ടു വീണു. ആരും അറിയാതെ തുടങ്ങിയ വേദന അങ്ങിനെത്തന്നെ അവസാനിയ്ക്കട്ടെ. കണ്ണുനീർതുള്ളികൾ തലയിണയുടെ ഉൾഭാഗത്തേയ്ക്കു വലിഞ്ഞിറങ്ങുകയാണ്.

മുല്ലക്കയുടെ വാക്കുകൾ അവളുടെ ഓർമ്മയിൽ മുഴങ്ങികൊണ്ടിരുന്നു.

"ഓൻ മഹാ ബെടക്കാണ് കുട്ട്യേ. ബെടക്ക്. അത്തരേ ഇക്ക് പറയാനൊള്ളൂ."

അത്രമാത്രമല്ല. എല്ലാ ദിവസവും മുല്ലക്ക കോയാമുവിനെ ദുഷിച്ചു സംസാരിക്കും. ഇസ്ലാമിയത്തിൽ നിന്നും തെറ്റി നടക്കുന്നവനാണ്. പെൺകുട്ടികളെ വഴിപിഴപ്പിയ്ക്കുന്ന 'ഇബിലീസാ'ണ്.

ഉമ്മ സമാധാനപ്പെട്ടനു. "ഇൻെറ മോളെ റബ്ബ് കാക്കും."

മുല്ലക്ക തുടരും:

"ഓളെ ഞാൻ ഇൻെറ കുട്ട്യേപ്പോലെ കരുതിപ്പ റയ്ാ, ഓള്ളോട്ട് സൂസിച്ചോളാൻ ഇങ്ങള് ഉപദേസിക്കണം."

"ഇൻെറ മൊല്ലക്കാ! ഓക്കുമ്പോ ഇൻെറ ഖൽബ് ബെല്ലാതെ ബേദനിക്കുന്നു."

മുല്ലക്കയ്ക്ക് കോയാമുവിൻെറ നേരെ കഠിനമായ ദ്വേഷ്യമുണ്ട്. ഒരുപക്ഷേ—ശത്രുക്കളായിരിയ്ക്കും. അല്ലെങ്കിൽ മുല്ലക്കയെന്തിനു് അന്യനെ ഇങ്ങനെ ചീത്തയാക്കുന്നു? കോയാമു ഇത്ര ദുഷിച്ചവനാണോ?

കുഞ്ഞെന്ത, മുല്ലക്ക പറഞ്ഞതൊക്കെ വിശ്വസിയ്ക്കാതിരിയ്ക്കുവാൻ ശ്രമിച്ചു.

അവരം തലയിണയിൽനിന്നും മുഖം തിരിച്ചുകൊണ്ടു് പിറുപിറുത്തു.

"ഒരു നല്ല മനുസൻ എറങ്ങീത്...."

മുല്ലക്കയെക്കുറിച്ചോക്കുമ്പോരം അവരംക്കു് വെറുപ്പുതോന്നുകയാണ്.

അവരം ഇരുന്നു ഖുർആൻ ഓതുമ്പോരം അടുത്തിരുന്നു് ശ്രദ്ധിയ്ക്കും. തെററിയാൽ തിരുത്തും.

'ഹ....ഹ....' എന്നു തിരുത്തുമ്പോരം ദുഷിച്ച വായു അവളുടെ മുഖത്തേയ്ക്കടിയ്ക്കും. എഴുന്നേററ് ഓടിപ്പോകാൻ അവരംക്കു തോന്നും. എന്നാൽ—അതൊക്കെ സഹിച്ച് അങ്ങിനെ ഇരിയ്ക്കാനെ നിവൃത്തിയുള്ളു.

മുല്ലക്കയെ അവഠം വെറുക്കാൻ പാടുണ്ടോ? അത് തെററല്ലെ? ഓക്കുമ്പോഠം അവഠംക്കു പേടിയാണ്. കഠിനമായ ശിക്ഷയ്ക്കു് അവഠം വിധേയയാകേണ്ടി വരും.

എങ്കിലും, മുല്ലക്ക അടുത്തു വന്നിരുന്നാൽ പിന്നെ ശ്വാസം മുട്ടലാണ്. രണ്ടു മണിക്കൂറോളം ആ ഇരിപ്പിരുന്നു് എഴുന്നേല്ക്കുമ്പോഠം അവഠം ആകെ തളന്നു വിവശയായിരിയ്ക്കും.

കുഞ്ഞൈസു പ്രാത്ഥിച്ചു.

"റബ്ബീ! ആരിക്കും ഇതു് ബിതിക്കല്ലെ—!"

കിളിവാതിലിലൂടെ നിലാവ് ഒഴുകിവീണു. അവഠംക്കു സുഖം തോന്നി. ഒരു നക്ഷത്രം പുഞ്ചിരിതൂകുന്നു.

വാസനയടക്കയുടെ മണം മുഖത്തേയ്ക്കടിച്ചതു് അവഠം ഓത്തു.

തുറിച്ചുനോക്കിക്കൊണ്ടു് നില്ക്കുന്ന മുല്ലക്കയേയും അവഠം ഓത്തുപോയി. അപ്പോഠം വീണ്ടും അസുഖം തോന്നി.

ഇനിയങ്ങോട്ടു് കടക്കരുതെന്നു് ഉമ്മന്മ്മ പറഞ്ഞതും, കോയാമു തലതാഴ്ത്തിയിറങ്ങിപ്പോകുന്നതും അവഠം വേദനയോടെ ഓത്തു.

പുഞ്ചിരിതൂകുന്ന നക്ഷത്രത്തെ നോക്കുന്ന മിഴികഠം നിറഞ്ഞുപോയി. ഒരു കരിമേഘക്കീറുവന്നു് ആ നക്ഷത്രത്തെ മറച്ചുകളയുന്നതു് അവഠം കണ്ണീരിലൂടെ അവ്യക്തമായിക്കണ്ടു.

അവൾ ഉറങ്ങിപ്പോയി.

ഒരു പട്ടുകുഴിയിലേക്കു് അവൾ തെറിച്ചുവീണു. സുന്ദരമായ ഒരു നിമിഷത്തിലാണതു് സംഭവിച്ചതു്. മുല്ലക്ക പിടിച്ചു തള്ളിയതാണെന്നവൾക്കു് മനസ്സിലായി.

അവൾ ഞെട്ടിയുണന്നു. കിനാവുകണ്ടതാണു്. അവൾ കോയാമുവിൻെറ കൈ പിടിച്ചിരിക്കുകയായിരുന്നു. എന്നിട്ടു് പൂച്ചെടികളുടെ ഇടയിലൂടെ ഓടികളിച്ചു. പൊട്ടിപ്പുതഞ്ഞുവരുന്ന ചിരിയടക്കാൻ അവൾക്കു കഴിയുന്നില്ല.

കോയാമു ചൂണ്ടിക്കാട്ടിയ ദിക്കിലേയ്ക്കു് അവൾ നോക്കി. അവളെപ്പോലെ കോയാമു ഭയപ്പെടുകയായിരുന്നു.

കത്തുന്ന കണ്ണുകളോടെ മുല്ലക്ക നില്ക്കുന്നു. എന്തൊരു കോപമാണു്!

അടുത്തുതന്നെ ഉമ്മയും ഉമ്മനമ്മയും നില്ക്കുന്നു. അവർ കരയുകയാണു്.

അവർ കരയട്ടെ—

അവൾ വീണ്ടും അവൻെറ കൈപിടിച്ചുവലിച്ചു.

"അബനെ ബിടെടീ"

ഒരലർച്ച.

അവൾ അത്ര വകവെച്ചില്ല. പൂമ്പാററയെപ്പോലെ പാറിപ്പാറിക്കളിയ്ക്കുമ്പോൾ മുല്ലക്ക പാഞ്ഞുവന്നു് ഒരു തള്ളു്.

ഉറക്കെ നിലവിളിക്കണമെന്നവൾക്കു തോന്നി.

ഉണര്‍ന്നപ്പോള്‍ കുഞ്ഞാസ വിയര്‍ത്തിരുന്നു. കിതപ്പ് നിന്നിട്ടില്ല. കിളിവാതില്‍ പഴുതിലൂടെ പുറത്തേയ്ക്കു നോക്കി നിലാവിന്ന് വലിയ ചന്തമൊന്നുമില്ല. വിളറിയിരിയ്ക്കുന്ന മട്ടുണ്ട്.
ഒരു തണുത്ത കാററ് വീശിയെങ്കില്‍....

അവള്‍ ഒരു കിനാവു കണ്ടശേഷം ഉണര്‍ന്നിരിക്കയാണ് എന്തൊരു ഉഷ്ണമാണ് ഒരു കിനാവു കണ്ടാല്‍ ഇങ്ങിനെ വിയര്‍ത്തു ക്ഷീണിയ്ക്കുമോ?

ചുററുപാടുകള്‍ ഉറങ്ങുകയാണ്. ഒരൊച്ചയുമനക്കവുമില്ലാത്ത ആ വീട്ടിലും പരിസരങ്ങളിലുമായി അവള്‍ മാത്രം ഉണര്‍ന്നിരിക്കയാണെന്നോര്‍ത്തപ്പോള്‍ പേടി തോന്നി.

പുറത്ത്, പേടിവര്‍ദ്ധിപ്പിയ്ക്കുന്ന വിളറിയ നിലാവ്.

അകലെനിന്നു് ഒരു പാട്ടു കേള്‍ക്കുന്നതായി അവള്‍ക്കു തോന്നി. വളരെ വളരെ അകലെ നിന്നാണോ?

വീണ്ടും കിനാവാണോ?

അല്ല. അവള്‍ ഉണര്‍ന്നല്ലെ കിടക്കുന്നതു്? കൂട്ടത്തോടെയുള്ള ആ പാട്ട് അവളുടെ പേടിയെ കുറക്കുന്ന മട്ടുണ്ട്. എങ്കിലും അതു കേള്‍ക്കുമ്പോള്‍ തീരെ സുഖം അവള്‍ക്കു തോന്നുന്നില്ല.

ഉമ്മയും ഉമ്മന്നുമ്മയും അതു കേള്‍ക്കുന്നില്ലേ? അവര്‍ ബോധംവിട്ടു ഉറങ്ങുകയാണ്.

കൂട്ടത്തോടെയുള്ള പാട്ട് അടുത്തടുത്ത് കേള്‍ക്കു

ന്നു. അവരം പതുക്കെ ശ്വാസമടച്ചു കിടന്നു ശ്രവിച്ചു.

പുരുഷന്മാരാണ് പാടുന്നതു്. പാട്ടു് വ്യക്തമായിത്തുടങ്ങി.

അവൾക്കു മനസ്സിലായി. ഒരു കല്ല്യാണം പോകയാണ്.

"കിരികിരി ചെരുപ്പിന്മേൽ
ഉലഞ്ഞാടി നടക്കുന്ന
ഇമ്പപ്പൂപുതുപുതുമാരൻ
ഇതായിതാ വരുന്നേ...."

അനവധിയാളുകരം അതേറവു പാടുന്നു. കനമുള്ള ശബ്ദത്തിൽ, കഴിയുന്നത്ര ഉറക്കെ പാടുകയാണു്.

കുഞ്ഞേനു എഴുന്നേററു.

അവളുടെ മനസ്സ് താളം കൊട്ടുകയാണു്. ഹൃദയത്തിലേക്കു ആ ഈരടികരം ആഴ്ന്നിറങ്ങുന്നു. പാട്ടിനൊപ്പം കനംകുറഞ്ഞ അവളുടെ ശരീരം പാറിയാടുന്നതുപോലെ. പാട്ടു് അവളുടെ മെയ്യാകെ കോരിത്തരിപ്പിക്കുന്നു. ആ ഈരടികരംമാത്രം ആവത്തിക്കപ്പെടാൻ അവരം കൊതിച്ചു. വെറും ഒരു കൊതി.

എന്തിനാണങ്ങിനെ കൊതിക്കുന്നതു്.

ഇതുവരെ അവളെ വിമ്മിഷ്ടപ്പെടുത്തിയിരുന്ന അസുഖങ്ങളെല്ലാം പറന്നകന്നു. ഇപ്പോൾ സുഖം അള്ളിപ്പിടിക്കുകയാണ്.

ഒരു കൂട്ടം മനുഷ്യരുടെ ഘനഗംഭീരമായ ശബ്ദങ്ങരം സംഗീതമയമായ ഒരു സ്വപ്നലോകം സൃഷ്ടിക്കുകയാണ്.

വാതിൽ തുറന്നു ഉമ്മറത്തുപോയി നോക്കാൻ അവൾക്കു് ധൈര്യമുണ്ടായില്ല. ഉമ്മനുമ്മ കണ്ടാൽ—

മിടിക്കുന്ന ഹൃദയവുമായി വാതിൽപഴുതിലൂടെ അവൾ പാളിനോക്കി ആരുടെ കല്യാണമാണ്. ആരാണ് പുതുമാപ്പിള?

ഒന്നുരണ്ടു പ്രകാശമേറിയ വിളക്കുകളും കുറെയധികം ആളുകളും കടന്നുപോയി. ഒന്നും മനസ്സിലായില്ല. ആരേയും അവൾ തിരിച്ചറിഞ്ഞില്ല.

അവരുടെ പാട്ടു് പരിസരങ്ങളെ കുലുക്കിക്കളഞ്ഞു. അവളുടെ ചെവിയിൽ ഇപ്പോഴും അതിൻെറ അലകളടിക്കുന്നു.

"ഇമ്പപ്പൂ പുതുപുതുമാരൻ...."

മനസ്സിന്നു ഘനവും ശരീരത്തിന്നു ക്ഷീണവും അവൾക്കു തോന്നി.

വീണ്ടും അവൾ കിളിവാതിലിലൂടെ പുറത്തേയ്ക്കു നോക്കി.

നിലാവുണ്ടു്. വിരിഞ്ഞുനില്ക്കുന്ന പൂക്കളുമുണ്ടു്. അസറാപ്പൂക്കളും മുല്ലപ്പൂക്കളും. പിന്നെ എന്താണില്ലാത്തതു്? എന്തോ ഒന്നു കുറഞ്ഞിട്ടുണ്ടു്.

നഷ്ടപ്പെട്ട ആ എന്തോ ഒന്നിനെക്കുറിച്ചു കുഞ്ഞൈസ വിഷാദപ്പെട്ടു. അവൾ വിഷാദപ്പെട്ടപ്പോൾ പൂക്കളൊക്കെ വിളറിയിരിയ്ക്കുകയാണെന്നവൾക്കു തോന്നി.

വേലിയ്ക്കപ്പുറത്തു് കൈകൊട്ടിപ്പാടാൻ വന്ന പെണ്ണുങ്ങളുടെ കുലുങ്ങിച്ചിരി കേൾക്കുന്നുണ്ടോ? ഇല്ല, വെറും തോന്നലാണ്.

എങ്കിലും അവൾക്കു ഭയം തോന്നി.

കുഞ്ഞൈതസു വേഗം കിടന്നു. നേരമൊന്നു വേഗം പുലൎന്നെങ്കിൽ! പേടിപ്പെടുത്തുന്ന ഈ നിലാവു കാണാൻ അവൾക്കു വയ്യ.

കൂട്ടത്തോടെയുള്ള ആ പാട്ടു് അവളെ ഭയപ്പെടുത്തുകയല്ലേ ചെയ്തതു്?

മെല്ലെ മെല്ലെ അവൾ ഉറക്കത്തിൽ പെട്ടു.

നേരം പുലൎന്നു് കുറെ കഴിഞ്ഞതിനുശേഷം ഉമ്മന്നമ്മയും ഉമ്മയും അവളോടു് ഒരു കാൎയ്യം പറഞ്ഞു. പതിവിൽ കവിഞ്ഞ ഗൌരവം ആ കാൎയ്യത്തിനുണ്ടായിരുന്നു.

കോയാമുവിന്റെ കല്യാണമായിരുന്നു ഇന്നലെ.

മുല്ലക്കയുടെ മകളെയാണു് അവൻ കെട്ടിയതു്.

പറഞ്ഞുകഴിഞ്ഞപ്പോൾ ഉമ്മന്നമ്മയേയും ഉമ്മയേയും കുഞ്ഞൈതസു വിസ്മയാധീനയായി നോക്കി. തളൎന്ന കണ്ണുകളോടും വാടിയ മുഖത്തോടും കൂടി അവർ അവളെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു.

അപ്പോൾ കുഞ്ഞൈതസു കരഞ്ഞു. തേങ്ങിത്തേങ്ങിക്കരഞ്ഞു.

കത്തുന്ന കണ്ണുകളോടെ നിന്നുവിറയ്ക്കുന്ന മുല്ലക്കയുടെ രൂപം ഓൎമ്മയിൽ വന്നപ്പോൾ അവൾക്കു് ഉമ്മന്നമ്മയുടേയും ഉമ്മയുടേയും നേരെ ഈറതോന്നിയില്ല. ഇതുവരെ ആ കല്യാണത്തെപ്പററി അറിയാതിരുന്നതിന്റെ കാരണത്തെക്കുറിച്ചും കുഞ്ഞൈതസു ആലോചിച്ചില്ല.

---

# ഒരു പുതിയ ചിരി

സംശയിച്ചു നിന്നു. കുറുക്കുവഴി ഇറങ്ങണോ, നേരെ നടക്കണോ–

ഒതുക്കുകളിൽ ചവിട്ടുമ്പോഴും വഴുക്കി വീഴും!

ചവോക്ക് മരങ്ങളെ മൂടിക്കൊണ്ടു് കോട ഇറങ്ങിയിരിക്കുന്നു. ഒന്നും കാണാൻ വയ്യാ.

നേർച്ചക്കൊററന്നു തിന്നാൻ നട്ടുവകത്തിട്ടിരുന്ന പഴത്തൊലിയിൽ ചവുട്ടി വീണതാണ് രായിൻകുട്ടി ക്കോമ്മവന്നതു്. ചിരി അവൻെറ മനസ്സിൻെറ ഏററവും അടിയിലായി ഊറിവരികയായിരുന്നു........

പൊള്ളക്കണ്ണ്!

തൊള്ളപൊളിച്ചു ചിരിക്കുകയാണ്. മാമത്ക്ക അന്നേത്രനേരമാണ് ചിരിച്ചതു്. പഴത്തൊലിയിൽ ചവിട്ടി വീണതിൽ ഇത്രയൊക്കെ ചിരിക്കാനുണ്ടോ? ആദ്യം ദേഷ്യമാണ് തോന്നിയതു്. പിന്നെ ഭയവും. "പൊള്ളക്കണ്ണൻ, ബാപ്പാനോടു പറഞ്ഞാലോ!"

"കീപ്പട്ട്നോക്കി നടക്കുലേ, നോക്കി നടക്കുലേ" എന്നു് അമറിക്കൊണ്ടു് വെട്ടാൻ വരും. ഉമ്മായും മാമത്ക്കായും കൂടി എത്ര തവണയാണ് അററം വളഞ്ഞുകൂർത്ത കവത്ത്കത്തി ഉലക്കപോലുള്ള ആ കയ്യിൽനിന്നും പിടിച്ചു വാങ്ങിയിട്ടുള്ളത്!

കത്തി കയ്യിൽനിന്നുപോയാൽ പള്ളിമുറിയുടെ മൂലയിൽ ചാരിവെച്ചിരിക്കുന്ന ചൂരലെടുക്കാൻ പായുകയായി. എന്നിട്ട് തളരുന്നതുവരെ..........

മാമത്ക്ക അനങ്ങുകയില്ല. കല്ലരലുപോലെ നേച്ച്ക്കൊററൻെറ അടുക്കലിരിക്കും. മൺകലത്തിലെ കരിപുരണ്ട കൈകൊണ്ട് മുഖം പൊത്തിനിന്ന് കരയുകയായിരിക്കും ഉമ്മ. ശബ്ദിച്ചുപോകരുതെന്നല്ലെ പറഞ്ഞിരിക്കുന്നത്! ഉമ്മായുടെ ഒച്ച കേട്ടാൽ കവാത്ത് കത്തി വീണ്ടും എടുക്കുകയായി. അപ്പോഠം ആ വലിയ മുഖത്തെ നരകയറിയ രോമങ്ങഠം വിറക്കുന്നുണ്ടാവും.

“അന്നെ അറക്കേചടീ ഞാൻ, അറക്കും”

ഒരിക്കൽ അവൻ ആ കയ്യിന്മേൽ ഞാന്നുകൊണ്ടു പറഞ്ഞിട്ടുണ്ട്: “ഇൻെറ ബാപ്പാ, ബേണ്ട, ഉമ്മാനെ അറക്കണ്ട”

അന്നാണ് ബീവി വന്നു തട്ടത്തു്. അന്നുമാത്രം.

“ന്താ മേസ്തിരീ, ഈ കാട്ടാമ്പോണത്?”

ചുവന്ന കൊക്കുള്ള വെള്ളപ്പിടക്കോഴിയും ബീവിയും ഒരേമാതിരിയാണ് നടക്കുക. കുണുങ്ങിക്കുണുങ്ങി, കൈകഠം രണ്ടും പകുതി നിവർത്തി വീശിക്കൊണ്ടാണ് അന്നും ബീവി നടന്നുവന്നതു്. വെള്ളപ്പിടക്കോഴിയോടും ബീവിയോടും അവനു ദേഷ്യമാണ്.

നേച്ച്ക്കൊററൻെറ നേരെയും അവനു് ഈറതോന്നാറുണ്ടു്. ശരീരത്തിൽനിന്നും ചീത്തമണം പുറപ്പെടുന്ന ആ കൊററനാടിൻെറ പള്ളക്കു് ഒരു ചവിട്ടുകൊടുത്താലോ എന്നുതോന്നാറുണ്ടു്. ചെയ്യില്ല. നേച്ച്ക്കൊററനല്ലെ! ചെയ്യാൻ പാടില്ല.

ഒരു ദിവസം വെള്ളപ്പിടക്കോഴിയെ കാക്കിച്ചു തുപ്പി. മാമത്ക്ക തൊള്ള തുറന്നു ചിരിയ്ക്കുന്നതു കണ്ടപ്പോഴാണ് അങ്ങിനെ ചെയ്യരുതായിരുന്നു എന്നു തോന്നിയതു്. അവനെ കൂട്ടക്കാനുള്ള ചിരിയായിരുന്നു. പഠിച്ചതൊക്കെ ഓതിക്കഴിഞ്ഞു് പള്ളിമുറിയിൽനിന്നും എഴുന്നേററു് അവൻ നടുവക്കത്തു ചെന്നപ്പോഴാണു് പൊള്ളക്കണ്ണൻ തൊള്ള തുറന്നതു്.

"രായിൻകുട്ടീണ്ടു് കോയിനെ തുപ്പുണ്യ."

അവൻെറ ഉള്ളിൽ ഒരു കത്തലുണ്ടായി. കവാത്തു് കത്തിയുമായി ഇപ്പോഠം പാഞ്ഞെത്തും! പടച്ചവൻെറ ഉടക്കംകൊണ്ടു് മാമത്ക്ക പറഞ്ഞതു് ബാപ്പ കേട്ടില്ല.

"രായിൻകുട്ട്യേ! ഇജ്ജ് മരിക്കാൻതന്നെ ഒരുങ്ങ്യക്കണെ അല്ലേ?"

ഉമ്മായുടെ കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു.

അന്നു് ചായ്പിൽനിന്നുകൊണ്ടു് ഉമ്മ മാമത്ക്കായോടു് പറഞ്ഞു: "ഇൻെറ മാമതേ! ഇജ്ജും ഞങ്ങളെ...." സങ്കടംകൊണ്ടു് ഉമ്മായുടെ ചുണ്ടുകഠം തുള്ളുന്നുണ്ടായിരുന്നു. എന്നിട്ടും പൊള്ളക്കണ്ണൻ പറഞ്ഞു: "അബൻ ബികൃതി കാണിച്ചാ ഞാൻ ബുളിച്ചാറീം."

രായിൻകുട്ടി ഓർത്തു: എത്ര നേരമായി അവനിങ്ങനെ നില്ക്കുന്നു! പാടിയിൽ ചെന്നിട്ടുവേണം നിസ്കരിയ്ക്കാൻ. ഇനി വൈകിക്കൂടാ.

കുറുക്കുവഴി ഇറങ്ങിയാൽ വഴുക്കിവീഴും. വീണാൽ അതെങ്ങിനെയെങ്കിലും ബാപ്പ അറിയും. അറിഞ്ഞാൽ........

വേണ്ട. നേരെ നടക്കാം. ഇരുണ്ട ചുറവുപാടിൽക്കൂടി കരിമ്പാലം കടന്നു പോകണമെന്നേയുള്ളൂ.

ഉള്ളിൽ പേടിയുണ്ടെങ്കിലും അവൻ നടന്നു.

കോട മൂടിയ പെരുവഴിയിലേയ്ക്കു് പച്ചക്കാട്ടിൽ നിന്നും ഇരുട്ടു് ഇഴഞ്ഞുവരുന്നു. താഴെ, വളരെയകലെ അഞ്ചാംകല്ലിന്നടുത്തു് സ്കൂളിൻേറയും ആസ്പത്രിയുടേയും വെള്ളച്ചുവരുകൾ തൂവരാനിട്ട വെള്ളത്തുണികൾ പോലെ അവൻ കാണാറുള്ളതാണ്. ഇപ്പോൾ ഒന്നുമില്ല. വെളുത്ത പുകമാത്രം.

കരിമ്പാലം അടുക്കുകയാണെന്നോർത്തപ്പോൾ അവൻെറ മനസ്സിലേക്കു് പേടി ഓടിക്കയറുകയായിരുന്നു. കരിമ്പാലത്തിന്നു ചുറവും പിശാചുക്കളാണ്. ആർത്തു ചിരിക്കുകയും മണൽ വാരി എറിയുകയും ചെയ്യും.

തണുത്ത ഒരു കാററു വീശി.

രായിൻകുട്ടി ഓർത്തു: മുസ്ഹഫ് അവൻെറ കക്ഷത്തിലുണ്ടല്ലൊ!

ചുവന്ന ചട്ടയോടുകൂടിയ ഭംഗിയുള്ള മുസ്ഹഫ്. അരുകിന്നു് പച്ച സിൽക്കു് തുന്നിപ്പിടിപ്പിച്ചിരിക്കുന്നു. തുറന്നാൽ സുഖകരമായ പുത്തൻ മണവും. അവന്നു് സമാധാനമായി. ധൈര്യവും. മുസ്ഹഫ് കയ്യിലുള്ളപ്പോൾ പിശാചുക്കൾ ഉപദ്രവിക്കില്ലെന്നാണ് മുല്ലക്ക പറഞ്ഞതു്. ഓടിയോടി കാടുകയറി മറിയും പി

ശാപ്യക്കാം. പുതിയ മുസ്ഹഫല്ലെ. മണത്തറിഞ്ഞു കരിമ്പാലം കുലുക്കി പായുന്നുണ്ടാവും ഇപ്പോൾ.

മുസ്ഹഫ് കക്ഷത്തിലില്ലേ-? വലതുകൈ ഉയർത്തി അവൻ തൊട്ടുനോക്കി. ഹാവൂ. ഉണ്ട്. വെള്ളത്തുണികൊണ്ടു തുന്നിയ ഉറയിലാക്കി ചുവന്ന ചരടുകൊണ്ടു കെട്ടിയിരിക്കയാണ്.

കരിമ്പാലത്തിന്നരികെയുള്ള കമ്പിക്കാലിന്നടുക്കൽ അവൻ എത്തിയിരിക്കുന്നു. കമ്പിക്കാലിൻെറ മുകളിലെ കപ്പി തിരിയുമ്പോഴുണ്ടാകുന്ന ശബ്ദം അവിടെ മുഴങ്ങുകയാണ്. പെട്ടികൾ തൂക്കിയ റോപ്പ് നീങ്ങുമ്പോഴാണ് കപ്പി തിരിയുന്നതു്.

ർർർരേരേറെ............റെർർർ

കമ്പിക്കാലും, റോപ്പും, കപ്പിയും ചേൎന്നു് പടച്ചവനോടു് 'ദുആ' ഇരക്കുകയായിരിക്കും.

മൂടൽ മഞ്ഞു് തള്ളിത്തള്ളി അടുക്കലേക്കുവരുന്നു. വെട്ടുവഴി ശരിക്കു കാണാൻ കഴിയുന്നില്ല. കാൽചുവട്ടിലെ കല്ലിൻകഷ്ണങ്ങൾ മാത്രം അവ്യക്തമായിക്കാണുന്നു. അവന്നു മനസ്സിലായി. കരിമ്പാലം കടക്കാൻ പോകയാണ്.

"റബ്ബീ!"

മുസ്ഹഫ് ഇടതുകക്ഷത്തിലിറുക്കി വലതുകൈകൊണ്ടു മുറുകെപ്പിടിച്ചു് അവൻ ഇറുകെ കണ്ണുചിമ്മി. എന്നിട്ടു് ധൃതിയിൽ നടന്നു.

കുറെ നടന്നു. കണ്ണുതുറന്നില്ല.

കരിമ്പാലം കടന്നിരിക്കുന്നു എന്നു നല്ലവണ്ണം

ബോദ്ധ്യമായപ്പോഴാണ് രായിൻകുട്ടി കണ്ണുതുറന്നത്. പുറവുംനോക്കി.

എന്തത്ഭുതം!

കോടയൊക്കെ എവിടെപ്പോയി?

കരിമ്പാലത്തിന്നക്കരെ കോടയില്ല. വലിയ ഇരുളും ഇല്ല. തെളിവില്ലാത്ത അന്തരീക്ഷത്തിലേക്ക് കണ്ണുകളയച്ചുകൊണ്ടു നിന്നപ്പോൾ രായിൻകുട്ടി വിചാരിച്ചു. ഒക്കെ പിശാചുക്കളുടെ പണിയാണ്. കരിമ്പാലത്തിന്നടുക്കൽ ഇരുട്ടുപരന്നതും, കോടയിറങ്ങിയതുമെല്ലാം.

വെട്ടുവഴിവക്കിൽ, നനഞ്ഞ പുല്ലിൽ അവൻ നില്ക്കുകയാണ്. കീഴ്പോട്ടുനോക്കി. ചാലിൽ വെള്ളം കെട്ടിനില്ക്കുന്നു. കണ്ണീർപോലെ തെളിഞ്ഞ വെള്ളം. കുറച്ചേയുള്ളു. രായിൻകുട്ടിയെ സന്തോഷിപ്പിച്ചതു് അതുമാത്രമല്ല. കരിമ്പാലത്തിൻെറ ചുവട്ടിലേയ്ക്കു നീണ്ടുപോകുന്ന ആ മണൽത്തരികളിൽ കെട്ടിനില്ക്കുന്ന വെള്ളത്തിൽ നിറയെ മീൻകുഞ്ഞുങ്ങൾ! കുഞ്ഞോളങ്ങൾ സൃഷ്ടിച്ചുകൊണ്ടു് അവ കളിക്കുന്നു. എന്തു ചന്തമാണ്. ആ കളികാണാൻ!

രായിൻകുട്ടിയ്ക്കു ചിരിവന്നു. ആരും കാണുന്നില്ലെന്നായിരിക്കുമല്ലൊ ഈ മീൻകുഞ്ഞുങ്ങളുടെ വിചാരം!

നാട്ടിൽ, വീട്ടിലെ ഉമ്മറക്കോലായയുടെ ഇറയത്തു് അവൻെറ ചൂണ്ടയിരിപ്പുണ്ടു്. പോരുമ്പോൾ അതെടുക്കണമെന്നു കരുതിയതായിരുന്നു. ഒന്നിനും തരപ്പെട്ടില്ല............

മെഴുക്കുപുരണ്ടതുപോലെ മയമുള്ള കണയും, അതിന്മേൽ ചുററിയിരിക്കുന്ന നാരിൻെറ അററത്തുള്ള ചൂണ്ടക്കൊളുത്തും ഇപ്പോഴം അവിടെത്തന്നെയുണ്ടാവില്ലേ—?

അതാരെടുക്കാനാണ്—!

പൊടിയരിക്കഞ്ഞി വെച്ചു കുടിച്ചുകഴിയുന്ന വല്ലിമ്മ അതെടുക്കില്ല............

വല്ലിമ്മായെക്കുറിച്ചു വിചാരിച്ചപ്പോഴം, കുളിക്കലെ തോട്ടുവക്കിൽ ചെന്നു് ചൂണ്ടയിട്ടു മീൻപിടിക്കാറുള്ളതും, പൊരിച്ച മീൻകൂട്ടി വല്ലിമ്മായുടെ കൂടെയിരുന്നു് പൊടിയരിക്കഞ്ഞി കുടിക്കാറുള്ളതും ഓർത്തുപോയി.

ഇപ്പോഴം, പൊരിച്ച മീൻകൂട്ടാൻ കൊതിയാണ്

കെട്ടിനില്ക്കുന്ന വെള്ളത്തിൽ കളിച്ചുപുളയ്ക്കുന്ന ഈ മീൻകുഞ്ഞുങ്ങളെ ഏതായാലും വെറുതെ വിടരുത്.

എങ്ങിനെയാണു പിടിക്കേണ്ടതു്? ഉടുത്ത തുണിയും കക്ഷത്തിൽ മുസ്ഹഫുമല്ലാതെ ഒന്നുമില്ല.

ആലോചിച്ചങ്ങിനെ നില്ക്കുമ്പോഴം ഒരു യുക്തി തോന്നി. ചാലിലേക്കിറങ്ങുക. എന്നിട്ട് ഉടുത്ത തുണിയഴിക്കുക. പതുക്കെ ഒന്നു കോരുക. നിറയെ തുണിയിലായിരിക്കും.

അപ്പോഴാണോർത്തതു:

മുസ്ഹഫ് എന്തുചെയ്യും?

പേടിതോന്നി. ആ പുത്തൻ മുസ്ഹഫ് വാങ്ങിയദിവസം അവൻെറ മുഖത്തേക്കു തുറിച്ചുനോക്കിയിട്ട് ബാപ്പ പറഞ്ഞതു ഓർമ്മയിൽ വരികയാണ്.

“ഏട് മുസിഞ്ഞാല് അന്നെ അറക്കും ഓത്തോ”

ഒമ്പതുറപ്പികയാണത്രെ മുസ്ഹഫിന്നു വില! നല്ലചന്തവും മണവുമുള്ളതല്ലെ! സന്തോഷിക്കാൻ അവന്നു കൊതിയായിരുന്നു. ഏട്ട മുഷിയുമോ എന്നഭയം എപ്പോഴും അലട്ടുകയാണ്.

മുസ്ഹഫ് പുല്ലിൽ വെച്ചെങ്കിലോ!

താഴെ വെക്കാൻ പാടില്ല. ചവുട്ടിനടക്കുന്ന മണ്ണിലും പുല്ലിലും മുസ്ഹഫ് വെക്കരുത് അതു കുററമാണ്. മടിയിൽ കരുതലോടെ നിവത്തിവെച്ച് ഓതിക്കഴിഞ്ഞാൽ മുത്തിയശേഷമാണ് മടക്കി ഉറയിലാക്കുക. ഇന്നും ഓതിക്കഴിഞ്ഞപ്പോൾ അവൻ അങ്ങിനെ ചെയ്തതാണ്.

ചാലിൽ കെട്ടിനില്ക്കുന്ന വെള്ളത്തിൽ കളിച്ചു കൊണ്ടിരിക്കുന്ന മീൻകുഞ്ഞുങ്ങൾ വീണ്ടും ദൃഷ്ടിയിൽ പെട്ടു. പിന്നീടധികം ആലോചിക്കാൻ നിന്നില്ല. മുസ്ഹഫ് പുല്ലിൽതന്നെ വെച്ചു. എന്നിട്ട് നാലുപുറവും തിരഞ്ഞു് ഒരു കരിങ്കല്ലെടുത്തു് മീതെ വെച്ചു. തൊട്ടുമുത്തിക്കൊണ്ടു് പ്രാൎത്ഥിച്ചു: “റബ്ബീ! പൊറുത്തു മാഫാക്കണേ!”

സാവധാനത്തിൽ ചാലിലേക്കിറങ്ങുമ്പോൾ മുസ്ഹഫിനെക്കുറിച്ചുതന്നെ വിചാരിക്കുകയായിരുന്നു. പിറന്നപാടെനിന്നു് തുണി വെള്ളത്തിൽ മുക്കുമ്പോൾ അവൻ പ്രാൎത്ഥിച്ചു:

“റബ്ബുൽ ആലമീനായ തമ്പുരാനേ, മുസ്ഹഫിൻെറ ഏട്ട് മുസിയാതെ ഇന്നെ കാക്കണേ.......”

മുസ്ഹഫ് താഴെ വെച്ചനിമിഷം മുതൽ അവ ൻെറ മനസ്സ് തളൎന്നുപോയിരുന്നു. കഴുത്തോളം കുഴി യുള്ള ചാലിലിറങ്ങിയപ്പോഠം അകാരണമായി പേടി തോന്നുകയാണ്.

വെള്ളമിളകി ശബ്ദമുണ്ടാകുന്നു. മീൻകുഞ്ഞുങ്ങഠം പരക്കംപായുന്നു. അവന്നു് പേടിവൎദ്ധിക്കയാണ്. നേരം വളരെ വൈകി. ചാലിൽ മിക്കവാറും ഇരു ളാണ്.

രായിൻകുട്ടി വിചാരിച്ചു: മുസ്ഹഫ് കയ്യിലി ല്ലാതെ, കരിമ്പാലത്തിന്നടുക്കൽ ഒരു ചാലിൽ, അന്തി മങ്ങുന്ന നേരത്ത്............

പേടി കൂടി. തുണിയിൽ കുറെയൊക്കെ കിട്ടി യിട്ടുണ്ടെന്നു തോന്നിയപ്പോഠം അവൻ പതുക്കെ നിവ രുകയായിരുന്നു.

"ഹ ഹ ഹ ഹ"

അവൻ നടുങ്ങി വിറച്ചു.

കരിമ്പാലത്തിന്നു ചുറ്റുമുള്ള പിശാചുക്കഠം—

ചിരിക്കുകയോ, അലറുകയോ?

കരിമ്പാലത്തിന്നു മുകളിലേക്കും, പച്ചക്കാടുകളി ലേയ്ക്കും ആ ശബ്ദം പാഞ്ഞുപാഞ്ഞു ചെല്ലുന്നുണ്ടെന്നു തോന്നി. ആകെ മുഴങ്ങുകയാണ്.

തലയുയൎത്തിനോക്കാൻ അവന്നു കഴിയുന്നില്ല. വിറക്കുകയാണ്. ഇരുളിൽനിന്നുകൊണ്ടു് വിയൎക്കുക

യാണ്. കെട്ടിനില്ക്കുന്ന വെള്ളത്തിലേക്കു ഇപ്പോഠം വീഴും അവൻ. ഇപ്പോഠം............

"ഓ. ൻെറ രായിൻകുട്ട്യേ!"

എന്തു്? അവൻെറ പേരുവിളിക്കുന്നു! രായിൻ കുട്ട്യേ എന്നു്. എല്ലാം മനസ്സിലായി. വയ്യ. വേണ്ട. ഇനി വിളിക്കാതിരിക്കട്ടെ............

"ഇങ്ങട്ട് കേറടാ അബ്ട്ന്നു്"

ആരാണു സംസാരിക്കുന്നതു? അവനു പരിചയ മുള്ള ശബ്ദംപോലെ. ആ ശബ്ദം ഭയത്തിൻെറ കട്ടി കൂടിയ പാട തുടച്ചുനീക്കുന്നുണ്ടെന്നുതോന്നി. തന്ത്ര മാണോ—?

തലയുയത്തി നോക്കാൻ ശ്രമിച്ചു. കഴിയുന്നില്ല. ചുമലിൽ ആരോ കൈവെക്കുന്നു. ഇളംചൂടുള്ള കൈ കഠം അവനെ മേല്പോട്ടു് കയറവുകയാണ്. കയ്യിൽ നനഞ്ഞ തുണി പിടിച്ചുകൊണ്ടു് അവൻ മുഖമുയത്തി നോക്കി.

പൊള്ളക്കണ്ണു്! തുറന്നവായ! കഴുത്തിന്നു മേൽ ഭാഗം മുഴവൻ ചിരിയുമായി മാമത്ക്ക നില്ക്കുന്നു!

മാമത്ക്കയൊണോ—? അതോ-മാമത്ക്കായുടെ കോലത്തിൽ വന്ന............

"എന്താ രായിൻകുട്ട്യേ ഇജ്ജ് കാട്ട്ണ്?"

പേടിയ്ക്കു് കുറവുണ്ടു്. എന്നിട്ടും സംശയം വിട്ടു പോകുന്നില്ല. തുറന്നു ചോദിക്കണമെന്നുണ്ടു്. നാവ് അനങ്ങുന്നില്ല. വരണ്ട ചുണ്ടുകഠം വിറക്കുകയാണ്. പേടിച്ചു പേടിച്ചു അവൻ വിളിച്ചു.

"മാമത്ക്കാ!"

"ഓയ്" ചിരിച്ചുകൊണ്ടാണ് വിളി കേൾക്കുന്നതു"

"ഇങ്ങള് മാമത്ക്കെന്നേണ്?"

കരയണമെന്നു തോന്നി.

"എന്താണ്ടാ അനക്ക്? ഹ ഹ ഹ"

സമാധാനിക്കാൻ രായിൻകുട്ടി ശ്രമിച്ചു. മാമത്ക്കായുടെ കൈത്തണ്ടയിൽ ഒന്നു തൊട്ടുനോക്കിയാലോ! എന്നാൽ വിശ്വസിക്കാം.

തീക്കനലിൽ എന്നപോലെ ഒന്നു തൊട്ടു. ഹാവൂ. സമാധാനമായി. മാമത്ക്കതന്നെ.

"എന്താജ്ജ് ഇബടെ കാട്ട്ണ്?"

"ഞാൻ—" പറയാൻ മടിതോന്നി. മാമത്ക്കചെന്നു പറയുമോ—? നിസ്സരിക്കാതെ രായിൻകുട്ടി കരിമ്പാലത്തിൻെറ ചുവട്ടിൽ............

"ഇജ്ജ്—?"

"ഞാന്....... മീൻ........പുടിക്കാമ്പേണ്ടി.—"

"ഹ ഹ ഹ" വീണ്ടും ചിരി.

"എടാ, ഇത് മീനാണ്ടാ? പൊട്ടാ! ഇത്മീനാ?"

രായിൻകുട്ടി നോക്കി. നനഞ്ഞ തുണിയിൽ കുറെയുണ്ടു്. എത്രനേരം അവൻ ബുദ്ധിമുട്ടിയതാണ്! എന്നിട്ടു് മീനാണോ എന്നു്!

ഈ പൊള്ളക്കണ്ണന്നു് കിറുക്കാണ്—

"എടാ, പെര്ച്ചായ്യേ! ഇതു് തവളപ്പൊട്ട്‌ലാണ്,—തവളപ്പൊട്ട്‌ല"

നനഞ്ഞ തുണിയിലേക്കു വീണ്ടും നോക്കി. ശരിയാണോ മാമത്ക്ക പറയുന്നതു്?

നനഞ്ഞ തുണി നിവൎത്തി അറപ്പോടെ അവൻ ചാലിലേക്കു കുടഞ്ഞു. തുണിയിൽ പററിപ്പിടിച്ചിരുന്ന തവളക്കുഞ്ഞുങ്ങാം വെള്ളത്തിലേക്കു തെറിച്ചു വീണുകൊണ്ടിരുന്നു. മാമത്ക്കായുടെ മുഖത്തേക്കു വീണ്ടും നോക്കിയപ്പോാം നാണിച്ചുപോയി.

അരയ്ക്കുകീഴ്ഭാഗത്തേയ്ക്കു നോക്കിയിട്ടു മാമത്ക്ക പറയുന്നു: "ആയ്യേ്യ, അയിമ്പ്, അയിമ്പ്"

നനഞ്ഞ തുണി അവൻെറ കയ്യിൽനിന്നും വാങ്ങി പിഴിഞ്ഞുകൊടുത്തിട്ടു് മാമത്ക്ക പറഞ്ഞു: "ഉടുത്ത്ട്ട്ബേഗം നടക്കടാ"
പുല്ലിൽ വെച്ചിരുന്ന മുസ്ഹഫ് കുനിഞ്ഞെടുക്കുകയായിരുന്നു. അതു കണ്ടപ്പോാം വലിയ ഒച്ചയിൽ മാമത്ക്ക ചോദിച്ചു:

'ഹെന്തു്? മുസ്ഹഫ് എബടേ ബെച്ചു്? എബടേ ബെച്ചു്?'

അവൻ പകച്ചുനോക്കിനിന്നു.

'മുസ്ഹഫിൻെറ മോളീ കല്ല് കേററ്?'

രായിൻകുട്ടിയ്ക്കു വീണ്ടും ഭയമായി. കല്യമാല്യക്കാരൻ അതും കണ്ടു.

'നടക്ക്, ബേഗം നടക്ക്. ബാപ്പ കാത്തിരിക്ക്ണ്ണ്ണ്ടു'

ചരലിൽ ചവുട്ടി 'കരേ കരേ' എന്നു ശബ്ദമുണ്ടാക്കിക്കൊണ്ടു മാമത്ക്ക നടന്നപ്പോാം ഒപ്പമെത്താൻ അ

വൻ ഓട്ടുകയായിരുന്നു. ഇറങ്ങിയിറങ്ങിപ്പോകുന്ന പാതയിലൂടെ നീങ്ങിക്കൊണ്ടിരുന്നപ്പോൾ ഓർത്തു: ബാപ്പ ഉമ്മറത്തുതന്നെ ഇരിപ്പുണ്ടാവും. തുണി നനഞ്ഞതെങ്ങിനെയെന്നു ചോദിച്ചാൽ എന്തുത്തരം പറയും? എന്തുപറഞ്ഞാലും കണക്കാണ്.

പള്ളിമുറിയിലേക്കു പായും. എന്നിട്ടു ചൂരലെടുത്തു്............

മുസ്ഹഫ് പുല്ലിൽ വെച്ചതും, മുകളിൽ കല്ലുകയററിവെച്ചതും മാമത്ക്ക പറയും. നനഞ്ഞ തുണിയും മനോവേദനയും അവനെ വിമ്മിഷ്ടപ്പെടുത്തുകയാണ്.

രണ്ടു 'കോൽ മേസ്തിരി'മാരും ഒരുകൂട്ടം തമിഴത്തികളും എതിരെ വരുന്നുണ്ടു്. വലിയ കുട്ടകങ്ങൾപോലുള്ള കൂടകൾ പുറത്തു തൂക്കി, മുട്ടിന്നു മേൽഭാഗത്തേക്കു ചേലകയററി, അവയ്ക്കു മീതെ കരിമ്പടക്കഷ്ണങ്ങൾ ചുററി നടക്കുന്ന തമിഴത്തികൾ സംസാരിച്ചു ബഹളംകൂട്ടുന്നു. പുതുക്കാട്ടിലെ പാടികളിലേക്കു മടങ്ങുകയാണ്. അവക്കു കരിമ്പാലം കടന്നുപോകണം.

പച്ചക്കാട്ടിൽ നിന്നും തീച്ച്യയായും മടങ്ങിയെത്തിയിരിക്കും ബാപ്പ. മാമത്ക്ക പറഞ്ഞതു നേരാണ്.

കാൽചുവട്ടിൽ ഇരുട്ടും, കണ്ണിൽ വെള്ളവും നിറയുകയാണ്.

പാടിയിലേയ്ക്കുള്ള ഒതുക്കുകളിൽ ചവുട്ടിക്കൊണ്ടു് മാമത്ക്ക ധൃതിയിൽ കയറുകയാണ്. മാമത്ക്ക ഒച്ചയുണ്ടാക്കാതെ നടന്നിരുന്നെങ്കിൽ! നടക്കുമ്പോൾ എന്തു ശബ്ദമാണ്! പാടികളിൽ കുട്ടികൾ കരയുകയും വലിയവർ ഉറക്കെയുറക്കെ വർത്തമാനം പറയുകയും

ചെയ്യുന്നു. ശബ്ദങ്ങൾ ചെവിയിൽ വന്നലക്കുകയാണ്. എല്ലാശബ്ദങ്ങളും കൂടി അവനെ പരവശനാക്കുകയാണ്.

ഇടതുകക്ഷത്തിൽ അമർത്തിപ്പിടിച്ച മുസ്ഹഫ് വലതുകൈ ഉയർത്തി തൊട്ടു.

'റബ്ബീ! ഇന്നെ കാക്കണേ...........'

ഉമ്മറത്തുതന്നെ നേർച്ചക്കൊറ്റൻ നില്പുണ്ട്. അതിന്റെ ഉന്തിയ കണ്ണുകളിൽ ഉമ്മറത്തു കത്തുന്ന കമ്പിറാന്തലിന്റെ വെളിച്ചം രായിൻകുട്ടി കണ്ടു. അവന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങിയിരുന്നു.

ഉമ്മറപ്പടിയിൽ വെച്ചിരുന്ന കിണ്ടിയിലെ വെള്ളംകൊണ്ടു് രായിൻകുട്ടി കാൽകഴുകുകയായിരുന്നു. അപ്പോൾ മാമത്ക്ക അമർന്ന സ്വരത്തിൽ ആരോടോ പറഞ്ഞു.

"ബന്നു"

അവന്റെ ഉള്ളിൽ വീണ്ടും കത്തലുണ്ടായി. മെല്ലെ കോലായിലേക്കു് കാലെടുത്തുവെച്ചു് ഇടംകണ്ണിട്ടു് ഒന്നുനോക്കി. കട്ടിലിൽ ഇരിയ്ക്കുന്നു ബാപ്പ!

ഇറയത്തു തൂക്കിയിരിക്കുന്ന കമ്പിറാന്തലിന്റെ വെളിച്ചത്തിൽ വലിയ കണ്ണുകൾ കത്തുന്നമാതിരി തോന്നി. മട്ടത്താടിയിൽ ഇരുൾ മുററിനില്ക്കുന്നു!

അവൻ അകത്തേക്കു പോകാൻ ഭാവിക്കുകയായിരുന്നു.

"രായിൻകുട്ട്യേ!"

ചൂളിപ്പോയി. നിസ്സഹായനായി അകത്തേക്കു കണ്ണയക്കുകയാണ് ആദ്യം ചെയ്തതു. നടുവകത്തെ മ

ങ്ങിയ വെളിച്ചത്തിൽ ആരോ നിൽപുണ്ട്. മാമത്ക്ക യാണോ?........ഉമ്മയാണോ?

മനസ്സതേങ്ങി. 'ഇൻെറ ഉമ്മാ!........"

'ഇങ്ങട്ട് ബാടാ'

വീണ്ടും വിളി. പതുക്കെ അവൻ ചെന്നു. കട്ടിലിൻെറ തലക്കൽ ചൂരൽ ചാരിവെച്ചിരിക്കുന്നു. ഇപ്പോഠം അതെടുക്കും........

വേദനയല്ല. ഒരു തരിപ്പാണുണ്ടായതു്. ഇനി അടികൊണ്ടാലും അവന്നു വേദനയുണ്ടാവില്ല. അത്രക്കു....

'എങ്ങനേണ്ടാ തുണി നനഞ്ഞതു്?'

ചുമരുകഠം കുലുങ്ങുന്നു. അവന്നു നാവുപൊന്തുന്നില്ല. മുസ്ഹഫ് കക്ഷത്തിൽനിന്നും ഊന്നുവീഴുമെന്നുതോന്നി.

'എങ്ങനേണ്ടാ?'

തളന്നുപോകുന്നു. 'ബരുമ്പൊ-ബരുമ്പൊ-' തീരെ കരുത്തില്ലാതാവുകയാണ്. കുറെ നേരത്തേയ്ക്കു പിന്നെ ഒന്നും പറയാൻ കഴിഞ്ഞില്ല. പരിസരങ്ങളിൽ ഒരു ശബ്ദവുമില്ല.

കട്ടിലിൽ വെറുതെ ഇരിക്കയാണ്!

അവൻ പറയുന്നതു കേഠക്കാൻ കാത്തിരിക്കയാണോ? ചൂരലിലേയ്ക്കു ഇപ്പോഠം നീളും ആ കൈ. അതിന്നു മുമ്പ്—

'ബെരുമ്പൊ-ബയിക്കി വീണു'

അവന്നു സമാധാനമായി. ഇനി ചോദിക്കട്ടെ. കുറെ ചോദിയ്ക്കട്ടെ. അതവന്നു ധൈര്യമുണ്ടാക്കുകയേയുള്ളൂ.

"കുറുക്ക് എന്താണ്ടാ ബയിക്കി—"

ഒന്നും ചോദിയ്ക്കുന്നില്ല. റബ്ബീ.......!!

അവൻ വീണ്ടും പറഞ്ഞു.

"ബെള്ളത്തിലിക്കാണ് വീണത്........"

ഇപ്പോഠം എടുകകം ചൂരൽ. ഇപ്പോറം.—ആതാ-കട്ടിൽതലയ്ക്കലേയ്ക്കു കൈ നീളുന്നു. ചൂരൽ എടുക്കുകയാണ്. ഉറക്കെ കരയണം. വളരെയുറക്കെ കരയാൻ കഴിഞ്ഞെങ്കിൽ........

"ഹിൻെറ.......ഹ.......ഹ.......ഉമ്മാ!"

ചൂരൽ അവൻെറ നേരെ നീട്ടിക്കൊണ്ടു ബാപ്പ പറഞ്ഞു:

"പള്ളിമുറീല് കൊണ്ടുബെക്ക്"

വിറക്കുന്ന കൈകളിൽ അവൻ ചൂരൽ പിടിച്ചു. തേങ്ങിത്തേങ്ങിക്കരയുകയായിരുന്നു.

ചൂരലിനു് എന്തു ഭാരമാണ്! പള്ളിമുറിയിൽ കടന്നു് ചൂരൽ ഒരു മൂലയിൽ വെച്ചു കാൽപെട്ടി തുറന്നു് മുസ്ഹഫ് വെയ്ക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഠം ആ ഒച്ച വീണ്ടും കേട്ടു.

"മുസഹഫ് കൊണ്ടുവാടാ"

വീണ്ടും ചുഴിയിൽ....... ഭയത്തിൻെറ കയത്തിലേയ്ക്കു നീങ്ങുകയാണ്........

മുസഹഫിന്മേൽ കല്ലുകയററിവെച്ചതു് അറിയുമോ? ഉറയിൽ ചളി കാണുമോ?

അരിച്ചരിച്ചാണു ചെന്നതു്. മുസഹഫ് ഉറയിൽ

നിന്നും പുറത്തെടുത്തു. കൈകറ വിറച്ച് താഴെ വീഴുമെന്നു തോന്നി.

നീട്ടിയപ്പോറം വാങ്ങിയില്ല!

"കൊണ്ടുബെക്ക്. ഏട്ട് മുസിക്കര്ത്"

വീണ്ടും രക്ഷപ്പെട്ടിരിക്കയാണ്. കാൽപെട്ടിയിൽ മുസാഹഫ് വെച്ച് അകത്തേക്കു ചെന്നപ്പോറം മാമത്ക്ക വായപൊത്തി ഒന്നു ചിരിച്ചു. അവൻ പറഞ്ഞ നുണയൊക്കെ കേട്ടു എന്നറിയിക്കലൊണത്. പൊള്ളക്കണ്ണൻ!

വാതിലിൻെറ മറവിൽ ഉമ്മ നില്ക്കുന്നു.

"ഉമ്മാ!"

ഉമ്മ അവൻെറ കൈപിടിച്ചാണ് അടുക്കളയിലേക്കു നടന്നതു്.

"ഇൻെറ മോനേ"

ഉമ്മ നനഞ്ഞ തുണി അഴിച്ചു വാങ്ങി. തുണി മാറിയുടുത്തപ്പോറം രായിൻകുട്ടിയുടെ വേദനകറംക്കു ശമനംവന്നു.

പള്ളിമുറിയിൽ പോയി നിസ്കരിച്ചു.

ഉമ്മ അവനു ചേറുവിളമ്പുമ്പോറം മാമത്ക്ക അടുക്കളയിലേയ്ക്കു വന്നു.

"തവളപ്പൊട്ട്ല് പൊരിച്ചതു് രണ്ടെണ്ണം രായിൻകുട്ടിക്ക് കൊടുക്കീം"

അവനെ കളിയാക്കാൻ വന്നിരിക്കയാണ്! 'പോ പൊള്ളക്കണ്ണാ' എന്നു പറയാൻ തോന്നി. പക്ഷെ— അവൻ ചെയ്തതൊക്കെ വിളിച്ചുപറഞ്ഞാൽ! അല്ലെ

ങ്കിൽ,—"ഇന്നെ രായിൻകുട്ടി ചീത്തപറഞ്ഞു" എന്നു് അറിയിച്ചാലോ! എന്നാൽ പിന്നെ സംശയിക്കേണ്ട; ചൂരൽ എടുക്കുകയായി.

നീരുവന്നു വീർത്ത കൈകാലുകളോടെ തോട്ടം കയറിയതാണത്രെ മാമത്ക്ക. ബാപ്പയാണ് ചികിത്സിച്ചതും വേലകൊടുത്തതും. ഇപ്പോഴും സ്വന്തം അനുജനെപ്പോലെ കരുതുന്നു. മാമത്ക്ക എന്തുപറഞ്ഞാലും ബാപ്പ അതു് കാര്യമായി എടുക്കും. അതുകൊണ്ടു് രായിൻകുട്ടിക്കു് ഒന്നും പറയാൻ വയ്യ. അവൻ വിചാരിച്ചു:

"ന്നാലും ഇത്ര ഫൂങ്കു് കാട്ടിക്കൂടാ"

കിടക്കാൻ വേണ്ടി പള്ളിമുറിയിലേക്കു പോയപ്പോഴും മാമത്ക്കയും കൂടെയുണ്ടു്. താഴ്ത്തിവെച്ചിരുന്ന വിളക്കിൻെറ തിരി നീട്ടി അവൻ പായ വിരിക്കുകയായിരുന്നു. അപ്പോഴും മാമത്ക്ക പെട്ടി തുറന്നു. മുസ്ഹഫ് ഉറയിൽനിന്നും പുറത്തെടുത്തിട്ടു് വിളക്കിന്നടുക്കൽ വന്നു.

രായിൻകുട്ടിക്കു വലിയ വെറുപ്പുതോന്നി. എടുമുഷിഞ്ഞിട്ടുണ്ടെങ്കിൽ ഉടനെ ചെന്നുപറയാൻ വേണ്ടിയാണല്ലോ അതെടുത്തുനോക്കുന്നതു്! തട്ടിപ്പറിച്ചു് പെട്ടിയിൽ തന്നെ കൊണ്ടുവെയ്ക്കണം! എന്തെങ്കിലും പറഞ്ഞാൽ ഉടനെ ചോദിയ്ക്കണം. "ഇങ്ങക്കെന്തു് അബകാസം?"

മിണ്ടുകയില്ല. എന്തു് മിണ്ടാനാണു്? തൊള്ള തുറന്നു്, കണ്ണുതുറിച്ചു് ഇരിക്കുകയേയുള്ളൂ.

"റായിൻകുട്ട്യേ!" അയാം അവനെ വിളിക്കുന്നു.

പായയിൽ ഇരുന്നുകൊണ്ട് അവൻ വിളികേട്ടു.

മുസഹഫ് ഉറയിലാക്കിക്കൊണ്ട് അയാം പറഞ്ഞു:

"മോനേ! എട് മുസിക്കരേ'ത്ട്ടോ. ബാപ്പ അന്നെ കൊല്ലേ'ള്ളൂ."

എന്ത്? മാമത്'ക്കയോണോ ഈ പറയുന്നതു?

സാവകാശത്തിൽ മാമത്'ക്ക എഴുന്നേററുചെന്നു മുസഹഫ് പെട്ടിയിൽ വെയ്ക്കുകയാണ്. വീണ്ടും റായിൻകുട്ടിക്കു വെറുപ്പുതോന്നി. അവന്നറിഞ്ഞുകൂടെ അതെല്ലാം! ഒരാളുടെ ഉപദേശം വേണ്ടേ കുറെ!

"ഒപ്പാരം"

മാമത്'ക്ക പായയിൽ അവൻെറ അടുത്തുവന്നിരുന്നു. പുറത്തു തടവിക്കൊണ്ടു വീണ്ടും പറഞ്ഞു:

"എട് മുസ്യാതെ നോക്കണെം ട്ടോ മോനേ! ബാപ്പാൻെറ ദേസ്യം അനക്കറിഞ്ഞുകൂടെ?"

"ഇക്ക് അറ്യാ. ഇങ്ങള് പോയി കെടന്നോളീ"

സങ്കടവും ദേഷ്യവും വരുന്നുണ്ടായിരുന്നു. വിളക്കിൻെറ തിരി താഴ്ത്തിവെച്ചു മാമത്'ക്ക എഴുന്നേററു പോകുന്നതു മലന്നുകിടന്നു കണ്ടു. ഉറക്കെ ശ്വാസിച്ചുകൊണ്ടു അങ്ങിനെ കിടക്കുമ്പോഴം അവൻ ഓക്കുകയായിരുന്നു. എല്ലാവരും അവനേയും ഉമ്മായേയും സങ്കടപ്പെടുത്തുന്നവരാണ്: ബാപ്പ, മാമത്'ക്ക, ബീവി....

ബാപ്പ എപ്പോഴും ഉമ്മായെ ഉപദ്രവിയ്ക്കുന്നു. ബീവിയെ പാടിയിൽനിന്നും മാററിത്താമസിപ്പിക്കണമെന്നു പറഞ്ഞതിനാണ്. ഉമ്മ പറഞ്ഞതു കാര്യമല്ലേ?

ബീവിയെ ബാപ്പയെന്തിനാണ് തീററിപ്പോററുന്നതു്? കെട്ടിയ മാപ്പിള മരിച്ചുപോയതുകൊണ്ടു ബാപ്പതന്നെ പുലത്തണമെന്നുണ്ടോ? ആ പെണ്ണൊരുത്തി ഒരു പണിയ്ക്കും പോകുന്നില്ല. കാട്ടിൽനിന്നു പോരുമ്പോഴും ബീവിയുടെ പാടിയിലാണ് ബാപ്പ ആദ്യം കയറുന്നതു്. അതിനെക്കുറിച്ചു സംസാരിച്ചു് ഉമ്മയെപ്പോഴും ബഹളംകൂട്ടമായിരുന്നു. ഉമ്മ അടികൊണ്ടിട്ടുള്ളതിന്നു കണക്കില്ല. എത്രപ്രാവശ്യമാണ് ഉമ്മ ബോധംകെട്ടു വീണിട്ടുള്ളതു്! പിന്നെ എപ്പോഴും ഉമ്മ കരച്ചിലായി. കവാത്തുകത്തിയുമായി പാഞ്ഞുവരവുതുടങ്ങിയപ്പോഴും ഉമ്മ കരച്ചിലും നിർത്തി.

അവൻെറ ഉമ്മയിപ്പോഴും ഈ കാര്യത്തെച്ചൊല്ലി കരയാറില്ല. എല്ലാം സഹിക്കുകയാണ്........

ബീവിയെ ഒരു ദിവസം മാമത്ക്ക ചീത്തപറയുകയുണ്ടായി. ബീവിയോടും വലിയ ദ്വേഷ്യമാണ്. മാമത്ക്ക ഒരു ദിവസം സംസാരിക്കുന്നതു അവൻ കേട്ടിട്ടുണ്ടു്—

“ൻെറ ഇക്കാനെ പാട്ട്ലാക്കീലെടീ, മാനംകെട്ടോളേ!”

മാമത്ക്ക പോയപ്പോഴും ബീവി ക്കാക്കിച്ചുതുപ്പി. പകരം തുപ്പണമെന്നു് അവനുതോന്നി. അപ്പോഴും ചെയ്തില്ല.

വെള്ളപ്പിടക്കോഴിയെ തുപ്പിയതു് ആ ഓർമ്മവെച്ചുകൊണ്ടാണ്.

ബീവി എന്ന് ഒരുത്തിയെ ബാപ്പ പോററുന്നുണ്ടെന്നു നാട്ടിൽ അറിഞ്ഞപ്പോൾ ഉമ്മ നിലത്തുവീണു നിലവിളിച്ചു. ബാപ്പ നാട്ടിൽ വന്നപ്പോൾ ഉമ്മ പറഞ്ഞു:

"ഞങ്ങളും പോരാണ് അങ്ങട്ട്"

ബാപ്പ അന്നു കുറെ മുടക്കം പറഞ്ഞു. ഉമ്മ പുറപ്പെടുകതന്നെ ചെയ്തു. അവന്നു തീരെ തൃപ്തിയില്ലായിരുന്നു. എന്നിട്ടും ഉമ്മായുടെ കൂടെ പോരേണ്ടതായി വന്നു.

മലകളെ ചുററിച്ചുററിക്കയറുന്ന പാതയും, പുതിയമനുഷ്യരും, ചായച്ചെടികളും, കുഴലുകൾ വഴി കിട്ടുന്നവെള്ളവും ആദ്യം അവനെ സന്തോഷിപ്പിക്കുകയായിരുന്നു.

കാണുമ്പോൾ ഓക്കാനംവരുന്ന ചെറിയ ചെറിയ അട്ടകളും, ദീനതകളെ പേറിനടക്കുന്ന തമിഴത്തികളും അവനെ വിമ്മിഷ്ടപ്പെടുത്തി. എപ്പോഴും, എന്തിനും കോപിക്കുന്ന ബാപ്പയും............

വേദനകളുടെ തുടക്കമായിരുന്നു............

പഴയ മുസഹഫ് മുഷിഞ്ഞതാണ്. ഇത്ര ഭയത്തോടെ അവൻ സൂക്ഷിക്കണമെന്നില്ല. ഇപ്പോൾ അതു കാൽപെട്ടിയുടെ മൂലയിൽ സ്ഥലംപിടിച്ചിരിക്കയാണ്. അതു കൊണ്ടുനടന്നിരുന്നപ്പോഴും അതിൽ നോക്കി ഓതിക്കൊണ്ടിരുന്നപ്പോഴും ഒരലട്ടമില്ലായിരുന്നു.

പുതിയ മുസഹഫിൻെറ ഏട്ട് മുഷിയരുതേ!

വേദനകളുടേയു മാത്രമായ ഒരവസ്ഥയിലേക്കു, രായിൻകുട്ടിയുടെ മനസ്സ് വഴുതിപ്പോവുകയാണ്........

"റബ്ബുൽ ആലമീനായ തമ്പുരാനേ! കാത്ത് * കിറ്ഫ ചെയ്യണേ............"

പ്രകാശം പൊലിയുകയും ഇരുട്ട് പാഞ്ഞുകയറുക യും ചെയ്തുകൊണ്ടിരുന്നു.

മണികിലുക്കം കേട്ടുകൊണ്ടാണു കണ്ണു തുറന്നതു്. നേരം പുലരുകയാണ്. വാതില്ക്കൽ നേർച്ചക്കൊററൻ നില്ക്കുന്നു. മാമത്ക്ക ഇന്നലെ അതിനെ പിടിച്ചു കെട്ടിയില്ലേ? അമറിക്കൊണ്ടു് ഉമ്മറത്തുതന്നെ നില്ക്കുന്നു. ദേഷ്യംവന്നു. അവൻ എഴുന്നേററു ആട്ടിയകററി.

മണികിലുക്കം അകന്നുപോകുന്നു.

നിസ്കരിക്കണം. നേരം വൈകരുതു്. 'വുസു' എടുക്കാൻ പുറത്തിറങ്ങിയപ്പോഠം തണുപ്പുമൂലം കോച്ചി വിറക്കുന്നു. ഉമ്മ എഴുന്നേററു കഞ്ഞിവെക്കുകയായിരിയ്ക്കും. ചൂടുള്ള കഞ്ഞി അച്ചാർകൂട്ടി കുടിക്കുമ്പോഴുണ്ടാകുന്ന സുഖത്തെക്കുറിച്ചോർക്കുകയായിരുന്നു. 'വുസു' എടുക്കുമ്പോഠം.

വെള്ളത്തിന്നു് എന്തു് തണുപ്പാണ്! കൈകാലുകഠം കിടുകിടുത്തു പോകുന്നു.

പള്ളിമുറിയിലേയ്ക്കു നടക്കുമ്പോഠം കട്ടിലിന്നരികെ മെതിയടികഠം കണ്ടു. ബാപ്പ നിസ്കരിച്ചുകഴിഞ്ഞിരിയ്ക്കും. നിസ്കരിച്ചുകഴിഞ്ഞാൽ കഞ്ഞികുടിയ്ക്കാറാകുന്നതുവരെ ഒരുറക്കമുണ്ടു്.

* കൃപ.

പള്ളിമുറിയുടെ വാതില്ക്കൽ നേർച്ചക്കൊററൻ! കൊല്ലാനുള്ള ദേഷ്യം വന്നു. "പൊയിക്കൊ ഇബ്ലീസേ!"

നിസ്കരിച്ചു. നിസ്കരിച്ച പായയിലിരുന്ന് മുസഹഫ് നിവർത്തി, മുണ്ടുവിരിച്ച തലയിണയിന്മേൽവെച്ച് ഓതുകയായിരുന്നു. തണുപ്പുമൂലം പല്ലുകൾകൂട്ടിയടിയ്ക്കുമ്പോൾ ഓതാൻ വിഷമംതോന്നുന്നുണ്ട്. ചൂടുള്ള കഞ്ഞിയും ചൊടിയുള്ള അച്ചാറും കൺമുന്നിൽ തെളിയുകയാണ്.

"റായിൻകുട്ട്യേ!"

ഉമ്മ വിളിയ്ക്കുന്നു. കഞ്ഞി കുടിയ്ക്കാനാണ്. പിന്നെ ഒന്നും ഓർത്തില്ല........

പലക വലിച്ചിട്ടിരുന്ന് ചുടുചുടെ കഞ്ഞി മുക്കിക്കുടിച്ചപ്പോൾ തണുപ്പും വിശപ്പും തീർന്നു. ഉമ്മറത്തേയ്ക്കുപോന്നു. എതിരേയുള്ള പാടിയിൽനിന്നും ഒരു കുട്ടി കരയുന്നു. ശ്വാസം മുട്ടുന്നുണ്ടെങ്കിലും കരച്ചിൽ നിർത്തുന്നില്ല. പാടികളുടെ മേൽപുരകളിന്മേൽ മഞ്ഞ് പൊതിഞ്ഞുകൂടിയിരിയ്ക്കുന്നു. നാട്ടിൽ, മഞ്ഞവെളിച്ചത്തിൽ മുങ്ങിക്കിടക്കുന്ന കോലായയിൽ വന്നു നില്ക്കാറുള്ളത് കൊതിയോടെ ഓർത്തുപോയി. ഇളവെയിലേററിരുന്നുകൊണ്ട് വല്ലിമ്മയിപ്പോൾ കാൽവണ്ണകൾ തിരുമ്മുകയായിരിയ്ക്കും............

നാട്ടിലായിരുന്നപ്പോൾ എന്തുസന്തോഷമായിരുന്നു അവന്ന്!

പാടിയുടെ പടിഞ്ഞാറെ അററത്തെ ഈ മുറി

KOTTAYAM PUBLIC LIBRARY KOTTAYAM

യിൽ എപ്പോഴും പാതിരാവാണ്. ഒച്ചയും അനക്കവും തീരെ ഇല്ലാത്ത കൂട്ടത്തിലാണ്. ഇടക്കമാത്രം ഉണ്ടാകാറുള്ള ശബ്ദങ്ങൾ അവനെ ഞെട്ടിപ്പിക്കുന്നു. ഭീകരമായ നിശ്ശബ്ദതയിൽ അങ്ങിനെ നില്ക്കുമ്പോൾ ഓർമ്മവന്നു. ഓതണം! ബാപ്പ കാട്ടിലേക്കു പോകുന്നതുവരെ ഓതണം!

പള്ളിമുറിയിലേക്കുനടന്നു. പള്ളിമുറിയിൽ ഇപ്പോഴും നിറയെ ഇരുട്ടായിരിക്കും! ഇരുട്ടിലേക്കു നടക്കാൻ മടിതോന്നി.

പള്ളിമുറിയുടെ വാതില്ക്കലെത്തി ഉള്ളിലേക്കു നോക്കിയപ്പോൾ —

അവൻ ഞെട്ടി വിറച്ചുപോയി.

തലയിണയിൽ നിവർത്തിവെച്ച മുസ്ഹഫിലേക്കു തലയിട്ട് നേർച്ചക്കൊറ്റൻ നില്ക്കുന്നു!

വിറകയറുകയാണ്. ദേഹം മുഴുവൻ കിടുകിടുപ്പാണ്. കണ്ണുകൾക്കു മുമ്പിൽ പുകപരക്കുന്നതുപോലെ തോന്നി. അനങ്ങാനും ശബ്ദിക്കാനും വയ്യ. ആകെ നോവുന്നു; വേവുന്നു . ........

“ഹിന്റെ റബ്ബേ!”

കാലിടറുന്നു. കണ്ണുകൾ നിറയുന്നു. ഇപ്പോൾ വീഴും, ഇപ്പോൾ............

എന്ത്? എന്താണിത്? ഈ........

“ഫോ, ആ.......ആ.......ടേ”

തിരക്കിമാറ്റിയിട്ട്, മണികിലുക്കിക്കൊണ്ടു നേർച്ചക്കൊറ്റൻ ഓടിപ്പോയി.

മുറിയിലേക്കു കടന്നു.

ചതിച്ചു!

‘റബ്ബേ!’

മുസഹ്ഫിൻെറ ഏട്ടുകളിൽ ഒരു ഭാഗം തിന്നു തീൎത്തിരിയ്ക്കുന്നു!

ഞരമ്പുകളെല്ലാം തളൎന്നുപോയി. തലയിണയിൽ നിവൎന്നുകിടക്കുന്ന മുസഹ്ഫിലേക്കു് കണ്ണുനീർ ഇററി വീഴുകയാണു്. നേൎച്ചക്കൊററൻ തിന്നഭാഗങ്ങളിലെ ശൂന്യത അവനെ പരവശനാക്കുകയാണു്. അവനു വയ്യ. തീരെ വയ്യ. ആരുണ്ടു് പിടിക്കാൻ! ആരെങ്കിലും അവനെ ഒന്നു താങ്ങിയിരുന്നെങ്കിൽ!

ആരുമില്ലേ?

"ൻെറ ഉമ്മാ! ഇന്നെ ചതിച്ചു!"

പായയിലേയ്ക്കു കുഴഞ്ഞു വീണു. മുസഹ്ഫിൽ മുഖമമൎത്തി തേങ്ങിത്തേങ്ങിക്കരഞ്ഞു.

"ഇന്നെ കൊല്ലും ഉമ്മാ! കൊല്ലും"

ആരും കേൾക്കുന്നില്ല. ആരുണ്ടു് കേൾക്കാൻ? അല്ലെങ്കിൽ— ആരും അവൻെറ ദുഃഖം അറിയാതിരിക്കട്ടെ. പടച്ചവൻ ഉണ്ടല്ലൊ! ആ സൎവ്വശക്തൻ അറിയാതിരിക്കില്ല.........

ആടു് തിന്നതിൻെറ അവശിഷ്ടങ്ങൾ കണ്ണീരിൽ കുതിരുകയാണു്. കുതിരട്ടെ........

"റബ്ബീ! കാണ്ണ്ല്ലേ ഇതു്?"

കണ്ണീരിൽ കുതിൎന്ന നിമിഷങ്ങൾ അരിച്ചു നീങ്ങുകയാണു്.

കുറേ കരഞ്ഞു. അപ്പോൾ, പതുക്കെ പതുക്കെ, ഒരു ശക്തിവിശേഷത്തെക്കുറിച്ചുള്ള ബോധം അവൻെറ മനസ്സിൽ കുളുൎമ്മ പൂശുകയായിരുന്നു.

പടച്ചവനോടു പ്രാൎത്ഥിക്കാം!

റബ്ബീ! കാത്തുരക്ഷിക്കണേ........

പൊള്ളുന്ന മനസ്സോടെ അനവധിനേരം പ്രാൎത്ഥിച്ചു. റബ്ബ് ഈ പ്രാൎത്ഥന കേൾക്കുന്നുണ്ട്; ഈ പ്രാൎത്ഥ 'ഖബൂൽ' ചെയ്യാതിരിക്കില്ല എന്ന വിശ്വാസത്തോടെ അവൻ എഴുന്നേററു.

കാൽപെട്ടി തുറന്നു് പഴയ മുസഹഫ് പുറത്തെടുത്തു.

പഴകിയ മണം!

ആ പഴയ മുസഹഫ് ഉറയിലാക്കി കെട്ടി.

തലയണയിൽ വെച്ചിരുന്ന മുസഹഫ് എടുത്തു പെട്ടിയുടെ മൂലയിൽ ഏററവും അടിയിൽ വെച്ചു തൊട്ടുമുത്തി. കൈകൾ രണ്ടും പകുതി ഉയൎത്തി 'ഖിബിലാ'യ്ക്കു് മുന്നിട്ടുനിന്നു് ദീൎഘനേരം പ്രാൎത്ഥിച്ചു. 'എന്നിട്ടു് രണ്ടു 'റക്കാഅത്ത്'' കൂടി നിസ്കരിച്ചു.

നിസ്കരിച്ച പായയിലിരുന്നു് വീണ്ടും പ്രാൎത്ഥിച്ചു.

റബ്ബുൽ ആലമീനായ തമ്പുരാൻ കൈവെടിയുകയില്ല.

നേച്ച്ക്കൊററൻെറ മണിക്കിലുക്കം ഓൎമ്മയിൽ മുഴങ്ങുകയായിരുന്നു........

പള്ളിമുറിയിൽനിന്നും പുറത്തുവന്നപ്പോൾ, നേച്ച്ക്കൊററനെ പഴം തീററിക്കൊണ്ടു് ബാപ്പ നില്ക്കുന്നു. കാട്ടിലേക്കു പോകാനുള്ള ഒരുക്കത്തോടെ 'മാമത്'ക്ക പുറത്തേക്കു വന്നു.

അവൻ അടുക്കളിയിലേക്കു നടന്നു. ബാപ്പയും മാമത്'ക്കയും കാട്ടിലേക്കുപോയാൽ അവന്നു ഓതാൻ പോകാം.

കല്ലുരലിന്മേൽ ഉമ്മ എന്തോ ഓത്തുകൊണ്ടിരിയ്ക്കുന്നു.

എന്തായിരിയ്ക്കും ഉമ്മ വേദനയോടെ ആലോചിക്കുന്നതു്? കരയാൻ ഭാവിക്കുകയാണെന്നുതോന്നും മുഖത്തുനോക്കിയാൽ. തീക്കായുകയാണെന്ന മട്ടിൽ അവൻ അടുപ്പിന്നരികിൽ ഇരുന്നു. ചുമന്നുജ്വലിയ്ക്കുന്ന തീക്കനലുകളിൽ കണ്ണു നട്ടപ്പോൾ നിറഞ്ഞുപോയി. മുസഹഫിൻെറ ചുമന്ന ചട്ടയും അക്ഷരങ്ങളും കനലുകളിൽ തെളിയുകയാണ്. മുഖം വല്ലാതെ പൊള്ളുന്നു.

തണുപ്പുണ്ടെങ്കിലും ഈ ചൂടു സഹിക്കാൻ വയ്യ.

എഴുന്നേല്ക്കുമ്പോൾ മനസ്സു തേടുകയായിരുന്നു: റബ്ബീ! കൈവെടിയരുതേ!

“രായിൻകുട്ട്യേ! ഇജ്ജ് ഓതാമ്പോണില്ലേ?”

“പോണുമ്മാ”

“എന്ത്‌നാണ്ടാ കരേണ്?”

ഓ. കണ്ടു. കണ്ണുകൾ നിറഞ്ഞിരിക്കുന്നതു് ഉമ്മ കണ്ടു. എന്തു പറയും? ‘അടുപ്പിലെ പൊകതട്ടി’ എന്നു പറയാം.

“ബെഗം പൊയിക്കൊ മോനേ, ഓതാൻ”

അവൻ പുറത്തേക്കു പോന്നു. ബാപ്പയും മാമതുക്കയും പോയിരിക്കുന്നു. ചവിട്ടുപടികളിറങ്ങി നേച്ച്‌ക്കൊററൻ എങ്ങോട്ടാണ് പോകുന്നതു്? കമ്പനിക്കടയിലെ പഴത്തൊലികൾ തിന്നാനായിരിക്കും.

പഴത്തൊലി എന്നു ധരിച്ചാണോ നേച്ച്‌ക്കൊററൻ മുസഹഫിൻെറ ഏടുകൾ തിന്നതു്?

ആവില്ല............

അത് നേച്ച്കൊററനല്ല വാസ്തവത്തിൽ. ഇബ്വി ലീസാണ്; ഇബ്വിലീസ്. ഇബ്വിലീസ് ചത്തുപോയെങ്കിൽ!

പാതിരാസ്ക്ക് പള്ളിമുറിയിൽനിന്നും എഴുന്നേററു ചെന്നു കവാത്ത് കത്തിയെടുത്ത് വയററത്ത് ഒരു കൊത്തുകൊടുത്താലോ—!

ഇന്നലെ ഇതു തോന്നിയിരുന്നെങ്കിൽ ഇങ്ങിനെ വേദനപ്പെടേണ്ടി വരുമായിരുന്നോ——!

ഒരു ദിവസം അവനെ വിളിക്കും എന്നിട്ടുപറയും:

"മുസഹഫ് കൊണ്ടുവാടാ"

കരയുന്ന മനസ്സുതേടി:

"റബ്വീ! തുണയ്ക്കണേ! സർവ്വശക്തനായ നീയ്യല്ലാതെ മററാരുണ്ടൊരു തുണ—കിറ്ഫ ചെയ്യണേ........

അഞ്ചുനേരവും നിസ്കരിച്ചുകഴിഞ്ഞ് പായയിലിരുന്നു പ്രാർത്ഥിച്ചു. നടക്കുമ്പോഴും, ഇരിക്കുമ്പോഴും, 'വുസു' എടുക്കുമ്പോഴും, കഞ്ഞികുടിക്കുമ്പോഴും, ബാപ്പായേയും നേച്ച്ക്കൊററനേയും കാണുമ്പോഴും ഉള്ളുരുകി പ്രാർത്ഥിച്ചു.

"യാ റബ്വുൽ ആലമീൻ! കാത്ത് കിറ്ഫ ചെയ്യണേ!"

എപ്പോഴും കണ്ണിൽ വെള്ളം നിറയുന്നു. ആരും അതു കാണരുത്. ഉമ്മ എങ്ങിനെയെങ്കിലും കാണും.

"ഞമ്മടെ ബിതിയാണ് മോനേ ഇത്."

"എന്തേ ഉമ്മാ?"

മറുപടിയില്ല. ഉമ്മ അറിഞ്ഞിരിക്കുമോ? പുതിയ മുസഹഫിനെക്കുറിച്ച് ഉമ്മ എല്ലാം മനസ്സിലാ

ക്കിയിരിയ്ക്കുമോ..?

വേദനയും പ്രാത്ഥനയുമായി സമയം നീങ്ങിക്കൊണ്ടിരുന്നു........

II

ഓതാൻ പോകാനല്ല ഒരുക്കത്തോടെ പള്ളിമുറിയിൽനിന്നും പുറത്തുകടന്നപ്പോറം ബാപ്പ വിളിച്ചു.

"രായിൽകുട്ട്യേ!"

പാടിയുടെ മോന്തായത്തിൽ കിരുകിരുപ്പുണ്ടായെന്നുതോന്നി.

ഉറയിലുള്ള മുസഹഫ് കക്ഷത്തിൽ ഇറുക്കിപ്പിടിച്ച് പതറുന്ന കാൽവെപ്പുകളോടെ ചെന്നു.

"മുസഹഫ് നോക്കട്ടെടാ"

അവൻ പകച്ചുനിന്നു. പള്ളിമുറിയുടെ മൂലയിലിരിക്കുന്ന ചൂരലിനെക്കുറിച്ചും, കവാത്തു്കത്തിയെക്കുറിച്ചും ഓത്തുപോയി. മാമത്ക്ക പുറത്തേക്കുവന്നു. അവൻ വേദനിക്കുന്നതു് കാണുമ്പോറം പൊള്ളക്കണ്ണന്നു് ചിരിവരുന്നുണ്ടെന്നു തോന്നുന്നു.

പതുക്കെ മുസഹഫ് പുറത്തെടുക്കുകയായിരുന്നു.

ഒരലർച്ച: "പുതീത് എബടേ ടാ?"

തളരുകയാണ്. മരിയ്ക്കാൻ ഒരുങ്ങുകയാണെന്നു തോന്നി. മരണത്തിൻെറ മുന്നിൽനിന്നുകൊണ്ടെന്നപോലെ പതുക്കെ കണ്ണുകളുയർത്തി ആ വലിയ മുഖത്തേക്കുനോക്കി. രോമങ്ങറംക്കിടയിലുള്ള കണ്ണുകളിൽ കോപം മുററിനില്ക്കുന്നു. 'മുസഹഫ് ആട്ട് നാസാക്കി' എന്നു പറഞ്ഞാലോ!

വയ്യ. ഒന്നും പറയാൻ കഴിയുന്നില്ല.

"എന്താണ്ടാ മുയിച്ചിനിക്ക്ണ്? പ്രത്യേ മുസ്ഹഫ് എവടേ?"

പേടികൊണ്ട് മനസ്സവിീത്തുവരികയാണ്. വാതില്ലുലേക്ക നോക്കിനിന്നു. മറവിൽ ഉമ്മ നില്ക്കുന്നുണ്ടോ? ഉണ്ടാവും. നിന്നുകരയുകയായിരിക്കും.

അവൻ പറഞ്ഞു.

"പെട്ടീലിണ്ട്........"

"ന്നാ ഇങ്ങട്ടെട്ക്കെടാ. ബേഗം എട്ക്ക്"

പള്ളിമുറിയിലേക്ക നടന്നു. ആരോ തേങ്ങിക്കരഞ്ഞതുപോലെ തോന്നി. ആരായിരിക്കും? ഉമ്മയായിരിക്കുമോ-?

അകത്തുകടന്നപ്പോഠം മനസ്സ വല്ലാതെ വിങ്ങി. അവൻ നിന്നു തേങ്ങിക്കരഞ്ഞു.

"റബ്ബേ! ഇന്നെ സഗായിക്ക്ല്ലേ-?"

കുറെ നേരം പ്രാത്ഥിച്ചു.

"രായിൻകുട്ട്യേ!"

ആകെയിട്ടു കുലുക്കുകയാണ് ആ ശബ്ദം. തേങ്ങിക്കരച്ചിൽ പെട്ടെന്നു നിറുത്തി. കാൽപെട്ടിയെ സമീപിച്ചു വിറയ്ക്കുന്ന കൈകളോടെ പലകപൊന്തിച്ചുവെച്ചു ഒന്നുകൂടി പ്രാത്ഥിച്ചു.

"റബ്ബുൽ ആലമീനായ തമ്പുരാനേ!

പെട്ടിയുടെ അടിയിലേക്ക കൈകഠം ചലിച്ചു....

മുസഹഫ് പുറത്തെടുത്തു........

........ഒരു പുതിയ ഒളിതോന്നി!

ഒരു തിളക്കം!!

ആവേശത്തോടെ തുറന്നുനോക്കി. എന്തു്? എന്താണീ കാണുന്നതു്?

പുത്തൻ മുസഹഫിൻെറ കേട്ടുതീൎന്നിരിക്കുന്നു!

വീണ്ടുംവീണ്ടും മറിച്ചുനോക്കി. ഒരു കേടുമില്ലാത്ത ആ മുസഹഫ് അവൻെറ കണ്ണുകളിലേക്കു് ഒളിവീശുകയാണു്. അതിന്നു കൂടുതൽ ചന്തംതോന്നുന്നു.

മുസഹഫ് ആവേശത്തോടെ മണത്തുകൊണ്ടു് തെരുതെരെ മുത്തി. "ഹിൻെറ റബ്ബേ!"

'രായിൻകുട്ട്യേ! വീണ്ടും വിളി.

പേടിയില്ല. വിളിയ്ക്കട്ടെ. എത്രയെങ്കിലും വിളിക്കട്ടെ. ഒരു കൂസലുമില്ല. നിറഞ്ഞ മനസ്സോടെ അവൻ കേട്ടുകൊണ്ടുനില്ക്കും.

"ഇക്ക് സന്തോസിക്കാൻ ബയ്യാതാവുണു........"

സന്തോഷത്തിലും സങ്കടത്തെ തേടാൻ വെമ്പുന്ന മനസ്സിനെ ഒതുക്കാൻ എന്തു വിഷമമാണു്!

അവൻ പുറത്തേക്കു പോന്നു. മുസഹഫ് പിടിച്ച കൈകൾ വിറകൊള്ളുന്നു. എങ്കിലും അതു് താഴെ വിഴില്ലെന്നു ഉറപ്പുണ്ടു്

ബാപ്പ മുസഹഫ് വാങ്ങിനോക്കി. മുഖം ആറിത്തണുക്കുന്നതു് അവൻ നോക്കിനിന്നു. മാമത്ക്കയുടെ പൊള്ളക്കണ്ണുകളിലേക്കും അവൻ നോക്കി

'നോക്കീം ഇതാ പുത്തൻ മുസഹഫ്, നോക്കീം' എന്നു വിളിച്ചുപറയണമെന്നുതോന്നി

ബാപ്പ പറഞ്ഞു:

'പയേത് പെട്ടീല്‌വെച്ച് ഇത്‌ല് നോക്കിഓത്'

പുതിയ മുസഹഫ് ഉറയിലാക്കി ചരടുകൊണ്ടു കെട്ടി ബാപ്പ അവൻെറ കയ്യിൽ കൊടുത്തു.

പഴയ മുസഹഫ് കാൽപെട്ടിയിൽ വെച്ച് നിവ റ്റാനിന്നു് അവൻ ആലോചിച്ചു. പടച്ചവനു എങ്ങിനെ നന്ദിപറയും—? അവൻെറ പ്രാത്ഥന 'ഖബൂൽ' ചെയ്ത രക്ഷിതാവിന്നുവേണ്ടി—

അവൻ നിസ്കരിച്ചു.

അഞ്ചുനേരവും കൂടുതൽ 'റക്കാഅത്ത്' നിസ്കരിച്ചു.

കരിമ്പാലം കടന്നു് ഓതാൻ പോകുമ്പോഠം പേടിയില്ലാതായിരിക്കുന്നു. സന്ധ്യമയങ്ങുമ്പോഠം തിരിച്ചു വരുന്നതും ധൈയ്യസമേതമാണ്. കുറുക്കിറങ്ങുമ്പോഠം വഴക്കിവീഴുന്നില്ല. ആരേയും പേടിയില്ല.... ആരേയും....

ഉണ്ട്........ഒരുവനെമാത്രം..................

'റബ്ബുൽ ആലമീനായ തമ്പുരാൻ കാത്തുരക്ഷിച്ചു'

സമാധാനത്തിൻെറ ഉറവകഠം വേദനയുടെ പുറവുകളിൽ കുളമ്പുപൂശുകയാണ്.

ഉമ്മായുടെ വേദന നിഴലിക്കുന്ന മുഖത്തിന്നുതാഴെ നില്ക്കുമ്പോഠം മാത്രം മനസ്സ് പിടയ്ക്കുകയാണ്. ഉമ്മായുടെ ഈ സങ്കടം തീരില്ലേ—?

അപ്പോഠം ബീവിയെ ഓത്തുപോകുന്നു........

വെള്ളപ്പിടക്കോഴി............

നേച്ചക്കൊററൻ...........

## III

വെള്ളപ്പിടക്കോഴിയെ അറുത്തു. മാമത്ക്കയാണ് അറുത്തത്. മാമത്ക്ക പറഞ്ഞതനുസരിച്ച് അവൻ ചിറകുകളും കാലുകളും ഒതുക്കിപ്പിടിച്ചുകൊടുത്തു.

പാടിയിൽ ഒരു പൊട്ടിത്തെറിയുണ്ടായി.

പിടക്കോഴിയെ അറുത്തതിന്നു് ബാപ്പ മാമത്ക്കായെ അടിച്ചു. വേവുന്ന കോഴിയിറച്ചിയുടെ മണം ആസ്വദിച്ചുകൊണ്ടു അടുക്കളയിൽ ഇരിക്കുകയായിരുന്നു മാമത്ക്ക. ബാപ്പ വിളിച്ചു.

ഒരലർച്ചയായിരുന്നു!

മാമത്ക്ക ചെന്നി തുടക്കുന്നതാണവൻ കണ്ടതു്.

മുററത്തെ ഇരുട്ടിൽ ആളുകൾ കൂടിനിൽപുണ്ടു്. ബീവിയുണ്ടോ ആ കൂട്ടത്തിൽ? ഉണ്ടെന്നാണ് രായിൻകുട്ടിക്കു തോന്നിയതു്. ബീവി ഒരുപക്ഷെ-ചിരിക്കുകയായിരിക്കും.

'ഇൻെറ അനുവാദംകൂടാതെ അറക്കേ്?'

മാമത്ക്ക അടുക്കളയിലേക്കു നടന്നു. അവിടെ നിന്നാൽ ബാപ്പായുടെ കോപം വദ്ധിക്കുകയേയുള്ളൂ.

രായിൻകുട്ടി അടുക്കളയിലേക്കു ചെന്നപ്പോൾ മാമത്ക്ക കല്ലുരലിന്മേൽ ഇരുന്നുകൊണ്ടു് പറയുകയാണ്:

'അബെളു് കൊടുത്ത കോയിനെ അറത്തോണ്ടാ ഈ ദേസ്യം'

ഉമ്മ സമാധാനിപ്പിക്കുകയാണ്:

'മുണ്ടാണ്ടിരിക്ക്ൻെറ മാമതേ ഇജ്ജ്'

'എന്തിനു മുണ്ടാണ്ടിരിക്ക്ണു? ഞാൻ മരിച്ചോണ്ടു് ഇത്താത്താ! മരിച്ചോണ്ടു്'

'ഇൻെറ പൊന്നു മാമതേ ഇജ്ജെജാന്നു്—'

'ഇന്നു് അബെൾടെ കോയീനെ ഞാൻ അറുത്തു. നാളെ അബെളെ ഈ പാടീന്നു ഞാൻ എറക്കും.

രായിൻകുട്ടിക്കു പേടിതോന്നി. എന്തു കനമാണ് മാമത്ക്കായുടെ വാക്കുകൾക്കു്! പറഞ്ഞതുപോലെ പ്രവത്തിക്കുമോ—?

അവൻ അമ്പരന്നു് ഉമ്മായുടെ മുഖത്തേക്കുനോക്കി. ഉമ്മ നെഞ്ചിൽ കൈവെച്ചുകൊണ്ടു് മാമത്ക്കായെ അതിൽനിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുമെന്നാണ് അവൻ കരുതിയത്. ഉമ്മ പറയുകയാണ്:

“രായിൻകുട്ട്യേ! ഇജ്ജ് ചോറുബെയിച്ച് പോയികെടന്നാ”

ചോറിന്നു മുമ്പിലിരുന്നപ്പോൾ ഉമ്മ ഇറച്ചിയും വിളമ്പി. വെള്ളപ്പിടക്കോഴിയുടെ ഇറച്ചിയല്ലേ—? വെള്ളപ്പിടക്കോഴിയെ ബീവി തന്നതാണെന്നല്ലേ മാമത്ക്ക പറഞ്ഞത്! വേണ്ട. അത് വേണ്ട........

ഇറച്ചി അവൻ കൂട്ടിയില്ല.

പുതിയ മുസഹഫ് നിവത്തി മടിയിൽവെച്ച് പള്ളിമുറിയിലിരുന്നു് ഓതുമ്പോൾ അവൻ വിചാരിച്ചു. നാളെ എന്തെല്ലാം സംഭവിക്കും! ഒരു മടിയും കൂടാതെ മാമത്ക്ക ഒരുപക്ഷെ—അതു് ചെയ്തെന്നുവരും. ബീവിയെ പാടിയിൽനിന്നും ഇറക്കി അയക്കുന്നതിൽ അവനു സന്തോഷമെയുള്ളു. പക്ഷെ—ബാപ്പ!

ബാപ്പ മാമത്ക്കായെ കൊല്ലും!

കൊന്നാൽ—

തുടന്നു ചിന്തിച്ചില്ല. മാമത്ക്ക ബീവിയെ പാടിയിൽനിന്നും ഇറക്കി അയച്ചെങ്കിൽ എന്നാശിച്ചുകൊണ്ടാണ് ഉറങ്ങാൻ കിടന്നതു്.

പാത്രങ്ങളും പായക്കെട്ടുകളുമായി ബീവി ഒതുക്കുകളിറങ്ങിപ്പോകുന്നതു കാണാൻ രസമായിരിയ്ക്കും. മാമത്'ക്കായെ പിറാകിക്കൊണ്ടു്, മൂക്കുചീററി, കണ്ണീരൊലിപ്പിച്ചു് കമ്പനിക്കടെയുടെ ഉമ്മറത്തുനിന്നും ബസ്സുകയറും.

അതിന്നുമുമ്പു് മാമത്'ക്കായെ കണ്ടാൽ കാക്കിച്ചുതുപ്പും. പകരം അപ്പോൾതന്നെ വീട്ടണം. പോയാൽ പിന്നെ ഒരിക്കലും ബീവി ഈ പാടിയിൽ കയറുകയില്ലല്ലോ! അവസാനത്തെ പോക്കായിരിക്കും.......

നേരം പുലൎന്നു് എഴുന്നേററു പുറത്തു കടന്നപ്പോൾ, മരവിപ്പിക്കുന്ന തണുപ്പിൽ മാമത്'ക്ക ഉമ്മറത്തു് ഉലാത്തുന്നു. 'കൊളുന്തെ'ടുക്കാറായ ചായച്ചെടികൾ നിന്നു പുകയുന്നു. മഞ്ഞാണെന്നു് ആദ്യം തോന്നുകയില്ല.

ചായ്ച്ചെടികളെല്ലാം നനഞ്ഞിരിക്കുന്നു.

ബാപ്പ കിടക്കുന്ന കട്ടിലിൻെറ ചുവട്ടിൽനിന്നും മണിയൊച്ച കേൾക്കുന്നു. നേൎച്ചക്കൊററൻ അവിടെ കിടക്കുന്നുണ്ടാവും.

നിസ്കരിച്ചു. കഞ്ഞികുടിച്ചു. ഓതി.

വിശേഷിച്ചൊന്നും സംഭവിച്ചില്ല. ബീവിയുടെ പാടിയിൽനിന്നും വഴക്കുകേൾക്കുമെന്നാണു കരുതിയതു.

അവൻ മുല്ലക്കയുടെ അടുക്കലേക്കു ഓതാൻപോയി

അന്നു നിസ്കരിച്ച ശേഷമാണു് മടങ്ങിയതു്. മഴക്കാറു് തീരെ ഒഴിഞ്ഞിരിക്കുന്നു. പോക്കുവെയിൽ വെട്ടിത്തിളങ്ങുകയാണു്.

നല്ല സുഖംതോന്നി.

ബീവിയെ ഇറക്കി അയച്ചിരിക്കുമോ-?

മാമത്ക്ക അത് ചെയ്യും.

ചവോക്കുമരങ്ങളുടെ വിടവുകളിൽകൂടി വെയിൽ ഇറങ്ങിക്കളിക്കുകയാണ്. മിന്നുന്ന വെള്ളിത്തകിടുകൾ ഇറക്കിയിരിക്കയാണെന്നുതോന്നും. എന്തു ചന്തമാണ്!

താഴെ, കമ്പനിക്കടെയുടെ മുമ്പിൽ കുട്ടികൾ ഓടിച്ചാടികളിക്കുന്നതു് മരങ്ങളുടെ ഇടയിലൂടെ കാണാം. സ്കൂളിൻേറയും ആസ്പത്രിയുടേയും ചുമരുകൾ വെട്ടിത്തിളങ്ങുകയാണ്. വെട്ടുവഴിവക്കിൽ മഴവെള്ളം കുത്തിയൊഴുകാറുള്ള ചാലുകളിൽ മണൽത്തരികൾ കിടന്നു ചിരിക്കുന്നു.

കുറുക്കിറങ്ങേണ്ടുന്ന ദിക്കിലെത്തിയപ്പോഴാണു കണ്ടത്. വഴിവക്കിലെ പുല്ലിൽ ഒരാൾ കുനിഞ്ഞിരിക്കുന്നു. അരികിൽ ഒരു തുണിക്കിഴിയുമുണ്ടു്. ആരായിരിക്കും അതു്? തല കീഴ്പ്പോട്ടിട്ടിരുന്നു് കരയുകയാണെന്നുതോന്നും.

കുതിച്ചുചെന്നു. അടുത്തെത്തിയപ്പോൾ അറിയാതെ പറഞ്ഞുപോയി.

"മാമത്ക്ക—"

മാമത്ക്ക തലയുയർത്തിനോക്കി. പൊള്ളക്കണ്ണുകളിൽ കുസൃതിച്ചിരിയില്ല. അവനെ ഒന്നു നോക്കിയിട്ടു് വീണ്ടും തലതാഴ്ത്തി.

"മാമത്ക്കാ!"

മറുപടിയില്ല. അവൻ ചോദിച്ചു.

"എന്തേ മാമത്ക്കാ?"

വീണ്ടും മുഖമുയർത്തി. കുറെനേരം അവൻെറ മുഖത്തേക്കുതന്നെ നോക്കിയിട്ടു് മാമത്ക്ക പറഞ്ഞു:

"ബീവിനെ ഞാൻ എറക്കി മോനെ. അബളുടെ സാമാനങ്ങളൊക്കെ എടുത്തു് ഞാൻ ബലിച്ചെറിഞ്ഞു. അബള്-അബ-ള്..........."

മാമത്ക്ക കരയുകയാണോ?

"മാമത്ക്കാ!"

"അബള് അൻെറ ബാപ്പാനെ ആളയച്ചുവരുത്തി ബാപ്പ-ബാപ്പ ഇന്നെ ആട്ടിപ്പൊറത്താക്കി" മോനെ ആട്ടിപ്പൊറത്താക്കി.

മാമത്ക്ക കരയുന്നു! അവൻെറ മനസ്സു വിങ്ങുകയാണു്. മാമത്ക്കയുടെ കരച്ചിൽ കേട്ടുകൊണ്ടുമിഴിച്ചുനിന്നു. മാമത്ക്ക അരികെ വെച്ചിരിക്കുന്ന തുണിക്കിഴിയിലേക്കു നോക്കിനിന്നു് അവൻ വിചാരിച്ചു.

വെള്ളപ്പിടക്കോഴിയെ അറുത്തതിന്നു് മാമത്ക്ക ഇന്നലെ അടികൊണ്ടു.

ബീവിയെ പാടിയിൽനിന്നും ഇറക്കിയതിന്നു-മാമത്ക്ക അവനോടു പറഞ്ഞു.

"മാമത്ക്ക പൊഗ്ഗ്ാണു് മോനേ!"

ഒരു തേങ്ങലോടെയാണു് വിളിച്ചതു: 'മാമത്ക്കാ!'

"മാമത്ക്കാനെ മറക്കര്ത് മോനേ! മറക്കോ?"

"ഇല്ല മാമത്ക്കാ.........."

മാമത്ക്ക തുണിക്കിഴിയെടുക്കുന്നു.

“മോനു് ഒരു സാധനം കാണണോ?”

എന്തായിരിക്കും അതിൽ? രായിൻകുട്ടിയുടെ ഹൃദയം തുടിച്ചുകൊണ്ടിരുന്നു. മാമത്ക്ക ആ തുണിക്കിഴി സാവധാനം അഴിച്ചു മാററി. അവൻ ഒന്നേനോക്കിയുള്ളൂ.

ഞെട്ടി വിറച്ചുപോയി! ആ മുസഹഫ്!

എന്താണവനീ കാണുന്നതു്? ആട്ടതിന്നു് കേടുവരുത്തിയ മുസഹഫ്! ഒരു ഭാഗത്തെ ഏടുകളില്ല. പുലർന്നിട്ടും പ്രകാശം കടക്കാത്ത പള്ളിമുറിയിൽ കടന്നു നേച്ചക്കൊററൻ തിന്നു കേടുവരുത്തിയ മുസഹഫ്....

........മാമത്ക്കായുടെ തുണിക്കിഴിയിൽ!

അവൻെറ കക്ഷത്തിൽ മറെറാരു പുത്തൻ മുസഹഫ്....

അവൻെറ കണ്ണുകൾ നിറഞ്ഞു തുളമ്പി. മാമത്ക്ക അവൻെറ മുഖത്തേക്കു നോക്കുകയാണു്. മാമത്ക്കായുടെ പൊള്ളക്കണ്ണുകളിൽ ആ കുസൃതിച്ചിരി ഒളിച്ചുകളിക്കുന്നുണ്ടെന്നു തോന്നി.

അവൻ തേങ്ങിത്തേങ്ങി വിളിച്ചു:

“മാമത്ക്കാ—”

മാമത്ക്ക ചിരിച്ചു. ആ ചിരി ഒരു പുതിയ ചിരിയായിരുന്നു. അങ്ങിനെ മാമത്ക്ക ചിരിക്കുന്നതു് ഇതിന്നു മുമ്പു കണ്ടിട്ടില്ല.

“സാരല്ല. പൊയിക്കൊ മോനേ. നേരംപോണു”

“മാമത്ക്കാ!”

“മാമത്ക്കാനെ മറക്കാഞ്ഞാ മതി. പൊയിക്കൊ മോനേ!”

മാമത്ക്ക എഴുന്നേല്ക്കുകയാണ്. നേച്ച്‌ക്കൊററൻ കേട്ടവരുത്തിയ മുസഹഫ് പൊതിഞ്ഞ തുണിക്കിഴിയു മെടുത്ത് മാമത്ക്ക പതുക്കെ നടന്നകലുകയാണ്. തിരി ഞ്ഞുതിരിഞ്ഞു് കയറുന്ന പാതയിലൂടെ മാമത്ക്ക ഉയ ന്നകന്നുപോകുന്നു.

നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ. രായിൻകുട്ടി അ ത്നോക്കിനിന്നു. എന്നിട്ട് സാവധാനത്തിൽ കുറ ക്കിറങ്ങിനടന്നു.

പിടയുന്ന മനസ്സുമായി ഇറങ്ങിപ്പോകുമ്പോറം അ വൻ ഓക്കുകയായിരുന്നു: കരിമ്പാലത്തിന്നരികിലെ ചാലിലിറങ്ങി അവൻ മീൻപിടിച്ചതു്. മാമത്ക്ക യാണ് അന്നവന്നു് അവയെ മനസ്സിലാക്കിക്കൊടു ത്തതു്.

അവ തവളക്കുഞ്ഞുങ്ങളായിരുന്നു!

കുഞ്ഞോളങ്ങറം സൃഷ്ടിച്ചുകൊണ്ടു് അവളപ്പോഴും കളിക്കുകയായിരിക്കുമോ_?

ഇരുറം മുററിനില്ക്കുന്ന വട്ടത്താടി ഓമ്മയിൽവന്നു....

ഒരു ഭാഗത്തെ ഏടുകറം നഷ്ടപ്പെട്ട മുസഹഫും.

നേച്ച്‌ക്കൊററൻ നടക്കുമ്പോഴുണ്ടാകുന്ന മണി യൊച്ച ചെവിയിൽ മുഴങ്ങുകയാണ്.

പുത്തൻ മുസഹഫ് കക്ഷത്തിൽ ഒന്നുകൂടി ഇറു ക്കിപ്പിടിച്ചു.

ഇനി.......ഇനി അവന്നു്.......ആരാണുള്ളത്_?

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No. MF9 Acc. No. 39408

This book should be returned on or before the date last stamped below.

22 DEC 1996

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9

Moh-C

39408

മുഹമ്മദ് മാന്നി. കെ. എ.

ഓങ്ങുത്തിയചിരി.